# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 11 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഫെബ്രുവരി 2012

## ഗ്രാമയാത്ര
### ആവേശകരമായ തുടക്കം



'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**





പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്



# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 ഗ്രാമയാത്രയ്ക്ക് നിറവാർന്ന തുടക്കം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

10 ഒരു അന്വേഷണയാത്ര
അജിത് വെണ്ണിയൂർ



12 ഗ്രാമയാത്ര:
മുന്നൊരുക്ക പ്രവർത്തനങ്ങൾ
കെ.സി. ജോസഫ്



14 വീടുകളിലെ മാലിന്യങ്ങൾ
എങ്ങനെ സമ്പത്താക്കാം
എം. ദിലീപ്കുമാർ

18 മാലിന്യ സംസ്കരണം:
കേരളം നേരിടുന്ന പ്രശ്നങ്ങൾ
ബോബൻ തോമസ്

21 സ്വാശ്രയ ശുചിത്വകേരളം:
സുകൃതപുരം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



22 2012 അന്താരാഷ്ട്ര സഹകരണവർഷം
എഴുമാവിൽ രവീന്ദ്രനാഥ്



ഫെബ്രുവരി 19
**ബൽവന്ത് റായ് മേത്ത ദിനം**



26 വിഷ വിമുക്തമായ
ഭക്ഷ്യവസ്തുക്കളിലൂടെ
ആരോഗ്യമുള്ള സമൂഹം
വിജയശ്രീ വി,
ഡോ. തോമസ് ബിജു മാത്യു

28 രാജീവ് ഗാന്ധി സേവാകേന്ദ്ര
നിർമ്മാണം
മാർഗ്ഗനിർദ്ദേശങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

32 പഞ്ചായത്ത് അക്കൗണ്ട്:
സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്



35 ഗ്രാമലക്ഷ്മി മുദ്രാലയം: കല്ലിയൂർ
യൂണിറ്റ് പ്രവർത്തനമാരംഭിച്ചു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

36 കുടുംബശ്രീ ഭരണസമിതികൾ
ചുമതലയേറ്റു
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



38 തേഞ്ഞുമാഞ്ഞു പോകുന്ന
മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര



40 ജലസമൃദ്ധിയുടെ നാളുകളിൽ
സംരക്ഷണം
വി.കെ. ശ്രീധരൻ

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ



## മാലിന്യ സംസ്കരണം – ഒത്തൊരുമയോടെ പ്രവർത്തിക്കണം

മാലിന്യ സംസ്ക്കരണം ദുഷ്ക്കരമായിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഖര-മാലിന്യ നിർമ്മാർജ്ജനത്തെപ്പറ്റിയും അതിന്റെ വിവിധ വശങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്ന ലേഖനങ്ങളുൾപ്പെടുത്തിയ ജനുവരി ലക്കം പഞ്ചായത്ത് രാജ് മാസിക സമയോചിതമായി. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിച്ചാലും അവ പൂർണ്ണമാകുകയില്ല. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ അവരുടേതായ ഉത്തരവാദിത്വം പാലിക്കണം. മാലിന്യ പരിപാലനത്തിന് ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും അവ കർശനമായി പാലിക്കുന്നില്ലായെന്നതാണ് സത്യം. ഒരു പ്രശ്നമുണ്ടാകുമ്പോൾ മാത്രം നിയമവ്യവസ്ഥയുമായി ഇറങ്ങുന്നതിൽ കാര്യമില്ല. പൊതുസ്ഥലങ്ങളിലെ പുകവലി ആദ്യം കർശനമായി നിരോധിച്ചുവെങ്കിലും വീണ്ടും അതു ചെറിയ തോതിലെങ്കിലും തുടരുന്നതായി കാണാം. മാലിന്യപരിപാലനത്തിന് പൊതുജനസഹകരണവും അധികൃതരിൽ നിന്നും നിയമപരിപാലനത്തിന് കൃത്യതയുണ്ടാവുകയും വേണം. മാതൃകാപരമായ ഒരു മാലിന്യ സംസ്കരണ യൂണിറ്റ് പ്രവർത്തിപ്പിച്ച് ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിച്ചും ബോധവൽക്കരണവും കൊണ്ട് മാത്രമേ ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കൈവരിക്കാനാവൂ. അതിനായി ഒത്തൊരുമയോടെ പ്രവർത്തിക്കാം.

**രഘുനന്ദനൻ ആർ,** ശ്രീകണ്ഠപുരം, കണ്ണൂർ

## പഞ്ചായത്ത് ദിനം ഏപ്രിൽ 24ന്

**73-ാം ഭരണഘടനാ ഭേദഗതി നിലവിൽ വന്ന ദിനമായ ഏപ്രിൽ 24-ാം തീയതി, ഈ വർഷം മുതൽ സംസ്ഥാനത്ത് പഞ്ചായത്ത് ദിനമായി ആചരിക്കുന്നതിനും ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 ബൽവന്ത് റായ് മേത്ത ദിനമായി ആചരിക്കുവാനും തീരുമാനിച്ച് സർക്കാർ ഉത്തരവായി. ബൽവന്ത് റായ് മേത്ത ദിനമായി ആചരിക്കേണ്ട ഫെബ്രുവരി 19ന് ത്രിതല പഞ്ചായത്തുകൾ പഞ്ചായത്തുതല സമ്മേളനങ്ങൾ നടത്തേണ്ടതും പഞ്ചായത്ത് ശാക്തീകരണ ചർച്ചകൾ സംഘടിപ്പിക്കേണ്ടതുമാണ്. (ജി.ഒ(എം.എസ്)നം.34/2012/തസ്വഭവ, തീയതി 14.2.2012).**

## ഗ്രാമയാത്ര: ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി

ഗ്രാമയാത്രയുടെ ഭാഗമായി 134 ഗ്രാമപഞ്ചായത്തുകളിൽ ചേരുന്ന വിശേഷാൽ ഗ്രാമസഭകളുടെ സംഘാടന പ്രവർത്തികൾക്കാവശ്യമായ ഫണ്ട്, പ്രസ്തുത ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 25,000/-(ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ വീതവും പ്രസ്തുത പഞ്ചായത്തുകളുൾപ്പെടുന്ന നിയമസഭാ നിയോജകമണ്ഡലത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി വിശേഷാൽ ഗ്രാമസഭ സ്വാഗതസംഘത്തിന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(സാധാരണ)നം.306/2012/തസ്വഭവ, തീയതി 30.1.2012).

## ജനനസർട്ടിഫിക്കറ്റിലെ പേര് സ്ക്കൂൾ രേഖ പ്രകാരം തിരുത്താം

ജനനസർട്ടിഫിക്കറ്റിലെ പേര് സ്ക്കൂൾരേഖ പ്രകാരം തിരുത്തുന്നതിന് അനുമതി നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. 21-01-2010 ലെ 68413/ആർ.ഡി.3/10/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്ക്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിനുള്ള മാതാപിതാക്കളുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ 1-ാം ഖണ്ഡിക താഴെപറയും പ്രകാരം തിരുത്തി പുതിയ സർക്കുലർ പുറപ്പെടുവിച്ചു.

ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്ക്കൂളിൽ ചേർക്കുന്നതിനു മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), സ്ക്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്നശേഷം സ്ക്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. കുട്ടിയെ സ്ക്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്ന കേസുകളിൽ സ്ക്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതുപ്രകാരം തന്നെ പേരുചേർക്കേണ്ടതുമാണ്. (സർക്കുലർ നമ്പർ 35845/ആർ.ഡി.3/2011/തസ്വഭവ, തീയതി 01-02-2012)


# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2012
പുസ്തകം 51
ലക്കം 11
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ

**ജെയിംസ് വർഗ്ഗീസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**ഡയറക്ടർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്ററുടെ പേജ്

## വാർഷിക പദ്ധതി : ലക്ഷ്യം നേടാൻ ആത്മാർത്ഥമായി ശ്രമിക്കണം

പതിനൊന്നാം പഞ്ചവത്സര പദ്ധതി പടിയിറങ്ങുന്നതിന് ഇനി മാർച്ച് മാസം കൂടി മാത്രം. ഒപ്പം 2011-12 സാമ്പത്തിക വർഷാവസാനത്തിനും. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം പ്രതീക്ഷിച്ചതുപോലെ പുരോഗതി കൈവരിച്ചിട്ടില്ലായെന്നാണ് വിലയിരുത്തൽ.

തദ്ദേശഭരണസ്ഥാപനതലം മുതൽ സംസ്ഥാനതലംവരെയുള്ള പദ്ധതി അവലോകന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി കൊണ്ടുമാത്രമേ ലക്ഷ്യങ്ങൾക്കനുസൃതമായും സമയബന്ധിതമായും പദ്ധതി നിർവഹണം പൂർണ്ണമാക്കുന്നതിനു കഴിയൂ. അതിനായി നിലവിലുള്ള അവലോകന നടപടി സംവിധാനം സർക്കാർ പാടെ അഴിച്ചു പണിഞ്ഞിരിക്കുകയാണ്. അതുപ്രകാരം പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം എല്ലാ മാസവും ആറാമത് പ്രവൃത്തി ദിവസം സ്ഥാപന അദ്ധ്യക്ഷന്മാർ വിളിച്ചു ചേർക്കണം. പ്രസ്തുത യോഗത്തിൽ മുൻമാസം വരെയുള്ള പ്രവർത്തന പുരോഗതിയും ചെലവു കണക്കുകളും വിശദമായി അവലോകനം നടത്തണം. ഗ്രാമപഞ്ചായത്തുകളിലെ അവലോകന യോഗത്തിനുശേഷം ബ്ലോക്കു തലത്തിൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും പങ്കെടുപ്പിച്ചുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം നടത്തണം. അതിനെ തുടർന്ന് ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺന്റെ അദ്ധ്യക്ഷതയിലും ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലും എല്ലാ മാസവും മൂന്നാമത്തെ തിങ്കളാഴ്ചകളിൽ ജില്ലാതല അവലോകന യോഗം ചേരേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂരിഭാഗം പദ്ധതികളും അവയ്ക്ക് കൈമാറി നൽകിയ വകുപ്പുകൾ മുഖാന്തരം നിർവഹണം നടത്തുന്നതിനാൽ ജില്ലാതല യോഗത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്. ജില്ലാതല യോഗങ്ങളിൽ സ്വീകരിച്ച നടപടികൾ, സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ അടങ്ങിയ റിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് ഓരോ മാസവും നൽകേണ്ടതാണ്.

മേല്പറഞ്ഞ യോഗങ്ങൾ കൃത്യമായി ചേരുന്നതിനായി, നിശ്ചയിച്ച തീയതികളിൽ മറ്റു യോഗങ്ങൾ വിളിച്ചു ചേർക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. അവലോകന യോഗത്തിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പം ജില്ലാതലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ റാങ്ക് ചെയ്ത് മാദ്ധ്യമങ്ങൾ മുഖേന പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു. വിവിധ തലങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്യും. ഇപ്രകാരം വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൃത്യമായി നടത്തുന്നതിലൂടെ സമയബന്ധിതമായും ഗുണമേന്മയോടെയും പദ്ധതി നിർവ്വഹണം നടത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഈ സാമ്പത്തിക വർഷത്തിൽ ഇനി അവശേഷിക്കുന്ന ദിവസങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ മാത്രമേ പദ്ധതിനിർവ്വഹണം മെച്ചപ്പെട്ട അവസ്ഥയിലേക്ക് ഉയർത്തുന്നതിന് കഴിയുകയുള്ളൂ. പൊതുവിഭാഗം ഫണ്ടുകളെ അപേക്ഷിച്ച് പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയുടെ ചെലവ് പുരോഗതി ആശങ്കയുളവാക്കുന്നതാണ്. പദ്ധതി നിർവഹണത്തിന് തടസ്സമായി, സർക്കാരിനു മുമ്പാകെ ചൂണ്ടിക്കാണിച്ച മിക്ക പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. ലഭ്യമായ സാദ്ധ്യതകളും സാഹചര്യങ്ങളും പരമാവധി ഉപയോഗപ്പെടുത്തി ജനങ്ങളിലേക്കിറങ്ങി ചെന്ന് പദ്ധതി നിർവഹണം ലക്ഷ്യത്തിലെത്തിക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആത്മാർത്ഥമായി യത്നിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# ഗ്രാമയാത്രയ്ക്ക് നിറവാർന്ന തുടക്കം

ജനാധിപത്യ ഭരണവ്യവസ്ഥയുടെ ആധാരശിലകളായ ഗ്രാമസഭകൾക്ക് പുതുജീവൻ നൽകി ഗ്രാമങ്ങളെയും ഗ്രാമജനതയെയും ഉണർത്തുന്നതിന് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നേതൃത്വം നൽകുന്ന ഗ്രാമയാത്രയ്ക്ക് തൃശൂർ അന്നമനട ഗ്രാമപഞ്ചായത്തിൽ നിറവാർന്ന തുടക്കം. പുളിക്കടവിൽ ചാലക്കുടി പുഴയുടെ തീരത്ത് ഗ്രാമീണതനിമ നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുവാനെത്തിയത് 'കരുതലും വികസനവും' ഭരണമന്ത്രമായി സ്വീകരിച്ച മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ്. ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗ്രാമവികസന വകുപ്പുമന്ത്രി കെ.സി. ജോസഫ് വിശിഷ്ടാതിഥിയായി.

ഗ്രാമഭംഗി നിറഞ്ഞൊഴുകുന്ന പുഴയോരം. പുഴയോരത്ത് പുരാതന വീടിന്റെ ഉമ്മറം ഓർമ്മിപ്പിക്കുന്ന വേദി. വേദിയിൽ റാന്തൽ വിളക്ക്. ചുറ്റും മൺചിരാതുകൾ. മുന്നിൽ 'ജട്ക'. പ്രവേശന കവാടത്തിൽ തലയുയർത്തി ഏറുമാടം. പുരയിടത്തിൽ പണിയെടുക്കുന്ന ഗ്രാമീണർ, അരികെ കുട്ടയും കതിർകറ്റകളും. ചുണ്ണാമ്പുകൊണ്ട് കുത്തിവരച്ച ചുവരുകൾ. വേദിക്കരികെ ഗ്രാമച്ചന്തയുടെ പ്രതീതി ജനിപ്പിക്കുന്ന കുടുംബശ്രീ പ്രദർശന പവലിയൻ. പൊലിമയാർന്ന ഗ്രാമക്കാഴ്ചകൾകൊണ്ട് സമ്പന്നമായ വേദിയും പരിസരവും ഉത്സവ പ്രതീതിയുണർത്തി.

## ചരിത്ര മുഹൂർത്തം – *മുഖ്യമന്ത്രി*

വേദിയിൽ പ്രത്യേകം സജ്ജമാക്കിയ ഗ്രാമ വിളക്കിന്റെ തിരിതെളിയിച്ചുകൊണ്ടായിരുന്നു മുഖ്യമന്ത്രി ഗ്രാമയാത്രയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇതൊരു ചരിത്ര മുഹൂർത്തം എന്ന




*തൃശൂർ അന്നമനട ഗ്രാമപഞ്ചായത്തിൽ നടന്ന ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ജനങ്ങളെ അഭിസംബോധന ചെയ്യുന്നു. മന്ത്രിമാരായ കെ.സി. ജോസഫ്, ഡോ. എം.കെ. മുനീർ, എം.എൽ.എ.മാരായ ടി.എൻ. പ്രതാപൻ, കെ. രാധാകൃഷ്ണൻ, തോമസ് ഉണ്ണിയാടൻ തുടങ്ങിയവർ സമീപം.*



വിശേഷണത്തോടെയാണ് അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്തത്. ഗ്രാമയാത്ര നമ്മുടെ പഞ്ചായത്തുകളുടെ പ്രവർത്തനത്തെ മാത്രമല്ല കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിലാകെ ചലനം സൃഷ്ടിക്കും. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയെ സ്വപ്നം കണ്ട രാജീവ് ഗാന്ധി പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ഭരണഘടനാ സ്ഥാപനങ്ങളാക്കുന്നതിന് വിപ്ലവകരമായ തുടക്കമിട്ടു. വലിയ പ്രതീക്ഷയാണുണ്ടായിരുന്നത്. എന്നാൽ ആഗ്രഹിച്ചതുപോലെ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം ഇന്ന് ഉയരുന്നുണ്ടോ? ഇന്ന് ഗ്രാമസഭകൾ സജീവമല്ല. മറ്റു ചില പോരായ്മകളും ഉണ്ട്. അത് പരിഹരിക്കുന്നതിന് വിവിധ തലങ്ങളിൽ നടപടി സ്വീകരിക്കേണ്ടതുണ്ട്, മുഖ്യമന്ത്രി പറഞ്ഞു.

അധികാര വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ ലഘൂകരിക്കും. വിവിധ സമിതികളുടെ പ്രവർത്തനം ഒഴിവാക്കി തിരഞ്ഞെടുത്ത ജനപ്രതിനിധികൾക്ക്, ഗ്രാമസഭകൾക്ക് പദ്ധതി നടത്തിപ്പിൽ അധികാരം നൽകികൊണ്ട് നടപടിക്രമം പുനഃസംഘടിപ്പിക്കും.

കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ബന്ധങ്ങൾക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നു. കൂട്ടുകുടുംബത്തിൽ നിന്നും അണുകുടുംബങ്ങളിലേക്ക് മാറിയപ്പോൾ എല്ലാവരും അവരവരിലേക്ക് ഒതുങ്ങുന്ന സ്ഥിതിയുണ്ടായി. അടുത്ത വീട്ടിലെന്തു നടക്കുന്നുവെന്നറിയുന്നില്ല. വലിയ മാനസിക സംഘർഷത്തെ തുടർന്ന് കൂട്ട ആത്മഹത്യകൾ ഉണ്ടാകുന്ന സ്ഥിതിയിലേക്കായി കാര്യങ്ങൾ. സാമൂഹ്യ സാമ്പത്തിക മേഖലകളിൽ വളരെയധികം നഷ്ടങ്ങൾക്ക് ഇതു കാരണമായി. രാഷ്ട്രീയ ചേരിതിരിവും ആനുകൂല്യങ്ങൾക്കുള്ള മത്സര വേദികളുമായി ഗ്രാമസഭകൾ മാറിയതോടെ അവ നിഷ്ക്രിയമായി. ഗ്രാമസഭകളിൽ ചുരുക്കം ചില കാര്യങ്ങളെക്കുറിച്ച് അംഗങ്ങൾ മത്സരിച്ച് പോരടിക്കുമ്പോൾ പല പദ്ധതികളെയും കുറിച്ച് ജനം അറിയുന്നില്ല. ഇതിനൊരു മാറ്റം വരുത്തി കൂട്ടുകുടുംബത്തിന്റെ കുറവ് പരിഹരിക്കുന്ന വേദിയായി ഗ്രാമസഭകൾ മാറണം. അവിടെ വ്യക്തിയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണണം. ഇത്തരത്തിൽ വലിയ കാഴ്ചപാടോടു കൂടി ഗ്രാമസഭകളുടെ പ്രവർത്തനം സജീവമാക്കിയാൽ അത് പഞ്ചായത്തുകളെ ശക്തിപ്പെടുത്തുകയും സാമൂഹ്യ സാമ്പത്തിക രംഗത്ത് മാറ്റം ഉണ്ടാക്കുകയും ചെയ്യും. അവിടെയാണ് ഗ്രാമസഭകളുടെ പ്രസക്തി,അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗ്രാമസഭകൾ ഉണർന്നു പ്രവർത്തിക്കുമ്പോൾ സർക്കാരും ഉണരും. പ്രശ്നങ്ങളോട് പ്രതികരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണ്. നാടിന്റെ വികസന കാര്യങ്ങൾ ത്വരിതപ്പെടുത്താനും പ്രശ്നങ്ങൾ പരിഹരിക്കാനും കൂട്ടായ പരിശ്രമം ഉണ്ടാകണം. സാമൂഹ്യരംഗത്ത് വിപ്ലവകരമായ മാറ്റത്തിന്റെ കാഹളമൂതി ഒരു പുതിയ വികസന സംസ്കാരമെന്ന വലിയ സന്ദേശമാണ് ഗ്രാമയാത്ര നൽകുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## ഗ്രാമയാത്ര- ഒരന്വേഷണം

***ഡോ. എം. കെ. മുനീർ***

പഞ്ചായത്തുകൾ നടപ്പാക്കുന്ന വികസന, സാമൂഹ്യ സുരക്ഷാ പദ്ധതികളെ സംബന്ധിച്ച് ജനങ്ങൾക്ക് അറിവുണ്ടോയെന്നും അവരുടെ അഭിപ്രായങ്ങൾ പദ്ധതി നടത്തിപ്പിൽ സ്വാധീനം ചെലുത്തുന്നുണ്ടോ എന്നുമുള്ള സംശയമാണ് ഗ്രാമയാത്ര എന്ന ആശയം മനസിലേക്ക് വരാൻ പ്രേരണയായതെന്ന ആമുഖത്തോടെയാണ് പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ മുനീർ അദ്ധ്യക്ഷ പ്രസംഗം ആരംഭിച്ചത്.

ഇന്ന് ഗ്രാമസഭകൾ പലയിടത്തും പേരിനു മാത്രമായി യോഗം ചേരുന്ന അവസ്ഥയാണുള്ളത്. ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം നൽകുന്ന പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകളിൽ ആരെല്ലാം പങ്കെടുക്കുന്നു? അവിടെയെന്ത് ചർച്ചചെയ്യപ്പെടുന്നു? ഇതിന്റെയെല്ലാം അന്വേഷണമാണ് ഗ്രാമയാത്ര ലക്ഷ്യമിടുന്നത്.



ഉദ്ഘാടനശേഷം നടന്ന സംഗീത സദസ്സിൽ
'സുറുമയെഴുതിയ മിഴികളേ' എന്ന ഗാനം മന്ത്രി ആലപിക്കുന്നു.

ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിന് പ്രഥമ പരിഗണനയാണ് സർക്കാർ നൽകുന്നത്. അതിന്റെ ഭാഗമായി കിലയുടെ ആഭിമുഖ്യത്തിൽ 38 ലക്ഷം പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. ഗ്രാമയാത്രയുടെ ഭാഗമായി ചേരുന്ന വിശേഷാൽ ഗ്രാമസഭയ്ക്ക് മുന്നോടിയായി വയോജനങ്ങൾ, വനിതകൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ എന്നിവരുടെ ഗ്രാമസഭകൾ ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഗ്രാമസഭകളിൽ ഉയർന്നു വരുന്ന അഭിപ്രായങ്ങൾ വിശേഷാൽ ഗ്രാമസഭകളിൽ ചർച്ചചെയ്യും.

വളരെയധികം പരിശ്രമിച്ചിട്ടും അൻപതോളം പഞ്ചായത്തുകളിൽ ആശ്രയ പദ്ധതി പൂർണ്ണ അർത്ഥത്തിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ശുചീകരണം, സാമൂഹ്യസുരക്ഷ, വയോജനക്ഷേമം തുടങ്ങി എല്ലാ മേഖലകളിലും എണ്ണയിട്ട യന്ത്രം പോലെ മുഴുവൻ ഗ്രാമങ്ങളെയും ചലിപ്പിക്കാൻ നമുക്ക് കഴിയണം. എല്ലാ കന്യകത്വവും നിലനിർത്തുന്ന വിർജിൻ പഞ്ചായത്തുകൾ (Virgin Panchayats) ഇന്നുണ്ട്. നമ്മുടെ പൈതൃകവും പാരമ്പര്യവും കാത്തുസൂക്ഷിച്ചുകൊണ്ടും എല്ലാ പ്രകൃതി വിഭവങ്ങളെയും സംരക്ഷിച്ചുകൊണ്ടും വികസനം നേടാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## ഒരു പുതിയ അദ്ധ്യായം

***കെ.സി. ജോസഫ്***

അധികാര വികേന്ദ്രീകരണത്തിന്റെ പാതയിൽ ഒരു പുതിയ അദ്ധ്യായം തുറന്നുകൊണ്ടാണ് ഡോ. എം.കെ. മുനീർ ഗ്രാമയാത്ര നടത്തുന്നതെന്ന് ഗ്രാമവികസന വകുപ്പുമന്ത്രി കെ.സി. ജോസഫ് പറഞ്ഞു. കേരളത്തിൽ 134 നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന വിശേഷാൽ ഗ്രാമസഭകളിൽ നേരിട്ട് പങ്കെടുക്കുന്നത്, ഓരോ മേഖലയിലെയും പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരം കണ്ടെത്തുന്നതിനും സഹായിക്കും. കഴിഞ്ഞകാല അനുഭവങ്ങളുടെ വിലയിരുത്തലിലൂടെ ഒരു പുതിയ വികസന സന്ദേശമാണ് ഗ്രാമയാത്ര നൽകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കേരള വികസന രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കും. ഗ്രാമീണ മേഖലയുടെ സമസ്ത വികസനമാണ് പന്ത്രണ്ടാം പദ്ധതി ലക്ഷ്യമിടുന്നത്. പതിനൊന്നാം പദ്ധതിയിലെ 43000 കോടി രൂപയുടെ സ്ഥാനത്ത് 12-ാം പദ്ധതിയിൽ 1,05000 കോടിരൂപയാണ് ലഭിക്കുക. പഞ്ചവത്സര പദ്ധതി എന്നരീതി പന്ത്രണ്ടാം പദ്ധതി മുതൽ പഞ്ചായത്തുകളും അനുവർത്തിക്കും. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിൽ കേരളം പിന്നാക്കം പോകുന്ന ദുഃഖകരമായ അവസ്ഥയാണുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരമാവധി ആനുകൂല്യം നേടാൻ നമുക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു.

പി. രാജീവ് എം.പി, എം.എൽ.എ.മാരായ കെ. രാധാകൃഷ്ണൻ, തോമസ് ഉണ്ണിയാടൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ, മുൻ. എം.എൽ.എ ടി.യു. രാധാകൃഷ്ണൻ, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എം. ഉണ്ണികൃഷ്ണൻ, ജില്ലാ കളക്ടർ പി.എം. ഫ്രാൻസിസ്, 'കില' ഡയറക്ടർ പി.പി. ബാലൻ, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവർ ആശംസകളർപ്പിച്ചു. കൊടുങ്ങല്ലൂർ എം.എൽ.എ. ടി.എൻ പ്രതാപൻ സ്വാഗതവും അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ. സതീശൻ നന്ദിയും പറഞ്ഞു. പഞ്ചായത്ത്‌രാജ് മാസികയുടെ ഗ്രാമയാത്രാ പതിപ്പിന്റെ പ്രകാശനവും അച്യുതമാരാർ സ്മാരക വാദ്യകലാകേന്ദ്രം 2012 ബാച്ച് കുട്ടികളുടെ പരിശീലന പരിപാടിയുടെ ഉദ്ഘാടനവും അന്നമനട ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനവും ചടങ്ങിൽ നടന്നു.





അന്നമനട ഗ്രാമപഞ്ചായത്ത് നിവാസികളും കുടുംബശ്രീ പ്രവർത്തകരും ഡോ. മുനീറും മറ്റു ജനപ്രതിനിധികളും ഘോഷയാത്രയായാണ് ഗ്രാമ്യഭംഗി നിറഞ്ഞുനിന്ന സമ്മേളനവേദിയിലെത്തിയത്. ആയിരങ്ങൾ പങ്കെടുത്ത ഉദ്ഘാടന ചടങ്ങിൽ കുടുംബശ്രീ യൂണിറ്റുകൾ എല്ലാവർക്കും വറുത്ത കപ്പലണ്ടിയും ചുക്കുകാപ്പിയും നൽകി; യോഗം അവസാനിച്ചപ്പോൾ അത്താഴവും. പൊടിയരിക്കഞ്ഞി, ഇടിയൻ ചക്കപ്പുഴുക്ക്, കപ്പ, മുളക് ചമ്മന്തി, മീൻകറി എന്നിവയായിരുന്നു വിഭവങ്ങൾ. കമുകിൻപാളകൊണ്ട് ഉണ്ടാക്കിയ പാത്രത്തിൽ വിളമ്പിയ അത്താഴം കഴിക്കാൻ പ്ലാവിലയിൽ ഈർക്കിൽ കുത്തിയുണ്ടാക്കിയ 'കൈൽ.'

കുടുംബശ്രീ ഒരുക്കിയ പ്രദർശനത്തിലെ വൈവിധ്യമാർന്ന നാടൻ ഉല്പന്നങ്ങൾക്ക് ആവശ്യക്കാരേറെയുണ്ടായി. മന്ത്രി ഡോ.എം.കെ. മുനീറും യോഗത്തിലെ വിശിഷ്ടാതിഥികളും പ്രദർശനം സന്ദർശിച്ച് അനുമോദനം അറിയിച്ചു. ജമ്മുകാശ്മീരിലെ പഞ്ചായത്ത് സെക്രട്ടറിമാരുൾപ്പെട്ട പത്തംഗ സംഘവും കുടുംബശ്രീയുടെ ഗ്രാമച്ചന്ത സന്ദർശിച്ചു. ഉല്പന്നങ്ങൾ വാങ്ങി, കഞ്ഞിയും കപ്പയും കഴിച്ചു.

15 സ്റ്റാളുകളിലായി സംഘടിപ്പിച്ച വിപണനമേളയിൽ തൃശൂർ, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ നിന്നുള്ള കുടുംബശ്രീ ഉല്പന്നങ്ങൾ പ്രദർശനത്തിനും വിപണനത്തിനുമായി തയ്യാറാക്കിയിരുന്നു. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

അജിത് വെണ്ണിയൂർ

## ഗ്രാമങ്ങളുടെ ആത്മാവിനെ അടുത്തറിയാൻ

# ഒരു അന്വേഷണയാത്ര

**കേരളത്തിൽ പഞ്ചായത്തുകൾ നിലവിൽ വന്നതിന്റെ സുവർണ ജൂബിലി വർഷമാണ് 2012. ഈ വർഷത്തെ റിപ്പബ്ലിക് ദിനത്തിലാണ് പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ കേരള ഗ്രാമയാത്രയ്ക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ഗ്രാമങ്ങളെ ഉണർത്തുകയും ത്രസിപ്പിക്കുകയും ചെയ്യുകയാണ് ഈ യാത്രയുടെ ലക്ഷ്യം- ഗ്രാമസഭകളെ പ്രാദേശിക ഭരണത്തിന്റെ കേന്ദ്രബിന്ദുവിൽ പ്രതിഷ്ഠിക്കാനുള്ള പ്രയത്നത്തിന്റെ പ്രാരംഭം.**

*"ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ്"*- രാഷ്ട്രപിതാവിന്റെ വാക്കുകൾ. ഈ മന്ത്രമാണ് ഇന്ത്യൻ ഗ്രാമങ്ങളുടെ ആത്മാവിൽ ആത്മാഭിമാനത്തിന്റെ കനൽ നിറച്ചത്. സ്വാതന്ത്ര്യത്തിലേക്കുള്ള തീർത്ഥയാത്രയിൽ അത് ചൂടും വെളിച്ചവും പകർന്നു. ലക്ഷ്യം ഗ്രാമസ്വരാജ് ആയി, മാർഗ്ഗം പഞ്ചായത്ത്‌രാജും.

മഹാത്മാവ് സ്വപ്നം കണ്ട ഗ്രാമസ്വരാജിന്റെ അടിത്തറ ഗ്രാമസഭയാണ്; പഞ്ചായത്ത് അതിന്റെ മേലാപ്പും.

ഓരോ ഗ്രാമീണനും ഭരണത്തിൽ പങ്കാളിയാകാൻ അവസരം കിട്ടുന്ന ആദർശഭരണം നാം സ്വപ്നം കണ്ടു. അത് യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമങ്ങളിൽ 1992ലെ ഭരണഘടനാ ഭേദഗതികൾ നാഴികക്കല്ലായി. അധികാര വികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം, സ്ത്രീകളുടെയും, പാർശ്വവൽകൃത വിഭാഗങ്ങളുടെയും ശാക്തീകരണം എന്നിങ്ങനെ സാമൂഹികക്രമം അടിമുടി അഴിച്ചു പണിയുന്ന നിയമങ്ങൾ നിലവിൽ വന്നു.



പഞ്ചായത്തീരാജിൽ ഗ്രാമസഭ പ്രത്യക്ഷ ജനാധിപത്യത്തിന്റെ പ്രഥമ വേദിയായി. ശക്തമായ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. ആ മാറ്റത്തെ ആവേശപൂർവ്വം നാം സ്വീകരിച്ചു. ആദ്യത്തെ ആവേശം കെട്ടടങ്ങിയപ്പോൾ പക്ഷേ ഗ്രാമസഭകൾ നിർജ്ജീവമായി. അധികാരം പഞ്ചായത്ത് അംഗങ്ങൾ വരെയെത്തി തടഞ്ഞുനിന്നു. അത് താഴേക്ക്, ജനങ്ങളിലെത്തിക്കാനുള്ള വേദികൾ പ്രതീക്ഷിച്ചതു പോലെ ശക്തമായില്ല.

അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാവണമെങ്കിൽ ഗ്രാമസഭകൾ സജീവമാകണം. അവയിലെ ചർച്ചകൾ ഫലപ്രദമാകണം, തീരുമാനങ്ങൾ നടപ്പാക്കണം. തീരുമാന പ്രക്രിയയിൽ ജനങ്ങൾക്ക് ഉടമസ്ഥത വേണം, നടപ്പാക്കുന്നതിൽ പങ്കാളിത്തം ഉണ്ടാകണം. പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനുമുള്ള അവസര മുണ്ടാകണം.

ഇതിനെല്ലാമുള്ള അവസരങ്ങൾ നിയമത്തിൽ വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ അവ വേണ്ടവിധം നാം പ്രയോജനപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; എന്തൊക്കെയാണ് പരിഹാരങ്ങൾ? ഒരു അന്വേഷണയാത്ര ആരംഭിക്കുകയാണ്, പഞ്ചായത്ത്, സാമൂഹ്യക്ഷേമ മന്ത്രി ഡോ.എം.കെ. മുനീർ – കേരളീയ ഗ്രാമങ്ങളിലൂടെ.

സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഒരു ഗ്രാമ വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേരുന്നു. ഗ്രാമസഭയിൽ നിരീക്ഷകനായി ഡോ. മുനീർ പങ്കെടുക്കുന്നു. ജനങ്ങളുമായി നേരിട്ടിടപഴകി പ്രശ്നങ്ങൾ പഠിക്കുന്നു: പ്രതിവിധികൾ ആരായുന്നു.

ആ ഗ്രാമസഭായോഗം കഴിയുമ്പോൾ അത് ആ മണ്ഡലത്തിനും ആ ജില്ലയ്ക്കും സംസ്ഥാനത്തിനാകെയും മാതൃകാ ഗ്രാമസഭയാകും,







**സാമൂഹ്യരംഗത്ത് വിപ്ലവകരമായ മാറ്റത്തിന്റെ കാഹളമൂതി ഒരു പുതിയ വികസന സംസ്കാരമെന്ന വലിയ സന്ദേശമാണ് ഗ്രാമയാത്ര നൽകുന്നത്.**
**ഉമ്മൻ ചാണ്ടി** മുഖ്യമന്ത്രി

**കഴിഞ്ഞകാല അനുഭവങ്ങളുടെ വിലയിരുത്തലിലൂടെ ഒരു പുതിയ വികസന സന്ദേശമാണ് ഗ്രാമയാത്ര നൽകുന്നത്.**
**കെ.സി. ജോസഫ്** ഗ്രാമവികസന വകുപ്പുമന്ത്രി

**ഡോ. എം.കെ മുനീറിന്റെ സ്വന്തം മനസ്സിൽ രൂപപ്പെട്ട ഗ്രാമയാത്ര കേരളത്തിലെ ഗ്രാമങ്ങളുടെ അലകും പിടിയും മാറ്റും.**
**ടി.എൻ പ്രതാപൻ** എം.എൽ.എ.

**കേരളം നേരിടുന്ന പ്രതിസന്ധി മുറിച്ചു കടക്കാൻ ബോധപൂർവ മായ ശ്രമം ഉണ്ടാകണം. അത് ഗ്രാമയാത്രയുടെ നേട്ടമായി മാറണം.**
**കെ.രാധാകൃഷ്ണൻ** എം.എൽ.എ

**വരും കാലങ്ങളിൽ, കേരളം ഇതുവരെ ദർശിച്ചിട്ടില്ലാത്ത വളർച്ച ഗ്രാമങ്ങളിലുടനീളമുണ്ടാകും ജനങ്ങൾ ഉണരട്ടെ, ഗ്രാമങ്ങൾ ഉണരട്ടെ.**
**തോമസ് ഉണ്ണിയാടൻ** എം.എൽ.എ

ആകണം – അതാണ് ലക്ഷ്യം. ഈ യാത്രയെ ഒരു ഗ്രാമോത്സവമാക്കി മാററാനുള്ള ഒരുക്കമാണ് കേരളമെമ്പാടും നടക്കുന്നത്.

ഓരോ ഗ്രാമത്തിന്റേയും തനതായ സവിശേഷതകൾ സമ്മേളിക്കുന്നതാവും ഓരോ ഗ്രാമസഭായോഗവും. ഗ്രാമത്തിന്റെ തനിമയും നന്മയും തിരിച്ചറിയാനുള്ള യജ്ഞം കൂടിയാണിത്.

ഓരോ പ്രദേശത്തിന്റേയും വികസന പ്രശ്നങ്ങൾ, നാട്ടറിവുകൾ, തനതായ കൃഷി രീതികൾ, പരമ്പരാഗത കലാരൂപങ്ങൾ, പൈതൃക ശേഷിപ്പുകൾ, സാഹിത്യ സാംസ്കാരിക പാരമ്പര്യം, കലാകായിക മേന്മകൾ- ഇവയെപ്പറ്റി പഠിക്കുന്നതിനൊപ്പം നല്ലതൊക്കെയും വീണ്ടെടുക്കാനും പുനർ നിർമിക്കാനുമുള്ള പ്രതിബദ്ധത പുതുക്കാൻ ഇതൊരു അവസരമാകും.

ജനപങ്കാളിത്തത്തോടെ ഗ്രാമസഭകളെ എങ്ങനെ ഫലപ്രദമാക്കാമെന്ന് പഠിക്കുന്നതിനായി മന്ത്രി പഠന യാത്ര നടത്തുന്ന ഓരോ വാർഡിലും ഓരോ ജനകീയ കമ്മിഷൻ രൂപീകരിക്കുന്നു. ഈ കമ്മിഷനുകൾ നൽകുന്ന റിപ്പോർട്ടുകൾ കേന്ദ്രീകരിച്ച് ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ ജനകീയ മാർഗരേഖ ഈ പ്രക്രിയയിലൂടെ രൂപം കൊള്ളും. ഇത് 2012-ൽ നടക്കുന്ന ഗ്ലോബൽ റൂറൽ മീറ്റിൽ അവതരിപ്പിക്കും. ■



*അന്നമനട ഗ്രാമപഞ്ചായത്തിൽ നടന്ന വയോജന ഗ്രാമസഭ റ്റി.എൻ. പ്രതാപൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.*

കെ.സി. ജോസഫ്

# ഗ്രാമയാത്ര

## മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തൊക്കെ?

ഗ്രാമസഭകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഗ്രാമയാത്ര'യുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയമസഭാ നിയോജകമണ്ഡലത്തിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ 2012ലെ റിപ്പബ്ലിക് ദിനത്തിൽ നിർവ്വഹിച്ചിരിക്കുകയാണ്. വരും ദിവസങ്ങളിൽ ഗ്രാമയാത്ര കേരളത്തിലെ 134 നിയോജകമണ്ഡലങ്ങളിലൂടെ സഞ്ചരിക്കും.

കേരളത്തിൽ നടന്നുവരുന്ന അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങളെ അത്ഭുതത്തോടെയാണ് ലോകം മുഴുവനും വീക്ഷിക്കുന്നത്. ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുകയെന്നതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം. ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കാൻ അവസരം നൽകുന്ന പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകളെ സജീവമാക്കിക്കൊണ്ടു മാത്രമേ നമുക്ക് ആ ലക്ഷ്യം നേടുവാൻ കഴിയൂ. ആദ്യനാളുകളിൽ ജനപങ്കാളിത്തം കൊണ്ടും സർഗ്ഗപരവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളാലും സജീവമായിരുന്ന ഗ്രാമസഭകൾ ഭരണഘടനയുടെ അന്തഃസത്തയ്ക്കനുസൃതമായി ഇന്ന് പ്രവർത്തിക്കുന്നുണ്ടോയെന്നതിനെക്കുറിച്ച് നാം ആത്മപരിശോധന നടത്തേണ്ടതുണ്ട്. നാടിന്റെ വികസനത്തിനും ക്ഷേമ പ്രവർത്തനങ്ങൾക്കും ഗ്രാമസഭകളെ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. ഇല്ലെങ്കിൽ അതിനുള്ള കാരണവും പരിഹാരവും കണ്ടെത്തേണ്ടതുണ്ട്. ആ കണ്ടെത്തലാണ് ഗ്രാമയാത്ര ലക്ഷ്യമിടുന്നത്.



കേരളത്തിലെ 134 നിയമസഭാ നിയോജകമണ്ഡലങ്ങളിലും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ടാണ് ഗ്രാമയാത്ര നടത്തുന്നത്. ഈ വിശേഷാൽ ഗ്രാമസഭ ചേരുന്നതിനു മുമ്പ് ആ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേകം ഗ്രാമസഭകൾ (നാല്) ചേരുകയും വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ തിരഞ്ഞെടുക്കുകയും ചെയ്യണം.

വിശേഷാൽ ഗ്രാമസഭയിൽ സഭ നടക്കുന്ന സ്ഥലത്തെ നാനാതുറകളിൽപ്പെട്ട ജനവിഭാഗത്തെ പങ്കെടുപ്പിക്കുന്നതോടൊപ്പം മേൽ ഖണ്ഡികയിൽ പറഞ്ഞ പ്രകാരം വിവിധ പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികളെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമങ്ങളുടെ സഭയായിട്ടായിരിക്കണം വിശേഷാൽ ഗ്രാമസഭ സമ്മേളിക്കേണ്ടത്. ഗ്രാമസഭയുടെ സംഘാടകർക്ക് ആവശ്യമായ പരിശീലനം കിലയിൽ നിന്നും നൽകും.

ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനും സംഘാടനത്തിനുമായി സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയും ജില്ലാതല സമിതികളും മണ്ഡല സമിതികളും രൂപവൽക്കരിച്ചിട്ടുണ്ട്.

സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വൈസ് ചെയർമാൻ സെക്രട്ടറിയുമാണ്. പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ, 'കില' ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ, സി-ഡിറ്റ് ഡയറക്ടർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളും കെ.സി. ജോസഫ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (ഭരണം) കോർഡിനേറ്ററുമാണ്.

ജില്ലാതല സമിതികളുടെ രക്ഷാധികാരികൾ അതാത് ജില്ലയിലെ പാർലമെന്റംഗങ്ങളാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി വൈസ് ചെയർമാനുമാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ എന്നിവർ അംഗങ്ങളും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമാണ്.

എം.എൽ.എ രക്ഷാധികാരിയായ മണ്ഡലസമിതിയുടെ ചെയർമാൻ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ കൺവീനറും വാർഡ് മെമ്പർ ജോയിന്റ് കൺവീനറുമാണ്. പഞ്ചായത്ത് സമിതി അംഗങ്ങൾ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, കുടുംബശ്രീ എ.ഡി.എം.സി, മണ്ഡലത്തിലെ ഇതര പഞ്ചായത്ത് അധ്യക്ഷൻമാർ എന്നിവർ അംഗങ്ങളാണ്. കേരള ഗ്രാമ പഞ്ചായത്ത്






അസോസിയേഷൻ ഭാരവാഹികളെ കൂടി വിവിധ കമ്മിറ്റികളിൽ ഉൾപ്പെടുത്തുവാൻ വികേന്ദ്രീകൃതാസൂത്രണം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമായിട്ടുണ്ട്.

വിശേഷാൽ ഗ്രാമസഭകളുടെ സംഘാടന പ്രവർത്തികൾക്കാവശ്യമായ ഫണ്ട്, പ്രസ്തുത ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 25,000/-(ഇരുപത്തിഅയ്യായിരം രൂപ മാത്രം) രൂപ വീതവും പ്രസ്തുത പഞ്ചായത്തുകളുൾപ്പെടുന്ന നിയമസഭാ നിയോജകമണ്ഡലത്തിലെ മറ്റ് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി വിശേഷാൽ ഗ്രാമസഭ സ്വാഗതസംഘത്തിന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജില്ലാതല സമിതികളും മണ്ഡല സമിതികളും ഫലപ്രദമായി പ്രവർത്തിച്ചാൽ മാത്രമേ ഗ്രാമയാത്ര വിജയിപ്പിക്കുവാൻ കഴിയുകയുള്ളൂ. അതിനായി ജില്ലാതല, മണ്ഡലസമിതികൾ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

**ജില്ലാതല സമിതികൾ**

1. ഗ്രാമയാത്ര സംബന്ധിച്ച് ജില്ലയിൽ നടക്കുന്ന മൊത്തം പരിപാടികളും ഏകോപിപ്പിച്ച് വിജയിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാതല സമിതികൾക്കാണ്.
2. ഗ്രാമയാത്രയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മണ്ഡലം സമിതികൾക്ക് നൽകേണ്ടതാണ്.
3. ജില്ലാതല സമിതികൾ മണ്ഡലം സമിതികളുമായി നിരന്തരം ആശയവിനിമയം നടത്തി വിവിധ പത്ര-ദൃശ്യമാധ്യമങ്ങൾ വഴി പരിപാടികൾക്ക് ആവശ്യമായ പ്രചാരണം നൽകേണ്ടതാണ്. പരിപാടിയിലുടനീളം മാധ്യമ പ്രവർത്തകരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. ജില്ലാതല സമിതികൾ ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട് തുടങ്ങിയവരുമായി ബന്ധപ്പെട്ട് പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**മണ്ഡല സമിതികൾ**

1. മണ്ഡല സമിതികൾ ഒരു നിയോജക മണ്ഡലത്തിലെ വിശേഷാൽ ഗ്രാമസഭ ചേരുന്ന പഞ്ചായത്തും വാർഡും ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എയുമായി കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതാണ്.
2. വിശേഷാൽ ഗ്രാമസഭ നടത്തുന്നതിന് വേണ്ടി എം.പി., എം.എൽ.എ., ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, പ്രദേശത്തെ സാമൂഹ്യ സംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികൾ, സർവ്വീസ് സംഘടനാ പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പഞ്ചായത്തിന് കൈമാറി ലഭിച്ച സ്ഥാപന മേധാവികളടക്കമുള്ള പ്രധാന ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു സ്വാഗതസംഘം രൂപീകരിക്കേണ്ടതാണ്.
3. ഗ്രാമസഭ നടത്തുന്നതിന് ചരിത്രപ്രാധാന്യവും പ്രസിദ്ധവുമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും. മരച്ചുവട്, കടൽത്തീരം, പുഴയോരം തുടങ്ങിയ സ്ഥലങ്ങൾ ആകർഷകമായിരിക്കും. ഗ്രാമാന്തരീക്ഷം നിലനിർത്തി, ഗ്രാമത്തനിമവിളിച്ചോതുന്ന രീതിയിലായിരിക്കണം ഗ്രാമസഭ നടക്കുന്ന സ്ഥലം സജ്ജമാക്കേണ്ടത്.
4. ഗ്രാമസഭ നടക്കുന്ന സ്ഥലത്തേക്ക് ഒരു ചെറിയ ദൂരത്തിൽ സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിക്കേണ്ട ചുമതല മണ്ഡലം സമിതികൾക്കാണ്.
5. ഗ്രാമസഭയിൽ ആ വാർഡിലെ പൊതുപ്രവർത്തകർ, സാഹിത്യനായകൻമാർ, കലാകാരന്മാർ, കായിക പ്രതിഭകൾ, വിദ്യാഭ്യാസ മേഖലയിലെ പ്രമുഖർ, കർഷകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, തൊഴിലാളികൾ, തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലയിലും പെട്ടവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
6. വിവിധ പ്രാദേശിക പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്യുന്ന രീതിയാണ് ഗ്രാമസഭകൾ അവലംബിക്കേണ്ടത്.
7. വിശേഷാൽ ഗ്രാമസഭകൾക്ക് മുന്നോടിയായി യോഗം ചേരുന്ന വയോജന, വനിത, യുവജന, വിദ്യാർത്ഥി ഗ്രാമസഭകളുടെ നടത്തിപ്പിന് ഓരോ പഞ്ചായത്തിലും വിവിധ സബ്കമ്മിറ്റികൾക്ക് രൂപം നൽകേണ്ടതാണ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹ്യ സാംസ്കാരിക സംഘടനകളുടെയും പ്രതിനിധികൾ കമ്മിറ്റിയിലുണ്ടാകേണ്ടതാണ്. വിശേഷാൽ ഗ്രാമസഭകൾക്ക് മുന്നോടിയായി നടക്കുന്ന വയോജന, വനിത, യുവജന, വിദ്യാർത്ഥി ഗ്രാമസഭകളിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുത്ത് വിശേഷാൽ ഗ്രാമസഭയിൽ പങ്കെടുപ്പിക്കേണ്ടതാണ്.
8. പോസ്റ്ററുകൾ, ലഘുലേഖകൾ, ബോർഡുകൾ, ബാനറുകൾ, സ്ലൈഡുകൾ, സ്ക്രോളുകൾ മുഖേന ഗ്രാമയാത്രയുടെ സന്ദേശം വ്യാപകമായി എല്ലാ പഞ്ചായത്തുകളിലും പ്രചരിപ്പിക്കേണ്ടതാണ്.
9. ജില്ലാതല സമിതികളുമായി കൂടിയാലോചിച്ച് ദൃശ്യ-പത്ര മാദ്ധ്യമങ്ങളിലൂടെ പരിപാടിക്ക് വേണ്ടത്ര പ്രചരണം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
10. ഗ്രാമസഭ നടത്തുന്ന പഞ്ചായത്തിലെ അനുഭവജ്ഞാനവും പ്രായവുമുള്ള വ്യക്തികളുമായി പുതുതലമുറയ്ക്ക് ആശയവിനിമയം നടത്തുന്നതിന് അവസരം ഒരുക്കുന്നത് നന്നായിരിക്കും.
11. ഗ്രാമപഞ്ചായത്ത് പ്രദേശവുമായി ബന്ധപ്പെട്ട തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.
12. അഗതി, ആശ്രയ കുടുംബങ്ങളിൽ ഉൾപ്പെട്ട ഒന്നോ രണ്ടോ ഗുണഭോക്താക്കളുമായി പഞ്ചായത്ത് വകുപ്പ് മന്ത്രിക്ക് ആശയവിനിമയം നടത്തുന്നതിന് സൗകര്യം ഒരുക്കുന്നത് പ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നതിന് ഉപകരിക്കും.
13. താഴെതട്ടിലെ ജനങ്ങളുടെ അഭിവൃദ്ധിക്കും ഉന്നമനത്തിനും വേണ്ടി നടപ്പാക്കാൻ കഴിയുന്നതും ഗ്രാമസഭയിൽ പ്രഖ്യാപിക്കാൻ കഴുയുന്നതുമായ പദ്ധതികൾ മുൻകൂട്ടി കണ്ടെത്തുന്നത് ഉചിതമായിരിക്കും.
14. പരിപാടി നടക്കുന്ന നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളും അവരുടെ ഭാവി വികസന ക്ഷേമപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാൻ ഗ്രാമസഭായോഗത്തിൽ വെച്ച് മന്ത്രിക്ക് കൈമാറുന്നതിന് താൽപ്പര്യമെടുക്കേണ്ടതാണ്.
15. മാലിന്യസംസ്കരണം പോലുള്ള മേഖലകളിലെ നൂതനസംരംഭങ്ങളുടെയും പുത്തൻ കാർഷിക സാമഗ്രികളുടെയും പ്രദർശനങ്ങളും സാങ്കേതിക വിദ്യകളുടെ വിശദീകരണവും സംഘടിപ്പിക്കാവുന്നതാണ്.
16. വൃദ്ധജനങ്ങൾക്കും വികലാംഗർക്കും മറ്റും ഉപയോഗപ്രദമായ ഉപകരണങ്ങളുടെ വിതരണം, അത്തരക്കാരുടെ ഭവന സന്ദർശനം എന്നിവയ്ക്ക് പരിപാടിയിൽ സമയം കണ്ടെത്താൻ ശ്രമിക്കാവുന്നതാണ്.
17. ഗ്രാമസഭ നടത്തിപ്പ് സംബന്ധിച്ച എല്ലാ കാര്യങ്ങളും മിനിറ്റ്സ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ■

*ലേഖകൻ*
*പഞ്ചായത്ത് വകുപ്പ്*
*ജോയിന്റ് ഡയറക്ടറും ഗ്രാമയാത്രയുടെ*
*സംസ്ഥാനതല കോർഡിനേറ്ററുമാണ്.*

## സുസ്ഥിര വീടുകൾ

# വീടുകളിലെ മാലിന്യങ്ങൾ എങ്ങനെ സമ്പത്താക്കാം

എം. ദിലീപ്കുമാർ

**ആമുഖം**

കേരളത്തിൽ ഏകദേശം 60 ലക്ഷം കുടുംബങ്ങളാണുള്ളതെന്നാണ് കണക്കാക്കുന്നത്. ജനസംഖ്യ ഉയരുന്നതും സ്ഥലപരിമിതികൾ ഉള്ളതും പുതിയ പല വസ്തുക്കളും ദിനംപ്രതി ദൈനംദിന ജീവിതത്തിൽ ഇടം നേടുന്നതും ഉപഭോഗ സംസ്ക്കാരം വളർന്നുവരുന്നതും കാരണം നാട്ടിൻപുറങ്ങളിൽപ്പോലും മാലിന്യ നിർമ്മാർജ്ജനം ഒരു പ്രശ്നമായി മാറുന്നു. ഒരു കാലത്ത് കേരളത്തിലെ വീടുകളിലെ ഖരമാലിന്യങ്ങൾ അതാതു വിടുകളിൽത്തന്നെ നമുക്ക് വളരെ ലളിതമായി കൈകാര്യം ചെയ്യാൻ കഴിഞ്ഞിരുന്നു. ഖരമാലിന്യത്തെ വീട്ടുവളപ്പിൽതന്നെ മരങ്ങളുടെ ചുവട്ടിൽ വളമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിരുന്നു. കൃഷി സ്വന്തമായി നടത്തുന്ന വീടുകളിൽ കാലിത്തൊഴുത്തിനോടനുബന്ധിച്ച് ഒരു വളക്കുഴി ഉണ്ടാവുകയും അവിടെ പച്ചിലകളും വീട്ടിലുണ്ടാകുന്ന കാർഷിക അവശിഷ്ടങ്ങളും ചാണകവുമായി ചേർത്ത് ജൈവവളം ഉണ്ടാക്കുന്ന രീതി നിലനിന്നിരുന്നു. കൃഷി കുറഞ്ഞുവരികയും നമ്മുടെ ഉപയോഗത്തിന് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പല പുതിയ വസ്തുക്കൾ വന്നതിന്റെയും അടിസ്ഥാനത്തിൽ മുമ്പ് നിലനിന്നിരുന്ന മാലിന്യ സംസ്കരണ രീതികൾ പലതും അന്യം നിന്നുപോയി.

ദ്രവമാലിന്യത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഉണ്ടാകുന്ന മലിനജലം അതാതു വീടുകളിൽത്തന്നെ മലിനീകരണം ഉണ്ടാക്കാത്ത തരത്തിൽ കൈകാര്യം ചെയ്യാൻ നമുക്ക് കഴിഞ്ഞിരുന്നു. സ്ഥലവിസ്തൃതി കുറഞ്ഞുവരികയും മുറ്റം ഉൾപ്പെടെയുള്ള തുറസ്സായ സ്ഥലങ്ങൾ കോൺക്രീറ്റും സിമന്റും ഉപയോഗിച്ച് വെള്ളം വാർന്നുപോകാത്ത തരത്തിൽ നിർമ്മിക്കുന്നതും കൊണ്ട് മഴവെള്ളം ഉൾപ്പെടെ വീട്ടിലുണ്ടാകുന്ന പാഴ്ജലം വാർന്നുപോകാൻ സാദ്ധ്യതയില്ലാത്ത സാഹചര്യം ഉണ്ടാകുന്നു. ഓട നിർമ്മിച്ച് തൊട്ടടുത്ത റോഡ് വക്കിലേക്കോ, തുറന്ന സ്ഥലത്തേക്കോ ജലാശയത്തിലേക്കോ ഒഴുക്കിവിടേണ്ട സാഹചര്യം സംജാതമായി. ഇത് വ്യാപകമായ ജലമലിനീകരണത്തിനും ഭൂഗർഭജലശോഷണത്തിനും ഇടയാകുന്നുണ്ട്. ജലവും മറ്റു ഖരരൂപത്തിലുള്ള വിഭവങ്ങളും നമുക്ക് ആവശ്യമുള്ളത് എടുത്തിട്ട് തിരിച്ച് പ്രകൃതിയിലേക്ക് കൊടുക്കേണ്ടതായിട്ടാണുള്ളത്. ഇത്തരത്തിലാണ് പ്രകൃതി ഉദ്ദേശിച്ചിട്ടുള്ളത്. പ്രകൃതിയിലെ മണ്ണിനും സസ്യലതാദികൾക്കും ജന്തുജാലങ്ങൾക്കും അവ ആവശ്യമുണ്ട്. അതിന് തടസ്സമാകുന്ന തരത്തിലാണ് നാം ഇപ്പോൾ ഖര-ദ്രവമാലിന്യങ്ങളെ കൈകാര്യം ചെയ്തുവരുന്നത്. ഇതിനൊരു മാറ്റം ആവശ്യമല്ലേ? പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ മാലിന്യത്തെ അതിന്റെ ഉത്ഭവസ്ഥാനമായ വീടുകളിൽത്തന്നെ നമുക്ക് കൈകാര്യം ചെയ്യാൻ കഴിയില്ലേ? തീർച്ചയായും കഴിയും - നമ്മുടെ പരിസ്ഥിതി ബോധം ഉണർന്നാൽ മാലിന്യം ഒരു സമ്പത്താണെന്ന തിരിച്ചറിവുണ്ടായാൽ.





**സ്ഥാനഭ്രംശം സംഭവിച്ച ഒരു വിഭവമാണ് മാലിന്യം എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വിഭവങ്ങൾ നമുക്ക് ആവശ്യമുള്ളത് എടുത്തിട്ട് തിരിച്ച് പ്രകൃതിയിലേക്ക് നൽകുക എന്ന ദൗത്യം നിറവേറ്റാൻ മാലിന്യത്തിന്റെ ശരിയായ കൈകാര്യം നമ്മെ സഹായിക്കും.**

**ഖര-ദ്രവമാലിന്യങ്ങൾ**

വീടുകളാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങൾ. കേരളത്തിൽ നടന്ന പഠനങ്ങൾ പ്രകാരം സമൂഹത്തിലുണ്ടാകുന്ന മാലിന്യത്തിന്റെ ഏകദേശം 60 ശതമാനവും വീടുകളിലാണ് ഉണ്ടാകുന്നത്. ഇവിടെയാണ് വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ അവിടങ്ങളിൽത്തന്നെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഏറിവരുന്നത്.

വീടുകളിൽ ഉണ്ടാകുന്ന മാലിന്യത്തെ പ്രധാനമായി മൂന്നായി തരംതിരിക്കാം. മനുഷ്യവിസർജ്ജ്യം അടങ്ങുന്ന ബ്ലാക്ക് വാട്ടർ എന്നറിയപ്പെടുന്ന സീവേജ് പ്രധാനമായും കക്കൂസിൽ നിന്നുള്ള മാലിന്യമാണ്. ഇത് വീട്ടിലുണ്ടാകുന്ന മലിനജലത്തിന്റെ ഏകദേശം 30 ശതമാനം വരും. അടുക്കള, കുളിമുറി, വസ്ത്രം കഴുകൽ തുടങ്ങിയവയിൽ നിന്നും ഉണ്ടാകുന്ന മലിനജലത്തെ ഗ്രേ വാട്ടർ അഥവാ സള്ളേജ് എന്ന പേരിലറിയപ്പെടുന്നു. ഇത് ഏകദേശം 70 ശതമാനം വരുന്നു. നഗരപ്രദേശത്ത് ഏകദേശം 110 ലിറ്റർ മലിനജലം ഒരാൾ ഒരു ദിവസം ഉണ്ടാക്കുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഉപയോഗിക്കുന്ന ജലത്തിന്റെ ഏകദേശം 80 ശതമാനവും മലിനജലമായി പുറത്തുവരുന്നു.

---

**ഖരമാലിന്യത്തിന്റെ കാര്യത്തിൽ കേരളത്തിൽ നടന്നിട്ടുള്ള പഠനങ്ങൾ വെളിപ്പെടത്തുന്നത് ആളോഹരി പ്രതിദിനം 400ഗ്രാം ഖരമാലിന്യം നഗരപ്രദേശത്ത് വസിക്കുന്നവർ പുറന്തള്ളുന്നുവെന്നും നാട്ടിൻപുറങ്ങളിൽ ഇത് ഏകദേശം 250ഗ്രാം ആണെന്നുമാണ്. ഇങ്ങനെ വരുമ്പോൾ അഞ്ചുപേരടങ്ങുന്ന ഒരു കുടുംബത്തിൽ നിന്നും പ്രതിദിനം 1.5 കിലോ മുതൽ 2 കിലോ ഖരമാലിന്യം ഉണ്ടാകുന്നുവെന്നാണ് കണക്കാക്കുന്നത്. വീടുകൾ നിലനിൽക്കുന്ന സ്ഥലത്തുതന്നെ ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് ഖര-ദ്രവമാലിന്യ പരിപാലനത്തിന് കരണീയമായിട്ടുള്ളത്.**



ഖരമാലിന്യത്തിന്റെ കാര്യത്തിൽ കേരളത്തിൽ നടന്നിട്ടുള്ള പഠനങ്ങൾ വെളിപ്പെടത്തുന്നത് ആളോഹരി പ്രതിദിനം 400ഗ്രാം ഖരമാലിന്യം നഗരപ്രദേശത്ത് വസിക്കുന്നവർ പുറന്തള്ളുന്നുവെന്നും നാട്ടിൻപുറങ്ങളിൽ ഇത് ഏകദേശം 250ഗ്രാം ആണെന്നുമാണ്. ഇങ്ങനെ വരുമ്പോൾ അഞ്ചുപേരടങ്ങുന്ന ഒരു കുടുംബത്തിൽ നിന്നും പ്രതിദിനം 1.5 കിലോ മുതൽ 2 കിലോ ഖരമാലിന്യം ഉണ്ടാകുന്നുവെന്നാണ് കണക്കാക്കുന്നത്. വീടുകൾ നിലനിൽക്കുന്ന സ്ഥലത്തുതന്നെ ചെലവുകുറഞ്ഞ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് ഖര-ദ്രവമാലിന്യ പരിപാലനത്തിന് കരണീയമായിട്ടുള്ളത്.

കക്കൂസിൽ നിന്നുള്ള മാലിന്യസംസ്കരണത്തിനായി സ്ഥലം കൂടുതലുള്ള വീടുകളിലും സ്ഥാപനങ്ങളിലും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഇല്ലാതുള്ള സ്ഥലങ്ങളിൽ ചെലവു കുറഞ്ഞ ഇരട്ടക്കുഴി കക്കൂസുകൾ സ്ഥാപിക്കാവുന്നതാണ്. എന്നാൽ സ്ഥലസൗകര്യം കുറഞ്ഞതും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഉള്ളതുമായ സ്ഥലങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ ഉണ്ടാക്കിയിട്ടുള്ള സെപ്റ്റിക് ടാങ്കും സോക്ക്പിറ്റും ഉണ്ടാക്കി മനുഷ്യവിസർജ്ജ്യം അടങ്ങിയ മലിനജല സംസ്കരണം നടത്തുന്നതാണ് അഭികാമ്യം. സോക്ക്പിറ്റാണ് മലിനജലം മണ്ണിലേക്ക് വാർന്നുപോകാൻ സഹായിക്കുന്നത്. എന്നാൽ സോക്ക്പിറ്റും കുടിവെള്ള സ്രോതസ്സും തമ്മിലുള്ള അകലം കുറഞ്ഞത് 15 മീറ്റർ ആയിരിക്കണമെന്നാണ് കോളിഫാം ബാക്ടീരിയ നിമിത്തമുള്ള ജലമലിനീകരണം തടയാനുത്തമം. 15 മീറ്റർ ദൂരപരിധി പാലിക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേകം തയ്യാറാക്കുന്ന, ചുറ്റിലും 45 സെന്റീമീറ്റർ കനത്തിൽ

> **വീടുകളിൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് രീതികൾ തിരഞ്ഞെടുക്കാം. നമ്മൾ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന ലളിതമായ കുഴി കമ്പോസ്റ്റിംഗ് രീതിയോ കോൺക്രീറ്റ് റിംഗുകൾ ഉപയോഗിച്ചുള്ള റിംഗ് കമ്പോസ്റ്റിംഗ് രീതിയോ ഉപയുക്തമാക്കാം. വായു സാന്നിദ്ധ്യം ഇല്ലാതുള്ള ഇത്തരത്തിലുള്ള ലഘുവായ കമ്പോസ്റ്റിംഗ് പ്രക്രിയ മൂന്ന് മുതൽ ആറുമാസം കൊണ്ട് പൂർത്തിയാകും. ഇത്തരത്തിൽ ലഭിക്കുന്ന കമ്പോസ്റ്റ് വീട്ടുവളപ്പിൽ തന്നെ കൃഷിക്ക് ഉപയോഗിക്കാം. സ്ഥലസൗകര്യം കുറഞ്ഞ വീടുകളിലും ഫ്ളാറ്റുകളിലും വെർമികമ്പോസ്റ്റിംഗ് രീതി അനുവർത്തിച്ച് ഭക്ഷ്യാവശിഷ്ടങ്ങളും അടുക്കള അവശിഷ്ടങ്ങളും കമ്പോസ്റ്റാക്കി മാറ്റാൻ കഴിയും.**



മണൽ നിറച്ച് സോക്ക്പിറ്റുകൾ നിർമ്മിക്കാവുന്നതാണ്. മനുഷ്യനും മൃഗങ്ങളും പ്രാണികളും ബന്ധപ്പെടാത്ത തരത്തിൽ മനുഷ്യവിസർജ്ജ്യം സംസ്കരിക്കാൻ ശ്രദ്ധിച്ചാൽ പകർച്ചവ്യാധികളുടെ വ്യാപനം ഒരളവുവരെ തടയാൻ സഹായകമാകും. മനുഷ്യവിസർജ്ജ്യവുമായി ബന്ധപ്പെട്ട മലിനജലമാകയാൽ വളരെ ശ്രദ്ധയോടെയാണ് കൈകാര്യം ചെയ്യേണ്ടത്.

വീടുകളിൽ ഉണ്ടാകുന്ന മലിനജലത്തിന്റെ ഏകദേശം 2/3 ഭാഗവും വരുന്ന അടുക്കള, കുളിമുറി, വസ്ത്രം കഴുകൽ തുടങ്ങിയവയിൽ നിന്നുള്ള സള്ളേജ് എന്നറിയപ്പെടുന്ന മലിനജലമാണ്. ഇതിനെ മനുഷ്യവിസർജ്ജ്യങ്ങളുമായി കലരാതെ പ്രത്യേകം ശേഖരിച്ച് ലഘുവായ ശുദ്ധീകരണത്തിനുശേഷം വീടുകളിൽ ചെടികൾക്കും കാർഷിക ആവശ്യങ്ങൾക്കും നനയ്ക്കാനും ഭൂഗർഭജല പോഷണത്തിനുമായി ഉപയുക്തമാക്കാം. സ്ഥലസൗകര്യമുള്ള വീടുകളിൽ അവ വീട്ടുപരിസരത്ത് കെട്ടിക്കിടന്ന് ഈച്ച, കൊതുക്, ഇവ പരത്താത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. എണ്ണമെഴുക്ക് മാറ്റാനായി ഒരു ചെറിയ ടാങ്കും മലിനജലത്തിൽ അടങ്ങിയിട്ടുള്ള ഖരപദാർത്ഥങ്ങൾ അടിയിച്ചുമാറ്റാനുള്ള ചെറിയ ടാങ്കും നിർമ്മിച്ച് അവയിലൂടെ ഒഴുക്കി ശുദ്ധീകരിച്ച ശേഷം വീട്ടുവളപ്പിലെ കൃഷിക്കോ, വൃക്ഷത്തിന്റെ ചുവട്ടിലേക്കോ ഒഴുക്കി നിർമ്മാർജ്ജനം ചെയ്യാൻ കഴിയും. സ്ഥലസൗകര്യം കുറഞ്ഞ വീടുകളിൽ സോക്ക്പിറ്റുകൾ നിർമ്മിച്ച് സള്ളേജ് (മലിനജലം) നിർമ്മാർജ്ജനം ചെയ്യുന്നത് ആ പ്രദേശത്തെ ഭൂഗർഭ ജലപോഷണത്തിന് സഹായകമാകും. വീടുകളിൽ ഉണ്ടാകുന്ന മലിനജലം അത് ശുദ്ധീകരിച്ചതാണെങ്കിൽക്കൂടി റോഡ് വക്കിലുള്ള ഓടയിലേക്കോ ജലാശയങ്ങളിലേക്കോ ഒഴുക്കിവിടാൻ പാടുള്ളതല്ല. റോഡുവക്കിലെ ഓട മഴവെള്ളം ഒഴുക്കിക്കളയാനുള്ളതാണ് അല്ലാതെ മലിനജലം ഒഴുക്കാനുള്ളതല്ല എന്ന ബോധം നമുക്കുണ്ടാകണം. ഇത്തരത്തിൽ ലഘുവായ രീതികൾ അവലംബിച്ച് ഗാർഹിക മലിനജലം നമുക്ക് പ്രകൃതിക്ക് ഇണങ്ങിയ രീതിയിൽ വിനിയോഗിക്കാൻ കഴിയും?

## മാലിന്യ പരിപാലനം

ചപ്പുചവറുകൾ അഥവാ ഖരമാലിന്യം വീടുകളിലായാലും സ്ഥാപനങ്ങളിലായാലും ഉണ്ടാകുന്ന സ്ഥലത്തു തന്നെ തരംതിരിച്ച് സംഭരിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നടപടി. ചുരുങ്ങിയത് രണ്ടായിട്ട് ഖരമാലിന്യത്തെ തരംതിരിക്കാൻ നമുക്ക് കഴിയണം. വേഗത്തിൽ ചീഞ്ഞളിയുന്ന മാലിന്യം ഒരു സംഭരണിയിലും അടുത്തതിൽ ചീഞ്ഞളിയാത്ത അഥവാ ജൈവജീർണ്ണനം നടക്കാത്ത മാലിന്യങ്ങളും തരംതിരിച്ച് സംഭരിക്കാൻ കഴിയണം.

വേഗത്തിൽ ചീഞ്ഞളിയുന്ന മാലിന്യങ്ങളാണ് ദുർഗ്ഗന്ധം പരത്താനും ഈച്ച, കൊതുക് ഇവ പെരുകാനും തദ്വാര പരിസര മലിനീകരണത്തിനുമിടയാക്കുന്നത്. അത്തരത്തിലുള്ള മാലിന്യങ്ങൾ ഉണ്ടാകുന്ന സ്ഥലത്തുതന്നെ ജൈവപ്രക്രിയകളായ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പ്രക്രിയകൾ അവലംബിച്ച് അവയിൽ നിന്നും വിഭവങ്ങൾ വീണ്ടെടുക്കാവുന്നതാണ്. ചെലവുകുറഞ്ഞ ലളിതമാർഗ്ഗങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം.

വീടുകളിൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് വിവിധ തരത്തിലുള്ള കമ്പോസ്റ്റിംഗ് രീതികൾ തിരഞ്ഞെടുക്കാം. നമ്മൾ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന ലളിതമായ കുഴി കമ്പോസ്റ്റിംഗ് രീതിയോ കോൺക്രീറ്റ് റിംഗുകൾ ഉപയോഗിച്ചുള്ള റിംഗ് കമ്പോസ്റ്റിംഗ് രീതിയോ ഉപയുക്തമാക്കാം. വായുസാന്നിദ്ധ്യം ഇല്ലാതുള്ള ഇത്തരത്തിലുള്ള ലഘുവായ കമ്പോസ്റ്റിംഗ് പ്രക്രിയ മൂന്ന് മുതൽ ആറുമാസം കൊണ്ട് പൂർത്തിയാകും. ഇത്തരത്തിൽ ലഭിക്കുന്ന കമ്പോസ്റ്റ് വീട്ടുവളപ്പിൽ തന്നെ കൃഷിക്ക് ഉപയോഗിക്കാം. സ്ഥലസൗകര്യം കുറഞ്ഞ വീടുകളിലും ഫ്ളാറ്റുകളിലും വെർമികമ്പോസ്റ്റിംഗ് രീതി അനുവർത്തിച്ച് ഭക്ഷ്യാവശിഷ്ടങ്ങളും അടുക്കള അവശിഷ്ടങ്ങളും കമ്പോസ്റ്റാക്കി മാറ്റാൻ കഴിയും.

സ്ഥല സൗകര്യമുള്ളതും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഇല്ലാത്തതുമായ വീടുകളിൽ ലളിതമായ കുഴി കമ്പോസ്റ്റിംഗ് നടത്താനായി ഒരു മീറ്റർ നീളവും ഒരു മീറ്റർ താഴ്ചയും ഉള്ള രണ്ട് കുഴികൾ ഉണ്ടാക്കി കുഴിയുടെ അടിഭാഗം ഇഷ്ടിക പാകി നിരപ്പാക്കി ഉപയോഗപ്പെടുത്താം. ആദ്യം ഒരു കുഴി മാലിന്യ നിക്ഷേപത്തിനായി ഉപയോഗിക്കാം. ഇടയ്ക്കിടയ്ക്ക് മാലിന്യനിക്ഷേപത്തിനുശേഷം മണ്ണ് വിതറുന്നത് ഈച്ച, കൊതുക് തുടങ്ങിയവ പരക്കാതിരിക്കാനും ദുർഗന്ധം വമിക്കാതിരിക്കാനും സഹായിക്കും. ആദ്യത്തെ കുഴി നിറയുമ്പോൾ അത് മണ്ണിട്ട് മൂടിയിട്ട് രണ്ടാമത്തെ കുഴി ഉപയോഗിക്കാം. രണ്ടാമത്തെ കുഴി നിറയുമ്പോൾ ആദ്യത്തെ കുഴിയിലെ മാലിന്യം കമ്പോസ്റ്റായി മാറിയിരിക്കും.

ഇതേ രീതിയിൽ തന്നെ രണ്ട് കോൺക്രീറ്റ് റിംഗുകൾ (ഫെറോ സിമന്റ് റിംഗുകളുമാകാം) ഉപയോഗപ്പെടുത്തി സാധാരണ കമ്പോസ്റ്റിംഗ് നടത്താം. ഒരു മീറ്റർ വ്യാസവും 70 സെന്റീമീറ്റർ പൊക്കവുമുള്ള മൂടിയോടുകൂടിയ രണ്ട് കോൺക്രീറ്റ് റിംഗുകൾ സിമന്റിട്ട പ്രതലത്തിൽ വെച്ച് കമ്പോസ്റ്റിംഗ് നടത്തുന്നതാണ് റിംഗ് കമ്പോസ്റ്റിംഗ് രീതി. സ്ഥലസൗകര്യം കുറഞ്ഞ നഗരപ്രദേശത്തെ വീടുകൾക്ക് ഇത് യോജിച്ചതാണ്.

മണ്ണിര കമ്പോസ്റ്റിംഗ് രീതിയും നമുക്ക് ഉപയോഗപ്പെടുത്താം. പക്ഷേ അവ ശ്രദ്ധയോടെ നടത്തുവാൻ കഴിയുന്നവർക്കാണ് കൂടുതൽ പ്രായോഗികം. 25 ലിറ്റർ ശേഷിയുള്ള രണ്ട് പ്ലാസ്റ്റിക് അല്ലെങ്കിൽ ചെളികൊണ്ട് നിർമ്മിച്ച ബിന്നുകളിൽ (ചട്ടികളിലും) അവയുടെ താഴ്ഭാഗം വെള്ളം വാർന്നുപോകാൻ പാകത്തിൽ സുഷിരങ്ങളിട്ട് കമ്പോസ്റ്റിംഗിനായി ഉപയോഗപ്പെടുത്താം. ഒരു ബിന്നിൽ ഏകദേശം 200 മണ്ണിരകളെ ഇട്ട് നടത്തുന്ന ഇത്തരത്തിലുള്ള കമ്പോസ്റ്റിംഗ് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്താൽ വളരെ മൂല്യമുള്ള മണ്ണിര വളം ലഭിക്കും എന്നതാണ് മെച്ചം.

ഗാർഹിക തലത്തിൽ അനുവർത്തിക്കാവുന്ന മറ്റൊരു ഖരമാലിന്യ സംസ്കരണ രീതിയാണ് ബയോഗ്യാസ് പ്ലാന്റുകൾ. വേഗത്തിൽ ചീഞ്ഞളിയുന്ന ഭക്ഷ്യ-അടുക്കള അവശിഷ്ടങ്ങൾ ബയോഗ്യാസ് പ്ലാന്റുകൾ ഉപയോഗപ്പെടുത്തി സംസ്ക്കരിക്കാവുന്നതാണ്. ഇതിനോടൊപ്പം മനുഷ്യവിസർജ്ജ്യം കൂടി കലർത്തിയാൽ ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും ബയോഗ്യാസ് കൂടുതലായി കിട്ടുമെന്നും കാണാൻ കഴിഞ്ഞിട്ടുണ്ട്. വീടുകളിൽ സാധാരണ സ്ഥാപിക്കുന്ന ബയോഗ്യാസ് പ്ലാന്റിന്റെ ശേഷി $^{1}/_{2}$ ക്യുബിക് മീറ്ററോ പരമാവധി ഒരു ക്യുബിക് മീറ്ററോ ആണ്. ഇതിൽ പ്രതിദിനം രണ്ടര കിലോ മുതൽ 7.5 കിലോ വരുന്ന ഖരമാലിന്യവും അത്രതന്നെ ദ്രവമാലിന്യവും സംസ്കരിക്കാൻ കഴിയും. $^{1}/_{2}$ ക്യുബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് പ്ലാസ്റ്റിക് ടാങ്ക് ഉപയോഗിച്ച് നിർമ്മിച്ച് അതിനുള്ള സ്റ്റൗ, മറ്റ് അനുബന്ധ സാമഗ്രികൾക്കുമായി ഏകദേശം 3000 രൂപയാണ് സ്ഥാപനചെലവായി വേണ്ടത്. 1 ക്യൂബിക് മീറ്റർ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് കോൺക്രീറ്റിൽ ദഹന അറയും ഫൈബർ ഗ്യാസ് ഹോൾഡറുമായി നിർമ്മിക്കുന്നതിന് ഏകദേശം 10,000 രൂപ സ്ഥാപന ചെലവ് വേണ്ടിവരും. $^{1}/_{2}$ ക്യുബിക് മീറ്റർ ശേഷിയുള്ള പ്ലാന്റായാൽ ഒരു സ്റ്റൗ ഏകദേശം 1 $^{1}/_{2}$ മണിക്കൂർ കത്തിക്കാനും 1 ക്യുബിക് മീറ്റർ ശേഷിയുള്ള പ്ലാന്റിൽ നിന്നും ഏകദേശം 2-3 മണിക്കൂർ കത്തിക്കാനുമുള്ള ബയോഗ്യാസ് ലഭിക്കും. ഇതിൽനിന്നും ബയോഗ്യാസ് പ്ലാന്റ് വീടുകളിൽ വ്യാപകമായി ഉപയോഗപ്പെടുത്താവുന്ന ഒരു സാങ്കേതിക വിദ്യയാണ് എന്ന് കാണാൻ കഴിയും.

സംസ്ഥാന സർക്കാർ ഇതിന്റെ സാദ്ധ്യത തിരിച്ചറിഞ്ഞ് വിവിധ കമ്പോസ്റ്റിംഗ് രീതികൾ, ബയോഗ്യാസ് പ്ലാന്റ് എന്നീ സാങ്കേതികവിദ്യകൾ വീടുകൾ, സ്ഥാപനങ്ങൾ, പട്ടണങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുമ്പോൾ പ്ലാന്റുകൾക്ക് ഉണ്ടാകേണ്ട ഗുണനിലവാര മാർഗ്ഗരേഖ, പ്രവർത്തിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, മതിപ്പ് ചെലവ് തുടങ്ങിയവ ഉൾക്കൊള്ളിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 11.2.2008ൽ മാർഗ്ഗരേഖയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്കും സ്ഥാപന ഉടമകൾക്കും ഈ മാർഗ്ഗരേഖ ഉപയോഗപ്പെടുത്തി തങ്ങൾക്കാവശ്യമുള്ള സാങ്കേതിക വിദ്യയുടെ വിശദവിവരങ്ങൾ മനസ്സിലാക്കി പ്രാവർത്തികമാക്കാവുന്നതാണ്. ഇക്കാര്യത്തിൽ പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി വീടുകൾക്കും സ്ഥാപനങ്ങൾക്കും കമ്പോസ്റ്റ് സംവിധാനമോ ബയോഗ്യാസ് പ്ലാന്റോ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം സബ്സിഡി ആയി നൽകാനും ഈ വിജ്ഞാപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇക്കാര്യത്തിൽ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിന് അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ ശുചിത്വ മിഷന്റെ ജില്ലാതല ഓഫീസുകളുമായോ ബന്ധപ്പെടാവുന്നതാണ്.

## ഉപസംഹാരം

സ്ഥാനഭ്രംശം സംഭവിച്ച ഒരു വിഭവമാണ് മാലിന്യം എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വിഭവങ്ങൾ നമുക്ക് ആവശ്യമുള്ളത് എടുത്തിട്ട് തിരിച്ച് പ്രകൃതിയിലേക്ക് നൽകുക എന്ന ദൗത്യം നിറവേറ്റാൻ മാലിന്യത്തിന്റെ ശരിയായ കൈകാര്യം നമ്മെ സഹായിക്കും. നമ്മുടെ വീടുകളിൽ ഉണ്ടാകുന്ന ഖര-ദ്രവമാലിന്യങ്ങളിൽ നിന്നും വിലപ്പെട്ട വിഭവങ്ങൾ വീണ്ടെടുക്കാമെന്നും ഇതിനായി ലളിതമായ മാർഗ്ഗങ്ങൾ അവലംബിക്കാമെന്നും നാം മനസ്സിലാക്കി. ഇങ്ങനെ ചെയ്യുന്നതിൽ നിന്നു നാം ഉണ്ടാക്കുന്ന മാലിന്യങ്ങൾ സമൂഹത്തിനും പരിസ്ഥിതിക്കും ആഘാതം ഉണ്ടാക്കുന്നില്ല എന്നു മാത്രമല്ല അവയെ നമുക്ക് സമ്പത്തായി മാറ്റാനും കഴിയും. ഇതിൽനിന്നും വീടു നന്നായാൽ നാട് നന്നായി എന്ന ചൊല്ല് മാലിന്യത്തിന്റെ കാര്യത്തിൽ നമുക്ക് അന്വർത്ഥമാക്കാൻ കഴിയും. ■

*ലേഖകൻ ശുചിത്വമിഷൻ ഡയറക്ടറാണ്*

> **സ്ഥല സൗകര്യമുള്ളതും തൊട്ടടുത്ത് കുടിവെള്ള സ്രോതസ്സ് ഇല്ലാത്തതുമായ വീടുകളിൽ ലളിതമായ കുഴി കമ്പോസ്റ്റിംഗ് നടത്താനായി ഒരു മീറ്റർ നീളവും ഒരു മീറ്റർ താഴ്ചയും ഉള്ള രണ്ട് കുഴികൾ ഉണ്ടാക്കി കുഴിയുടെ അടിഭാഗം ഇഷ്ടിക പാകി നിരപ്പാക്കി ഉപയോഗപ്പെടുത്താം. ആദ്യം ഒരു കുഴി മാലിന്യ നിക്ഷേപത്തിനായി ഉപയോഗിക്കാം. ഇടയ്ക്കിടയ്ക്ക് മാലിന്യനിക്ഷേപത്തിനുശേഷം മണ്ണ് വിതറുന്നത് ഈച്ച, കൊതുക് തുടങ്ങിയവ വമിക്കാതിരിക്കാനും ദുർഗന്ധം പരക്കാതിരിക്കാനും സഹായിക്കും. ആദ്യത്തെ കുഴി നിറയുമ്പോൾ അത് മണ്ണിട്ട് മൂടിയിട്ട് രണ്ടാമത്തെ കുഴി ഉപയോഗിക്കാം. രണ്ടാമത്തെ കുഴി നിറയുമ്പോൾ ആദ്യത്തെ കുഴിയിലെ മാലിന്യം കമ്പോസ്റ്റായി മാറിയിരിക്കും.**



# മാലിന്യ സംസ്കരണം: കേരളം നേരിടുന്ന പ്രശ്നങ്ങൾ

ബോബൻ തോമസ്

**മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വർദ്ധിച്ച ഉപഭോക്തൃ സംസ്കാരം നിലവിലുള്ള സംസ്ഥാനമാണ് കേരളം. തന്മൂലം ആളോഹരി മാലിന്യ ഉല്പാദനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. വർദ്ധിച്ച ജനസാന്ദ്രതയോടൊപ്പം ഉയർന്ന ഉപഭോഗം കേരളത്തിൽ മാലിന്യപരിപാലനം കൂടുതൽ സങ്കീർണ്ണമാക്കുന്നു.**

ശുചിത്വ പരിപാലന മേഖലയിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനമാണ് കേരളം. കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളിൽ 952 എണ്ണവും കേന്ദ്രസർക്കാരിന്റെ നിർമ്മൽ ഗ്രാമ പുരസ്കാരം ഇതിനകം നേടിയിട്ടുണ്ട്. കേരളത്തിലെ പൊതുജനാരോഗ്യ സേവന മേഖലയും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കുന്ന ഒന്നാണ്. ഉയർന്ന സാക്ഷരത, ജനകീയ പ്രതിബദ്ധതയുള്ള സർക്കാരുകൾ, സജീവമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവയിലൂടെയാണ് കേരളത്തിന് ഈ നേട്ടങ്ങൾ കൈവരിക്കാനായിട്ടുള്ളത്.

എന്നാൽ കേരളത്തിൽ സമീപ വർഷങ്ങളിലായി ഉണ്ടായിട്ടുള്ള പകർച്ച വ്യാധികൾ സംസ്ഥാനത്തെ മാലിന്യ സംസ്കരണ മേഖലയിലെ അപര്യാപ്തതകളിലേക്ക് കൂടി വിരൽചൂണ്ടുന്നു. മാലിന്യ പരിപാലന കാര്യത്തിലെ അശ്രദ്ധ കേരളത്തിൽ പകർച്ചവ്യാധികൾ പടരുന്നതിനും സംസ്ഥാനത്ത് പരിചിതമല്ലാത്ത രോഗങ്ങളുടെ വരവിനും ഒരു പരിധി വരെ കാരണമായിട്ടുണ്ട്.

മാലിന്യ പരിപാലന രംഗത്ത് കേരളം നേരിടുന്ന പ്രശ്നങ്ങൾ പലതാണ്.

### വർദ്ധിച്ച ജനസാന്ദ്രത

രാജ്യത്തെ വർദ്ധിച്ച ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കൂടുതൽ സ്ഥലസൗകര്യങ്ങൾ ആവശ്യമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നത് ദുഷ്കരമാണ്. തദ്ദേശവാസികളുടെ എതിർപ്പു മൂലം നിലവിലെ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നു. എന്നിരുന്നാലും മാലിന്യ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടണമെങ്കിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ പൊതുമാലിന്യ സംസ്കരണ സംവിധാനവും നടപ്പിലാക്കേണ്ടതുണ്ട്.

### ഉപഭോക്തൃ സംസ്കാരം

മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വർദ്ധിച്ച ഉപഭോക്തൃ സംസ്കാരം നിലവിലുള്ള സംസ്ഥാനമാണ് കേരളം. തന്മൂലം ആളോഹരി മാലിന്യ ഉല്പാദനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. വർദ്ധിച്ച ജനസാന്ദ്രതയോടൊപ്പം ഉയർന്ന ഉപഭോഗം കേരളത്തിൽ മാലിന്യപരിപാലനം കൂടുതൽ സങ്കീർണ്ണമാക്കുന്നു.

### മാലിന്യങ്ങളുടെ ഈർപ്പ സ്വഭാവം

കേരളത്തിലെ സവിശേഷമായ കാലാവസ്ഥ മാലിന്യങ്ങളുടെ സ്വഭാവത്തിലും വ്യത്യസ്തത ഉളവാക്കുന്നു. സംസ്ഥാനത്തെ ഉയർന്ന മഴയുടെ തോത് മാലിന്യം കൂടുതൽ ഈർപ്പമുള്ളതാക്കുന്നു. സംസ്ഥാനത്തെ വർദ്ധിച്ച ഇല ഉപഭോഗവും മാലിന്യങ്ങളുടെ ഈർപ്പ സ്വഭാവത്തിന് കാരണമാകുന്നു. തന്മൂലം മാലിന്യസംസ്ക്കരണത്തിനായി രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലും പാശ്ചാത്യ രാജ്യങ്ങളിലും സ്വീകരിക്കുന്ന വിവിധ സാങ്കേതിക രീതികൾ ഇവിടെ അനുയോജ്യമാകാതെ വരുന്നു. ഈർപ്പമുള്ള മാലിന്യ സംസ്കരണത്തിന് അനുയോജ്യമായ ജൈവ സാങ്കേതിക രീതികളാണ് ഈ സാഹചര്യങ്ങളിൽ ഉപയോഗപ്രദമാക്കുന്നത്. അതോടൊപ്പം, പ്രായേണ പുതിയതും ഉയർന്ന സാങ്കേതിക വിദ്യകൾ അവലംബിച്ചുകൊണ്ടുള്ള മാലിന്യ സംസ്കരണ രീതികളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

### സവിശേഷമായ ഭൂപ്രകൃതി

കേരളത്തിന്റെ വ്യത്യസ്തമായ ഭൂപ്രകൃതിയും മാലിന്യ സംസ്കരണത്തെ മറ്റൊരുരീതിയിൽ ബാധിക്കുന്നുണ്ട്. രാജ്യത്തെ ചെറിയ സംസ്ഥാനങ്ങളിലൊന്നാണ് കേരളം എങ്കിലും വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് നമുക്കുള്ളത്. കേരളത്തിലെ ഭൂവിസ്തൃതി ഉയർന്ന പ്രദേശം സമതല പ്രദേശം തീരപ്രദേശം എന്നീ മൂന്നുതരത്തിൽ പ്രകൃതിയാൽ തന്നെ വിഭജിച്ചിട്ടുള്ളതാണ്. ഇവയിൽ ഉയർന്ന പ്രദേശം കൂടുതലും വനപ്രദേശമായതിനാൽ ഇവിടടെ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നത് പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കും. തീരപ്രദേശങ്ങളിലെ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതും അസാധ്യമാണ്. അതിനാൽ പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് കൂടുതൽ അനുയോജ്യം സമതല പ്രദേശങ്ങളാണ്. എന്നാൽ സമതല പ്രദേശം പരിമിതവും ജനസാന്ദ്രത കൂടുതലുള്ളതുമാണ്.

### വർദ്ധിച്ച പ്ലാസ്റ്റിക് ഉപഭോഗം

കൈകാര്യം ചെയ്യുന്നതിലുള്ള സൗകര്യവും വിലക്കുറവും മൂലം പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം ജനങ്ങളിൽ വർദ്ധിച്ചു വരികയും അത് പരിസ്ഥിതിക്ക് കൂടുതൽ ആഘാതം സൃഷ്ടിച്ചു കൊണ്ടിരിക്കുകയുമാണ്. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് സഞ്ചികൾ മറ്റ് ജൈവ ഖരമാലിന്യങ്ങളുമായി കൂടി കലർത്തി നിക്ഷേപിക്കുന്നത് മാലിന്യ സംസ്കരണത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. പ്ലാസ്റ്റിക് മാലിന്യം ജൈവ വിഘടനം നടന്ന് മണ്ണിലേക്ക് ലയിച്ചുചേരാത്തവയായതിനാൽ അവ ജീർണ്ണിക്കാതെ മണ്ണിൽ നിലനിൽക്കുകയും ജലത്തിന്റെ സ്വാഭാവികമായ നീരൊഴുക്കു തടയുകയും മണ്ണിലെ ജൈവവ്യവസ്ഥയ്ക്ക് ശോഷണം സംഭവിക്കുകയും ചെയ്യും. പ്ലാസ്റ്റിക് മാലിന്യം വേർതിരിച്ച് സൂക്ഷിക്കുകയും അവ കേന്ദ്രീകൃതമായി ശേഖരിക്കപ്പെടുകയും അവ പുനരുപയോഗത്തിന് വിധേയമാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി പരിമിതപ്പെടുത്തുവാനും പകരം വസ്തുക്കൾ ഉപയോഗിക്കുവാനും ഓരോ പൗരനും ശ്രദ്ധിക്കേണ്ടതുണ്ട്.

### വേർതിരിക്കാതെയുള്ള മാലിന്യ നിക്ഷേപം

വേർതിരിക്കാതെ നിക്ഷേപിക്കുന്നതും ശേഖരിക്കുന്നതുമായ മാലിന്യം മാലിന്യ സംസ്കരണത്തിന് വലിയ ഒരു തലവേദനയായി മാറുന്നു. മാലിന്യങ്ങൾ പ്ലാസ്റ്റിക് കൂടുകളിലാക്കി അവ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുന്നത് മാലിന്യ പരിപാലനത്തിന് ഒരു വെല്ലുവിളിയായി തീർന്നിരിക്കുന്നു. തന്മൂലം പ്രകൃത്യാലുള്ള മാലിന്യ വിഘടനം നടക്കാതെ വരുന്നു. ഉറവിടങ്ങളിൽ തന്നെ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് വ്യത്യസ്ത ബിന്നുകളിലായി ശേഖരിക്കപ്പെടുന്ന ശൈലി സമൂഹത്തിൽ വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

### മാറ്റം വരേണ്ട സാമൂഹിക സമീപനം

സാമൂഹ്യ ബോധത്തിൽ വന്നിട്ടുള്ള ഗുണകരമല്ലാത്ത മാറ്റം, മാലിന്യം കുറയ്ക്കുന്നതിന്റെ ആവശ്യകതയെപറ്റിയുള്ള അജ്ഞത അഥവാ താത്പര്യക്കുറവ്, വ്യാപകമായ NIMBY (Not In My Back Yard) സമീപനം മുതലായവ മാലിന്യ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നതിന്റെ മറ്റ് കാരണങ്ങളാണ്. കേരളത്തിലെ ജനങ്ങൾ വ്യക്തി ശുചിത്വത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമ്പോൾ പൊതുശുചിത്വത്തോട് മുഖം തിരിഞ്ഞു നിൽക്കുന്നതായി കാണാം. സ്വന്തം വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതു പോലെ തന്നെ പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. മാലിന്യങ്ങൾ ഉറവിട സ്ഥാനങ്ങളിൽ തന്നെ ശാസ്ത്രീയമായി ശേഖരിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ കേന്ദ്രീകൃത മാലിന്യങ്ങളുടെ അളവ് ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. മാലിന്യങ്ങൾ ഉറവിട സ്ഥാനങ്ങളിൽ ലഭ്യമായ സ്ഥല പരിമിതിക്കുള്ളിൽ തന്നെ സംസ്കരിക്കുവാനുള്ള സാങ്കേതിക വിദ്യ നമുക്ക് ലഭ്യമാണ്. ഹോട്ടലുകൾ, ഫ്ളാറ്റുകൾ തുടങ്ങിയ മാലിന്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്നതും എന്നാൽ സ്ഥലപരിമിതിയുള്ളതുമായ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ബന്ധപ്പെട്ട അസോസിയേഷനുകൾ മുൻകൈയെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ശുചിത്വം ഓരോരുത്തരുടെയും അവകാശമാണെന്നതോടൊപ്പം ഓരോരുത്തരുടെയും കടമ കൂടിയാണെന്ന കാര്യം ഓർമ്മിക്കുക. നമ്മൾ ഉൽപാദിപ്പിക്കുന്ന മാലിന്യം സംസ്കരിക്കേണ്ടതിന്റെ ഉത്തരവാദിത്വം നമ്മൾക്ക് തന്നെയാണെന്ന ബോധം ഓരോരുത്തരും വളർത്തിയെടുക്കേണ്ടതുണ്ട്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാരിന്റെയോ മാത്രം ഉത്തരവാദിത്വമല്ല. ■

*ലേഖകൻ ശുചിത്വമിഷനിൽ പ്രോഗ്രാം ഓഫീസറാണ്.*



# മാലിന്യ നിർമ്മാർജനം: സർക്കാരിനൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളും ജനങ്ങളും ഒറ്റക്കെട്ടാകണം – മുഖ്യമന്ത്രി

മാലിന്യ നിർമ്മാർജനത്തിന് സംസ്ഥാന സർക്കാരിനൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുജനങ്ങളും ഒറ്റക്കെട്ടാകണമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. മലയാള മനോരമയുമായി ചേർന്ന് സംസ്ഥാന ശുചിത്വമിഷൻ സംഘടിപ്പിച്ച സ്വാശ്രയ ശുചിത്വ കേരളം സുകൃതപുരം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്താകമാനമുള്ള പ്രശ്നമാണ് മാലിന്യം. വിജയകരമായ ഒരു മാതൃകയില്ലാത്തതായിരുന്നു സംസ്ഥാനത്തിന്റെ പരാജയം. മാലിന്യ സംസ്ക്കരണത്തിനായി സംസ്ഥാനത്ത് പലയിടത്തും മുൻപ് നടപ്പാക്കിയ വിവിധ പദ്ധതികൾ ഓരോന്നും പരാജയമാകുകയായിരുന്നു. മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് വിജയപ്രദമായ സാങ്കേതികവിദ്യാ മാതൃക സർക്കാരിനു മുന്നിലുണ്ട്. കേരളത്തിൽ പ്രായോഗികതലത്തിൽ കൊണ്ടു വരാൻ കഴിയുമെന്ന് സർക്കാരിന് ഉറപ്പുള്ള പദ്ധതിയാണിത്. ജനപങ്കാളിത്തത്തോടെ ഇതു നടപ്പാക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. പ്ലാന്റ് സ്ഥാപിക്കണമെങ്കിൽ അതിനുള്ള സ്ഥലം പ്രാദേശികമായി കണ്ടെത്തിയേ മതിയാകുകയുള്ളൂ. സ്ഥലം ലഭ്യമായാൽ പദ്ധതി നടപ്പാക്കാൻ പ്രയാസമുണ്ടാകില്ലെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. എന്നാൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി ആരംഭിക്കുന്നതിനായി സ്ഥലം നോക്കുമ്പോൾ തന്നെ അവിടെ നിന്നും സമരങ്ങളും എതിർപ്പുകളുമാണ് ഉയർന്നു വരുന്നത്. മുൻകാലങ്ങളിലുണ്ടായ അനുഭവങ്ങൾ സർക്കാരുകളുടെ പദ്ധതികളിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതാക്കിയതാണ് ഇതിനു കാരണം. രാഷ്ട്രീയ ലക്ഷ്യമോ വ്യക്തിതാൽപര്യങ്ങളോ അല്ല ഇത്തരം എതിർപ്പുകൾക്ക് അടിസ്ഥാനമെന്ന് സർക്കാരിന് വ്യക്തമാണ്. ഇക്കാര്യത്തിൽ ശക്തമായ ബോധവത്ക്കരണം ഉണ്ടായേ മതിയാകുകയുള്ളൂ. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിനൊപ്പം ബാക്കി വരുന്ന മാലിന്യങ്ങൾ ജൈവകൃഷിക്കും പച്ചക്കറി ഉത്പാദനത്തിനും പര്യാപ്തമാക്കിയാൽ സംസ്ഥാനം ഇന്ന് നേരിടുന്ന പച്ചക്കറി ദൗർലഭ്യം ഇല്ലാതാക്കാനും ഇതിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥ മാറ്റാനും കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മാലിന്യപ്രശ്നപരിഹാരത്തിന് സാങ്കേതിക വിദ്യയ്ക്കൊപ്പം ജനപങ്കാളിത്തവും ഉറപ്പാക്കും. ഇതിന് ജനങ്ങളെ ബോധവത്ക്കരിക്കുകയെന്നതാണ് പരമപ്രധാനം. വികേന്ദ്രീകൃത മാലിന്യസംസ്ക്കരണ രീതിയാണ് സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. ബാക്കി വരുന്ന മാലിന്യത്തിൽ നിന്നും പ്ലാസ്റ്റിക്ക് വേർതിരിച്ച് അത് സംസ്ക്കരിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നിടത്തേക്ക് അയയ്ക്കും. തുടർന്നും ബാക്കിയാകുന്നവ മാത്രമേ പൊതുസ്ഥലത്തേക്ക് വരുന്നുള്ളൂ. ഇത് പ്ലാന്റുകൾ നിർമിച്ച് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പൂർണ്ണമായും സംസ്ക്കരിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

മാലിന്യം സംസ്ഥാനത്തിന് പ്രശ്നമല്ലെന്നു വളർന്നുവന്ന ചിന്തയുടെ ഫലമാണ് കേരളം ഇന്ന് അനുഭവിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. വൈകിയെങ്കിലും ജനങ്ങളുടെ ചിന്താധാരയിൽ ഇന്ന് മാറ്റം വന്നിട്ടുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിനൊപ്പം ജനബോധവത്ക്കരണവും നടക്കണം. മാലിന്യം ഉദ്ഭവസ്ഥാനത്തു തന്നെ സംസ്ക്കരിക്കുന്നതിനുള്ള ശീലം ജനങ്ങളിൽ വളർത്താൻ കഴിഞ്ഞാൽ മാത്രമേ പ്രശ്നം പൂർണ്ണമായും ഇല്ലാതാകുകയുള്ളൂ. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്ലാന്റുകൾ വഴി സംസ്ഥാനത്ത് മാലിന്യസംസ്ക്കരണം നടപ്പാക്കും. സംസ്ഥാനത്ത് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആധുനിക പ്ലാന്റുകൾ സ്ഥാപിക്കും. പാറമടകളും വനപാർശ്വങ്ങളും ഒഴിഞ്ഞ സ്ഥലങ്ങളുമൊക്കെ സർക്കാർ ഇക്കാര്യത്തിനായി പരിഗണിക്കുന്നുണ്ട്. കേരളത്തെ പൂർണ്ണമായും മാലിന്യവിമുക്ത സംസ്ഥാനമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സംസ്ക്കരണം ഉറവിടത്തിൽ തന്നെ ആരംഭിക്കണമെന്ന് പഞ്ചായത്തു വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട വിഷയത്തെ വൈകാരികമായാണ് സ്വീകരിക്കപ്പെട്ടത്. എന്നാൽ ഈ പ്രവണത മാറ്റി വിവേകത്തോടെ പ്രശ്നത്തെ സമീപിച്ചാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും മാതൃകയാകുന്ന തരത്തിലുള്ള മാറ്റമുണ്ടാക്കാൻ കേരളത്തിനാകുമെന്നും മന്ത്രി അറിയിച്ചു. മേയർ കെ. ചന്ദ്രിക, ഡോ. ശശി തരൂർ എം.പി, ഗതാഗത വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ, ശുചിത്വമിഷൻ ഡയറക്ടർ ഡോ. ജോർജ് ചാക്കച്ചേരി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



*സ്വാശ്രയ ശുചിത്വ കേരളം സുകൃതപുരം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിക്കുന്നു. ഡോ. ശശി തരൂർ എം.പി., മന്ത്രിമാരായ വി.എസ്. ശിവകുമാർ, പി.കെ. കുഞ്ഞാലിക്കുട്ടി, ഡോ. എം.കെ. മുനീർ, മേയർ കെ. ചന്ദ്രിക തുടങ്ങിയവർ സമീപം.*





## സ്വാശ്രയ ശുചിത്വകേരളം – സുകൃതപുരം

മാലിന്യ പരിപാലന മേഖലയിൽ വികേന്ദ്രീകൃതമാലിന്യ സംസ്കരണ രീതികൾ അവലംബിച്ചുകൊണ്ട് ഒരു സ്വാശ്രയ സമൂഹത്തെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ശുചിത്വമിഷനും മലയാള മനോരമയും ചേർന്ന് സ്വാശ്രയ ശുചിത്വകേരളം – സുകൃതപുരം എന്ന പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ മാലിന്യ പ്രശ്നം രൂക്ഷമായ തിരുവനന്തപുരം നഗരസഭയെ കേന്ദ്രീകരിച്ചുകൊണ്ട് പരിപാടികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിപുലമായ വിവര വിദ്യാഭ്യാസ ആശയ വിനിമയ പരിപാടികൾ പരിപാടിയുടെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

നഗരസഭയിലെ വീടുകൾ, സ്ഥാപനങ്ങൾ മുതലായവയ്ക്ക് വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സാങ്കേതിക രീതികളെ കുറിച്ചും അവ സ്ഥാപിക്കുന്നതിനായി സർക്കാർ തലത്തിൽ നൽകി വരുന്ന ധനസഹായങ്ങളെ കുറിച്ചുമുള്ള അറിവുകൾ ലഭ്യമാക്കുന്നതിനും അവ ഉപയോഗപ്പെടുത്തുന്നതിനുമുള്ള താത്പര്യം ജനിപ്പിക്കുന്നതിനുമായി നിരവധി പരിപാടികൾ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്നു. ഓരോ വീട്ടിലും മാലിന്യം വളമാക്കി ഒരു പച്ചക്കറി തോട്ടം വച്ചു പിടിപ്പിച്ച് മാലിന്യ സംസ്കരണത്തിലും പച്ചക്കറി ഉത്പാദനത്തിലും സ്വയം പര്യാപ്തത കൈവരിക്കുക എന്നതും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടികൾ**

- ❑ മാലിന്യസംസ്കരണത്തിലെ ശാസ്ത്രീയ വശങ്ങളെകുറിച്ചും അനുയോജ്യമായ വികേന്ദ്രീകൃത മാലിന്യസംസ്കരണ രീതികളെക്കുറിച്ചുമുള്ള അറിവുകൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നതിനായി നാഷണൽ സർവ്വീസ് സ്കീം, നാഷണൽ ഗ്രീൻ ക്രോസ് മുതലായവയുടെ സഹായത്തോടെ തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർ, കുട്ടികൾ എന്നിവർക്കുള്ള പരിശീലനം.
- ❑ സ്കൂളുകളിൽ മാതൃകാ മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
- ❑ കുട്ടികൾ ഗ്രൂപ്പുകളായി സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് മാലിന്യസംസ്കരണത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന പരിപാടികൾ.
- ❑ മാലിന്യ സംസ്കരണ മേഖലയിൽ താത്പര്യം ജനിപ്പിക്കുന്നതിനും കൂടുതൽ അറിവുകൾ സ്വാംശീകരിക്കുന്നതിനുമായി വിവിധ മത്സരങ്ങൾ.
- ❑ ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, ഉദ്യോഗസ്ഥർ മുതലായവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ ശില്പശാലകൾ.
- ❑ മാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുള്ള സെമിനാറുകൾ.
- ❑ തദ്ദേശീയ വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതികളുടെ പ്രദർശനവും വില്പനയും.
- ❑ ദൃശ്യ-ശ്രവണ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ.
- ❑ വിജയകരമായി നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളെ കുറിച്ച് പംക്തികൾ പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുക.
- ❑ വികേന്ദ്രീകൃത മാലിന്യ സംവിധാനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള സഞ്ചരിക്കുന്ന പ്രദർശനശാലകൾ.
- ❑ നഗരസഭയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് മാജിക്ഷോയും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദുരീകരിക്കുന്നതിനുമായി പൊതു ആശയവിനിമയവും ഉൾപ്പെട്ട പരിപാടികൾ.
- ❑ മാലിന്യ സംസ്കരണ മേഖലയിൽ മാതൃകകൾ സൃഷ്ടിക്കുന്നവരെ അംഗീകരിക്കുന്നതിനായി അവാർഡുകൾ.
- ❑ കാർഷിക വകുപ്പിന്റെയും ഹോർട്ടികൾച്ചർ മിഷന്റെയും സഹകരണത്തോടുകൂടി വീടുകളിൽ മാലിന്യം സംസ്കരിച്ചുണ്ടാകുന്ന വളം ഉപയോഗിച്ചുകൊണ്ട് പച്ചക്കറി, പൂന്തോട്ടം എന്നിവ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
- ❑ കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി വീടുകളിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും അവ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് വീടുകൾക്ക് സഹായം ചെയ്യുകയും ചെയ്യുന്ന ഗ്രൂപ്പുകൾ വളർത്തിയെടുക്കൽ.
- ❑ വീടുകളിൽ നിന്നും മാലിന്യം ശേഖരിച്ചു വന്നിരുന്ന കുടുംബശ്രീ പ്രവർത്തകരെ വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ മാത്രം വീടുകളിൽ നിന്നും ശേഖരിക്കുതിനും അമിതമായി വരുന്ന കമ്പോസ്റ്റ് ശേഖരിച്ച് വിപണനം ചെയ്യുന്നതിനുമായി നിയോഗിക്കൽ.
- ❑ പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരമായി തുണി/പേപ്പർ സഞ്ചികൾ ലഭ്യമാക്കുന്നതിനു ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കുടുംബശ്രീ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.
- ❑ പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികൾ വിതരണം ചെയ്യുന്നതിനായി വ്യാപാര സ്ഥാപനങ്ങളുമായി ചർച്ച. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# 2012 അന്താരാഷ്ട്ര സഹകരണ വർഷം

**2012 അന്താരാഷ്ട്ര സഹകരണ വർഷമായി ആചരിക്കുവാൻ ഐക്യരാഷ്ട്ര സംഘടന ആഹ്വാനം ചെയ്തിരിക്കുകയാണ്. പരസ്പര സഹായത്തിലൂടെ സാമൂഹ്യപുരോഗതി എന്ന ലക്ഷ്യത്തോടെ 19-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ ഒരു കൊച്ചു ഗ്രാമത്തിൽ ഉടലെടുത്ത എളിയ സംരംഭത്തിൽ നിന്ന് 92 രാജ്യങ്ങളിലായി ഒരു ബില്യണിലധികം അംഗങ്ങളുള്ള ബൃഹത്തായ പ്രസ്ഥാനമായി പടർന്നു പന്തലിച്ച ഒന്നാണ് ഈ ജനകീയ കൂട്ടായ്മ.**

**എഴുമാവിൽ രവീന്ദ്രനാഥ്**

സഹകരണം എന്ന മഹത്തായ ആശയത്തിന്റെ പിതാവ് റോബർട്ട്ഓവൻ ആണ്. 1771ൽ വെയിൽസിലെ ന്യൂടൗണിലുള്ള ഒരു നിർധനകുടുംബത്തിൽ പിറന്ന ഓവൻ ഒമ്പതാം വയസ്സിൽ തന്നെ കുടുംബം പുലർത്താൻ ഒരു മിൽ തൊഴിലാളിയുടെ കുപ്പായമണിഞ്ഞു. സ്വപ്രയത്നത്തിലൂടെ അദ്ദേഹം തന്റെ 22-ാം വയസ്സിൽ താൻ പണിയെടുത്ത സ്ഥാപനമായ ന്യൂലെനാർക്ക് മില്ലിന്റെ ഉടമയായി. തൊഴിലാളികളുടെ കഷ്ടപ്പാടുകളും ദുരിതവും ഏറെയറിഞ്ഞ ഓവൻ ഉടമയായതോടെ അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തത്. തൊഴിലാളികൾക്കു വേണ്ടിയുള്ള കമ്മ്യൂണിറ്റി വില്ലേജുകൾ, സൂപ്പർ മാർക്കറ്റുകൾ, ലേബർബാങ്ക്, വിദ്യാഭ്യാസ, ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഓവന്റെ ആശയങ്ങളായിരുന്നു.

ഫാക്ടറിക്കുള്ളിൽ മാത്രമൊതുങ്ങുന്നതായിരുന്നില്ല ഓവന്റെ പ്രവർത്തനങ്ങൾ. 1821 ൽ ജോർജ്ജ്മൂഡി എന്ന പത്രാധിപരുടെ സഹകരണത്തോടെ അദ്ദേഹം ലണ്ടൻ കോ-ഓപ്പറേറ്റീവ് ആൻഡ് എക്കണോമിക്കൽ സൊസൈറ്റി സ്ഥാപിക്കുകയും തന്റെ ആശയ പ്രചാരണത്തിനായി ദി എക്കണോമിസ്റ്റ് എന്ന പ്രസിദ്ധീകരണം തുടങ്ങുകയും ചെയ്തു. തുടർന്ന് അമേരിക്കയിലും തന്റെ കമ്മ്യൂണിറ്റി വില്ലേജ്, ലേബർ എക്സ്ചെഞ്ച് ബാങ്ക് തുടങ്ങിയവ അദ്ദേഹം പരീക്ഷിച്ചു.

ഓവന്റെ ആശയങ്ങളിൽ ആകൃഷ്ടനായി വൈദ്യവൃത്തി ഉപേക്ഷിച്ച് സഹകരണ രംഗത്തേക്കു കടന്നുവന്ന സാമൂഹ്യപ്രവർത്തകനാണ് ഡോ. വില്ല്യം കിങ് (1786-1865). ബ്രൈറ്റൺ കോ-ഓപ്പറേറ്റീവ് ഫ്രണ്ട്‌ലി അസ്സോസിയേഷന്റെ സ്ഥാപകനായ ഇദ്ദേഹം മുന്നൂറോളം ഗ്രാമീണ കൂട്ടായ്മകൾ സംഘടിപ്പിക്കുകയും ദി കോ-ഓപ്പറേറ്റർ എന്ന പ്രസിദ്ധീകരണത്തിന് തുടക്കമിടുകയും ചെയ്തു.

തുടർന്നാണ് ചരിത്രപ്രസിദ്ധമായ റോക്ക്ഡയിൽ പയനിയേഴ്സിന്റെ രംഗപ്രവേശം. വ്യാവസായിക വിപ്ലവത്തെത്തുടർന്ന് ഭാഗികമായോ പൂർണ്ണമായോ തൊഴിൽരഹിതരായ മാഞ്ചസ്റ്ററിലെ റോക്ക്ഡയിൽ ഗ്രാമത്തിലുള്ള തൊഴിലാളികളുടെ ദുരിതപൂർണ്ണമായ ജീവിതത്തിന് അറുതി വരുത്തുവാനായാണ് ചാൾസ് ഹൊവാർത്ത് എന്ന നെയ്ത്തു തൊഴിലാളി 1843 ഓഗസ്റ്റ് 11 ന് ഒരു യോഗം വിളിച്ചുചേർത്തത്. റോബർട്ട് ഓവന്റെയും വില്യംകിങ്ങിന്റെയും ആശയങ്ങളായിരുന്നു ഹൊവാർത്തിനെ ഇത്തരമൊരു നടപടിക്കു പ്രേരിപ്പിച്ചത്. അതിൽ പങ്കെടുത്ത എല്ലാവരും ഒരു ജനകീയസംഘടന രൂപീകരിക്കാൻ വേണ്ട പണം ഒരു വർഷംകൊണ്ട് സ്വരൂപിക്കുമെന്ന് പ്രതിജ്ഞയെടുത്തു. അങ്ങനെ 28 പേർ സമാഹരിച്ച 28 പൗണ്ട് മൂലധനമാക്കിയാണ് 1844 ഓഗസ്റ്റ് 15ന് റോക്ക്ഡയിൽ സൊസൈറ്റി ഓഫ് ഇക്വിറ്റബിൾ പയനിയേഴ്സ് എന്ന സംഘം സ്ഥാപിച്ചത്. റ്റോഡ്‌ലെയിനിലെ ഒരു കുടുസ്സുമുറിയിൽ കൺസ്യൂമർ സ്റ്റോറും ഓഫീസുമായി പ്രവർത്തനമാരംഭിച്ച സൊസൈറ്റി 1867 ആയപ്പോൾ സമീപ സ്ഥലങ്ങൾ വിലയ്ക്കുവാങ്ങി വിശാലമായ ഒരു സൂപ്പർമാർക്കറ്റും ഇംഗ്ലണ്ടിലെങ്ങും ഔട്ട്‌ലെറ്റുകളും അരഡസനോളം അനുബന്ധ കമ്പനികളും ആരംഭിച്ച് ഭരണകർത്താക്കളെപ്പോലും അത്ഭുതപരതന്ത്രരാക്കി. കോ-ഓപ്പറേറ്റീവ് ലാൻഡ് ആൻഡ് ബിൽഡിംഗ് കമ്പനി, കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് കമ്പനി എന്നിവ ഉദാഹരണങ്ങൾ മാത്രം.

ബ്രിട്ടണിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച മറ്റു രാജ്യങ്ങളെയും സ്വാധീനിച്ചു. ജർമ്മനിയിൽ ഗ്രാമീണ കർഷകർക്കായി എഫ് ഡബ്ളിയു റെയ്ഫീസണും (1818-1888), ചെറുകിട കച്ചവടക്കാർക്കും കൈത്തൊഴിലുകാർക്കുമായി ഷൂൾസ് ഡെലിഷും (1808-1883) സഹകരണസംഘങ്ങൾ സ്ഥാപിച്ചു. ഇറ്റലിയിൽ ലൂജിലുസാറ്റി (1810-1880) എന്ന സാമൂഹ്യപ്രവർത്തകൻ സുഹൃത്സംഘങ്ങളായി ആരംഭിച്ച സ്ഥാപനങ്ങൾ ബാങ്കെ പോപ്പുലാറി (ജനങ്ങളുടെ ബാങ്ക്) ആയി മാറി. ഫ്രാൻസ്, ഡെൻമാർക്ക്, സ്വിറ്റ്സർലാണ്ട്, റഷ്യ, ചൈന, അയർലണ്ട്, അമേരിക്കൻ ഐക്യനാടുകൾ, കാനഡ, ജപ്പാൻ ഇസ്രായൽ എന്നിങ്ങനെ സമീപരാജ്യങ്ങളിലേക്കെല്ലാം സഹകരണ പ്രസ്ഥാനം അതിവേഗത്തിലാണ് പടർന്നത്.

ഋണബാദ്ധ്യതയിൽപ്പെട്ട കർഷകരുടെ രക്ഷയ്ക്കായി ഒരു സർക്കാർ സംരംഭമായിട്ടാണ് സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ വളർന്നത്. 1892 ൽ ഹിമാചൽ പ്രദേശിലെ ഉന ജില്ലയിൽ രൂപീകരിച്ച പഞ്ചവാർസംഘ് ആണ് ഇന്ത്യയിലെ ആദ്യ സഹകരണസംഘം, പ്രകൃതി ദുരന്തങ്ങളും വട്ടപ്പലിശക്കാരുടെയും കുത്തകവ്യാപാരികളുടെയും ചൂഷണവുംമൂലം ദുരിതമനുഭവിക്കുന്ന ഇന്ത്യൻ കർഷകർക്കുമേൽ ബ്രിട്ടീഷ് സർക്കാരുകൾ അടിച്ചേൽപ്പിച്ച നികുതികൾ കൂനിൻമേൽ കുരു എന്ന പോലെയായി. മദിരാശി പ്രവിശ്യയിലും ഡക്കാൺ പ്രദേശത്തും യു.പി യിലും കർഷകർ സംഘടിക്കുകയും അവരുടെ പ്രതിഷേധ പ്രകടനങ്ങൾ അക്രമാസക്തമാവുകയും ചെയ്തു. കർഷകരെ സാന്ത്വനിപ്പിക്കുവാൻ എല്ലായിടത്തും ലാന്റ് ബാങ്കുകൾ സ്ഥാപിക്കുക എന്നതായിരുന്നു ബ്രിട്ടീഷുകാരുടെ നയം. 1892 ൽ മദിരാശി പ്രവിശ്യ സർക്കാർ ഇതേക്കുറിച്ച് പഠിക്കാൻ സർ ഫ്രഡറിക് നിക്കോൾസണെ ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലേക്കയച്ചു. ജർമ്മനിയിലെ റയ്ഫീസൺ മോഡൽ സംഘങ്ങൾ കാർഷിക മേഖലയിൽ ആരംഭിക്കാൻ അദ്ദേഹം ശുപാർശ ചെയ്തു. ഇതേ കാലയളവിൽ തന്നെ യു.പി. സർക്കാർ നിയോഗിച്ച സർ ഡ്യൂപ്പർ നിക്കസ് ഉത്തരേന്ത്യയിൽ പീപ്പിൾസ് ബാങ്കുകൾ സ്ഥാപിക്കുവാനുള്ള ശുപാർശ സമർപ്പിച്ചു. വിശദ പഠനങ്ങൾക്കായി സർക്കാർ 1901 ൽ നിയമിച്ച ഫാമിൻ കമ്മീഷനും തുടർന്നുള്ള ലോ കമ്മീഷനും ഗ്രാമീണ കാർഷിക ബാങ്കുകളിലൂടെ പ്രശ്ന പരിഹാരം സാധിതമാകുമെന്ന് വിലയിരുത്തി. ഇതിനായി നിയമനിർമ്മാണവും ശുപാർശ ചെയ്യപ്പെട്ടു. അതിന്റെ പരിണിതഫലമാണ് 1904 ലെ കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റീസ് ആക്റ്റ്. ഇന്ത്യയിലെ ആദ്യത്തെ സഹകരണ നിയമമാണിത്. സഹകരണ മേഖല കൂടുതൽ വിപുലമാക്കി 1912 ൽ രണ്ടാമതൊരു നിയമം കൂടി പാസ്സായി. 1919ൽ സഹകരണം ഒരു സംസ്ഥാന വിഷയമായി തീർന്നു.

സഹകരണ രംഗത്ത് ത്രിതല സംവിധാനം (സംസ്ഥാനം, ജില്ല, ഗ്രാമം), ഉൽപ്പാദനക്ഷമമായ കാര്യങ്ങൾക്കു വായ്പ തുടങ്ങിയവ ഏർപ്പെടുത്തുവാൻ 1915ലെ മക്ലഗാൻ കമ്മറ്റി റിപ്പോർട്ടു കാരണമായി. ഈ രംഗത്തെ മാഗ്നാകാർട്ടാ എന്നറിയപ്പെടുന്നത് റിസർവ്വ് ബാങ്ക് നിയമിച്ച എ.ഡി.ഗോർവ്വാലോ കമ്മീഷൻ റിപ്പോർട്ടാണ്(1952). വലിയ വായ്പാ സംഘങ്ങൾ സ്ഥാപിക്കൽ, വായ്പയെ വിപണനവുമായി ബന്ധിപ്പിക്കൽ, സ്റ്റേറ്റ് ബാങ്കുകളുടെ രൂപീകരണം, വിളവായ്പാസമ്പ്രദായം നടപ്പാക്കൽ എന്നിവയായിരുന്നു ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ. 1972ലെ സരയ്യാകമ്മീഷൻ ഫാർമേഴ്സ് സഹകരണ സംഘങ്ങളുടെയും 1979 ലെ ബി. ശിവരാമൻ കമ്മീഷൻ റിപ്പോർട്ട് നബാർഡിന്റെയും രൂപീകരണത്തിനു കാരണമായി.

റോക്ക് ഡെയിൻ പയനിയേഴ്സിന്റെ 28 പൗണ്ട് സമാഹരണത്തിന്റെ ചുവടു

**ഇന്ത്യയിൽ ഇന്ന് ഏറ്റവും മികച്ച രീതിയിൽ സഹകരണ പ്രസ്ഥാനം മുമ്പോട്ടു പോകുന്നത് കേരളത്തിലാണ്. വിവിധ മേഖലകളിലായി 25000ൽപ്പരം സഹകരണ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഇവയെ പൊതുവെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ വരുന്നവയും അല്ലാത്തവയും.**





**ആയില്യം തിരുനാൾ മഹാരാജാവാണ് തിരുവിതാംകൂറിൽ സഹകരണ നിയമത്തിന് നാന്ദികുറിച്ചത് (1914). ഇതനുസരിച്ച് രൂപീകരിച്ച ആദ്യ സംഘമാണ് തിരുവനന്തപുരം സെൻട്രൽ കോ–ഓപ്പറേറ്റീവ് ബാങ്ക്. (ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്ക്). 1912ലെ സഹകരണ നിയമമനുസരിച്ച് രൂപീകരിച്ച മലബാർ കോ–ഓപ്പറേറ്റീവ് സെൻട്രൽ ബാങ്ക് ആണ് പിന്നീട് കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ആയത്. ഐക്യ കേരളം രൂപം കൊണ്ടതിനുശേഷം സഹകരണത്തിനായി ഒരു പ്രത്യേക വകുപ്പു തന്നെ ഇവിടെ രൂപം കൊണ്ടു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയായിരുന്നു ആദ്യ സഹകരണ വകുപ്പു മന്ത്രി.**

**92 രാജ്യങ്ങളിലെ 248 സഹകരണ ഫെഡറേഷനുകളുടെ സംഗമവേദിയാണ് ജനീവ ആസ്ഥാനമായുള്ള ഇന്റർനാഷണൽ കോ–ഓപ്പറേറ്റീവ് അലയൻസ് (ഐ.സി.എ). 1895ൽ സ്ഥാപിതമായ ഐ.സി.എ.യാണ് ആഗോളതലത്തിൽ സഹകരണ മേഖലയുടെ നയപരിപാടികൾ ആസൂത്രണം ചെയ്യുന്നത്. ഐ.സി.എ.യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഐ.സി.എ. ഏഷ്യ പസ്ഫിക്, ഐസിഎ ആഫ്രിക്ക, കോ–ഓപ്പറേറ്റീവ്സ് യൂറോപ്പ്, ഐ.സി.എ. അമേരിക്കാസ് എന്നിങ്ങനെ നാല് മേഖലകളായി രാജ്യങ്ങളെ തിരിച്ചിട്ടുണ്ട്. കൂടാതെ അഗ്രികൾച്ചർ, ബാങ്കിംഗ്, കൺസ്യൂമർ, ഫിഷറീസ്, ഹെൽത്ത്, ഹൗസിംഗ്, ഇൻഷ്വറൻസ്, ഇൻഡസ്ട്രി എന്നിങ്ങനെ എട്ട് അന്താരാഷ്ട്ര സംഘടനകളും ഇതിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.**



പിടിച്ച് മദിരാശി പ്രവിശ്യയിലെ ഗ്രാമീണകർഷകൻ അണൈക്കൂട്ടങ്ങൾ രൂപീകരിച്ചു. ഈ പ്രവിശ്യയുടെ കീഴിലുള്ള പാലക്കാട്, മലബാർ പ്രദേശങ്ങളിൽ ഇത് ഐക്യനാണയസംഘങ്ങളായി അറിയപ്പെട്ടു. കൊച്ചിയിലും തിരുവിതാംകൂറിലും പരസ്പരസഹായ സംഘങ്ങളെന്നായിരുന്നു ഇവയുടെ പേര്. 1904 ലെ സഹകരണ നിയമത്തിന്റെ കീഴിൽ മലബാറിൽ സ്ഥാപിതമായ ആദ്യ സംഘം കൊടുവായൂർ ഐക്യനാണയ സംഘമാണ്. 1913 ലെ കൊച്ചിൻ പരസ്പര സഹായ റെഗുലേഷൻ പ്രകാരം ഒന്നാം നമ്പറായി എടവനക്കാട് പരസ്പര സഹായ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. ആയില്യം തിരുനാൾ മഹാരാജാവാണ് തിരുവിതാംകൂറിൽ സഹകരണ നിയമത്തിന് നാന്ദികുറിച്ചത് (1914). ഇതനുസരിച്ച് രൂപീകരിച്ച ആദ്യ സംഘമാണ് തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക്. (ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്ക്). 1912 ലെ സഹകരണ നിയമമനുസരിച്ച് രൂപീകരിച്ച മലബാർ കോ-ഓപ്പറേറ്റീവ് സെൻട്രൽ ബാങ്ക് ആണ് പിന്നീട് കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ആയത്. ഐക്യകേരളം രൂപം കൊണ്ടതിനുശേഷം സഹകരണത്തിനായി ഒരു പ്രത്യേക വകുപ്പു തന്നെ ഇവിടെ രൂപം കൊണ്ടു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയായിരുന്നു ആദ്യ സഹകരണ വകുപ്പു മന്ത്രി. എന്നാൽ വ്യവസ്ഥാപിതമായ ഒരു സഹകരണ നിയമം രൂപം കൊണ്ടത് 1969ൽ മന്ത്രി പി.ആർ. കുറുപ്പിന്റെ കാലത്താണ്. കേന്ദ്രത്തിൽ കൃഷി വകുപ്പിനോടൊപ്പമാണ് സഹകരണം ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിൽ ഇന്ന് ഏറ്റവും മികച്ച രീതിയിൽ സഹകരണ പ്രസ്ഥാനം മുമ്പോട്ടു പോകുന്നത് കേരളത്തിലാണ്. വിവിധ മേഖലകളിലായി 25000ൽപ്പരം സഹകരണ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഇവയെ പൊതുവെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിൽ വരുന്നവയും അല്ലാത്തവയും.

**പ്രാഥമിക സംഘങ്ങൾ 1649**

| | |
|---|---|
| ഖാദി വില്ലേജ് ഇൻഡസ്ട്രീസ് | 3170 |
| ക്ഷീര സംഘങ്ങൾ | 3448 |
| വ്യവസായ സംഘങ്ങൾ | 2318 |
| മത്സ്യ സംഘങ്ങൾ | 1214 |
| കയർ സംഘങ്ങൾ | 850 |
| കൈത്തറി സംഘങ്ങൾ | 682 |
| രജിസ്ട്രാറുടെ കീഴിലല്ലാത്ത പ്രാഥമിക സംഘങ്ങൾ | 11682 |

മറ്റു സ്വകാര്യ സ്ഥാപനങ്ങളോടു കിടപിടിക്കുന്ന രീതിയിലാണ് നമ്മുടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം. ഇന്ത്യയിലെ സഹകരണ ബാങ്കുകൾ സ്വരൂപിക്കുന്ന ആകെ നിക്ഷേപത്തിന്റെ 73% കൊച്ചു കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിന്റെ ആകെ ബാങ്ക് നിക്ഷേപമായ 175000 കോടി രൂപയിൽ 75000 കോടി രൂപയും സഹകരണ മേഖലയുടെ വിഹിതമാണ് (43%),

സഹകരണ വിദ്യാഭ്യാസം, പരിശീലനം എന്നിവയ്ക്കായി വിപുലമായ സംവിധാനമാണ് നമുക്കുള്ളത്. ന്യൂഡൽഹി ആസ്ഥാനമായുള്ള നാഷണൽ കോ-ഓപ്പറേറ്റീവ് യൂണിയൻ ഇതിനു നേതൃത്വം കൊടുക്കുന്നു. സംസ്ഥാന സഹകരണ യൂണിയനാണ് കേരളത്തിൽ ഇതിന്റെ ചുമതല. എല്ലാ താലൂക്കുകളിലും സർക്കിൾ/സഹകരണ യൂണിയനുകളിലൂടെ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാരുടെ മേൽനോട്ടത്തിൽ സഹകരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ ജെ.ഡി.സി., എച്ച്.ഡി.സി & ബി.എം. കോളേജുകളും സെന്ററുകളും നെയ്യാർഡാമിൽ ഒരു എം.ബി.എ കോളേജുമുണ്ട്. കുറഞ്ഞ ചെലവിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസം എന്ന ലക്ഷ്യവുമായി സ്ഥാപിതമായ കേപ്പ് (കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ)ന്റെ കീഴിൽ എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകൾ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ 140 മണ്ഡലങ്ങളിലും സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ വിവിധ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളുമുണ്ട്.

**ഐ.സി.എ**

92 രാജ്യങ്ങളിലെ 248 സഹകരണ ഫെഡറേഷനുകളുടെ സംഗമവേദിയാണ് ജനീവ ആസ്ഥാനമായുള്ള ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ് (ഐ.സി.എ). 1895ൽ സ്ഥാപിതമായ ഐ.സി.എ.യാണ് ആഗോളതലത്തിൽ സഹകരണ മേഖലയുടെ നയപരിപാടികൾ ആസൂത്രണം ചെയ്യുന്നത്. ഐ.സി.എ.യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഐ.സി.എ. ഏഷ്യ പസ്ഫിക്, ഐസിഎ ആഫ്രിക്ക, കോ-ഓപ്പറേറ്റീവ്സ് യൂറോപ്പ്, ഐ.സി.എ. അമേരിക്കാസ് എന്നിങ്ങനെ നാല് മേഖലകളായി രാജ്യങ്ങളെ തിരിച്ചിട്ടുണ്ട്. കൂടാതെ അഗ്രികൾച്ചർ, ബാങ്കിംഗ്, കൺസ്യൂമർ, ഫിഷറീസ്, ഹെൽത്ത്, ഹൗസിംഗ്, ഇൻഷ്വറൻസ്, ഇൻഡസ്ട്രി എന്നിങ്ങനെ എട്ട് അന്താരാഷ്ട്ര സംഘടനകളും ഇതിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

**സഹകരണ പതാകയും ആഘോഷങ്ങളും**

ഐ.സി.എ.യുടെ 1923 ലെ സമ്മേളനത്തിലെ തീരുമാനപ്രകാരമാണ് സഹകരണ പതാകയ്ക്ക് രൂപം കൊടുത്തത്. 3:2 അനുപാതത്തിൽ മഴവില്ലിന്റെ വർണ്ണങ്ങൾ നെടുനീളത്തിൽ ചേർന്നാണ് ഈ പതാക. ചുവപ്പ് മുകളിൽ വരത്തക്കവിധമാണ് ഇത് ഉയർത്തേണ്ടത്. ജൂലൈ മാസത്തിലെ ആദ്യ ശനിയാഴ്ച അന്താരാഷ്ട്ര സഹകരണ ദിനമായി ആചരിക്കുന്നു. ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14 മുതൽ ഒരാഴ്ചക്കാലം ഇന്ത്യയിൽ സഹകരണ വാരമായി ആഘോഷിക്കുന്നു.

**സഹകരണ തത്വങ്ങൾ**

റോക്ക്ഡെയിൽ പയനിയേഴ്സിന് 1844ൽ രൂപം കൊടുത്ത നിബന്ധനകളാണ് സഹകരണ തത്വങ്ങളായി 1837ൽ ഐ.സി.എ. അംഗീകരിച്ചത്. 1966 ലെ ഐ.സി.എ സമ്മേളനം ഇവയിൽ കുറെ മാറ്റങ്ങൾ വരുത്തി. 1995ൽ മാഞ്ചസ്റ്ററിൽ നടന്ന സമ്മേളനമാണ് ഇന്നത്തെ രീതിയിൽ തത്വങ്ങൾ പുനരാവിഷ്ക്കരിച്ചത്.

- ➢ തുറന്നതും സ്വമേധയായുമുള്ള അംഗത്വം
- ➢ ജനാധിപത്യ നിയന്ത്രണം
- ➢ അംഗങ്ങളുടെ സജീവമായ സാമ്പത്തിക പങ്കാളിത്തം
- ➢ സ്വയംഭരണാവകാശവും സ്വാതന്ത്ര്യവും
- ➢ വിദ്യാഭ്യാസ പരിശീലന പരിപാടികളും വിജ്ഞാനവ്യാപനവും
- ➢ സഹകാരികൾ തമ്മിലുള്ള സഹകരണം

**സഹകരണപ്രസ്ഥാനം വിവിധ രാഷ്ട്രങ്ങളിൽ**

**അമേരിക്ക**

47 സംസ്ഥാനങ്ങളിലെ 42 ദശലക്ഷം ജനങ്ങൾക്ക് വൈദ്യുതി വിതരണം ചെയ്യുന്ന 900 സഹകരണ സംഘങ്ങൾ രാജ്യത്തുണ്ട്. ആകെ വൈദ്യുതി വിതരണത്തിന്റെ 75% ഉം ഇവർ നിർവഹിക്കുന്നു. കൂടാതെ 30,000 സംഘങ്ങൾ 73,000 കേന്ദ്രങ്ങളിലായി വിവിധ ബിസിനസ്സുകൾ നടത്തുന്നു പ്രശസ്ത റിപ്പോർട്ടിംഗ് ഏജൻസിയായ എ.പി. സഹകരണ മേഖലയിലാണ്.

**ബ്രിട്ടൺ**

ഉപഭോക്തൃരംഗം സഹകരണ മേഖലയുടെ കൈകളിലാണ്. ടൂറിസം രംഗത്തും സജീവം. രാജ്യത്തെ ഏറ്റവും വലിയ സ്വതന്ത്ര ട്രാവൽ ഏജൻസി സഹകരണ മേഖലയിലാണ്. ഇവിടെ മരണാനന്തര ചടങ്ങുകൾ നടത്തുന്ന ഏറ്റവും വലിയ ഏജൻസി സഹകരണ രംഗത്താണ്. കോ- ഓപ്പറേറ്റീവ് പാർട്ടി എന്ന രാഷ്ട്രീയ സംഘടന ബ്രിട്ടനിലുണ്ട്. ലേബർ പാർട്ടിയുടെ സഖ്യകക്ഷിയായ ഇവർക്ക് ബ്രിട്ടീഷ് പാർലമെന്റിൽ പ്രതിനിധികളുണ്ട്.

**ഫ്രാൻസ്**

രാജ്യത്തെ റീട്ടെയിൽ ബാങ്കിംഗിന്റെ 60% ഉം സഹകരണ മേഖലയാണ് കൈകാര്യം ചെയ്യുന്നത്.

**കാനഡ**

ലോകത്തെ പഞ്ചസാര ഉത്പാദനത്തിൽ 35% ഉം കാനഡയിലെ മേപ്പിൾ സഹകരണസംഘങ്ങളാണ് നിർവഹിക്കുന്നത്. രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ഗോതമ്പിന്റെ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവ സഹകരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നു.

**സ്വീഡൻ**

വനവിഭവ വ്യവസായത്തിന്റെ കുത്തക സഹകരണ സ്ഥാപനങ്ങൾക്കാണ്.

**ജപ്പാൻ**

കാർഷിക മത്സ്യ മേഖലയിൽ 75% സഹകരണ സംഘങ്ങൾ ആധിപത്യം പുലർത്തുന്നു. ഇവിടുത്തെ 91% കർഷകരും സഹകാരികളാണ്.

**സിംഗപ്പൂർ**

രാജ്യത്തെ 55% സൂപ്പർമാർക്കറ്റുകളും നടത്തുന്നത് സഹകരണ മേഖലയിലാണ്.

**കുവൈറ്റ്**

രാജ്യത്തെ ചില്ലറ വ്യാപാരത്തിന്റെ 70% ഉം കുവൈറ്റി യൂണിയൻ ഓഫ് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നടത്തുന്നു.

**നോർവെ**

ക്ഷീരമേഖല 95%ഉം സഹകാരികളുടെ കൈയ്യിലാണ്. മുട്ട ഉത്പാദനത്തിൽ 70%, വളം നിർമ്മാണത്തിൽ 70%, ഫാർമസ്യൂട്ടിക്കൽ രംഗത്ത് 75% ഉം സഹകരണ മേഖല കൈകാര്യം ചെയ്യുന്നു.

**പോളണ്ട്**

ക്ഷീരമേഖലയിൽ 75% സഹകരണ സംഘങ്ങൾ കൈയ്യടക്കിയിരിക്കുന്നു.

**ഡെൻമാർക്ക്**

ചില്ലറ വ്യാപാര രംഗത്ത് 37% സഹകരണ മേഖല ആധിപത്യം പുലർത്തുന്നു.

**ഫിൻലണ്ട്**

ക്ഷീരമേഖലയിൽ 96% ഉം മുട്ട ഉത്പാദനത്തിൽ 50% ഉം മാംസ ഉത്പാദനത്തിൽ 74% ഉം സഹകരണ മേഖല കൈകാര്യം ചെയ്യുന്നു.

**ബ്രസീൽ**

രാജ്യത്തെ കാർഷിക മൊത്ത വരുമാനത്തിൽ 37.2% സഹകരണ മേഖലയാണ് നൽകുന്നത്.

**ബെൽജിയം**

ഫാർമസി രംഗത്തെ 19.5% സഹകരണ മേഖല നിയന്ത്രിക്കുന്നു.

**ഇറ്റലി**

ഭക്ഷ്യോൽപ്പന്ന വിപണന വിതരണ രംഗത്തിൽ ഏറ്റവും വലിയ ശൃംഖല സഹകരണ മേഖലയിലാണ്. ■

*ലേഖകൻ*
*കേരള സഹകരണജേണലിന്റെ*
*എഡിറ്ററാണ്*

# വിഷ വിമുക്തമായ ഭക്ഷ്യവസ്തുക്കളിലൂടെ ആരോഗ്യമുള്ള സമൂഹം

വിജയശ്രീ വി,
ഡോ. തോമസ് ബിജു മാത്യു

എൻഡോസൾഫാൻ ദുരന്തം കാസർകോടുണ്ടായത് കീടനാശിനിയുടെ അനധികൃതമായ ഉപയോഗം മൂലമാണ്. നീണ്ടനാൾ എൻഡോസൾഫാൻ വിഷമഴയായി പെയ്തിറങ്ങിയതു മൂലം ഒരു പ്രദേശത്തെ മുഴുവൻ അത് തീരാദുരിതത്തിലാക്കി. കീടനാശിനി വിഷാംശം അമിതമായ അളവിലാകുന്നതു കൊണ്ട് ഒരു പ്രദേശത്തെ മാത്രമല്ല ലോകജനതയെ തന്നെയത് ദുരിതത്തിലാക്കും. ഭക്ഷ്യ മേഖലയിലുണ്ടായ വളർച്ചയും ഭക്ഷ്യസുരക്ഷിതത്വ നിയമങ്ങളുടെ പ്രസക്തിയുമെല്ലാം കീടനാശിനി വിമുക്തമായ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത വേഗത്തിലാക്കുമെന്നു തന്നെയാണ് പ്രതീക്ഷ. കാർഷികോല്പന്നങ്ങളിലെ കീടനാശിനിയുടെ അവശിഷ്ട വിഷാംശ പരിശോധന വിദേശ രാജ്യങ്ങളിലൊക്കെ കർശനമായി നടപ്പാക്കുന്നുണ്ടെങ്കിലും ഇന്ത്യയിൽ ഭക്ഷ്യ സുരക്ഷിതത്വ നിർവഹണത്തിന്റെ ഭാഗമായി കൂടുതൽ വിപുലമായ പരിശോധന നടത്തേണ്ടിയിരിക്കുന്നു.

**എ.ഡി.ഐ.**
**(അനുവദനീയ പ്രതിദിന ഉപഭോഗം)**

എത്രതന്നെ സൂക്ഷിച്ചാലും ഏതെങ്കിലുമൊക്കെ രീതിയിൽ കീടനാശിനിയുടെ അംശം ആഹാരത്തിലൂടെ നമ്മുടെ ഉള്ളിലെത്താനുള്ള സാദ്ധ്യതയുണ്ട്. ഒരു ജീവായുസ്സു മുഴുവൻ ആരോഗ്യത്തിന് അപകടമില്ലാതെ, അനുവദിക്കാവുന്ന കീടനാശിനിയുടെ പ്രതിദിന അളവാണ് എ.ഡി.ഐ. ഇത് കണക്കാക്കുന്നത് ശരീരഭാരമനുസരിച്ചായതിനാൽ, പ്രായപൂർത്തിയായവർക്കും കുട്ടികൾക്കും അനുവദിക്കാവുന്ന സുരക്ഷിതമായ തോത് പ്രത്യേകമായിട്ടാണ് കണക്കാക്കുന്നത്. വിഷപദാർത്ഥങ്ങളെപ്പറ്റി പഠിക്കുന്ന ശാഖയായ ടോക്സിക്കോളജി പഠനങ്ങൾക്ക് മുയൽ, എലി, നായ്ക്കൾ തുടങ്ങിയ പരീക്ഷണ മൃഗങ്ങളെ തിരഞ്ഞെടുക്കുകയും 90 ദിവസം തുടർച്ചയായി കൃത്യമായ അളവിൽ ഭക്ഷണത്തോടൊപ്പം കൊടുത്ത് അത് അവയുടെ ആന്തരിക അവയവങ്ങൾക്കൊന്നും ഹാനികരമാകുന്നില്ലെന്നും മറ്റുള്ള ആരോഗ്യപ്രശ്നങ്ങളൊന്നും ഉണ്ടാകുന്നില്ലെന്നും ഉറപ്പു വരുത്തിയിട്ടാണ് നോ ഒബ്സെർവെബിൾ അഡ്വേർസ് എഫക്ട് ലെവൽ (NOAEL) എന്ന സൂചിക കണ്ടുപിടിക്കുന്നത്. അതായത് പ്രത്യക്ഷത്തിൽ യാതൊരു ദൂഷ്യഫലങ്ങളുമുണ്ടാക്കാത്ത ഏറ്റവും ഉയർന്ന അളവാണിത്. ഇതിനെ 100 എന്ന സുരക്ഷിതത്വ സൂചിക കൊണ്ടു ഹരിച്ചു കിട്ടുന്നതാണ് എ.ഡി.ഐ. പ്രായോഗികമായ സുരക്ഷിതത്വം കണക്കിലെടുത്ത് ഇങ്ങനെ ഒരു സുരക്ഷിതത്വ സൂചിക കൊണ്ട് ഹരിച്ചു കിട്ടുന്ന സൂചിക കുറെക്കൂടെ കൂടുതൽ സുരക്ഷിതത്വം നമുക്കുണ്ടാക്കുന്നു. ഉദാഹരണമായി ക്ലോർപൈറിഫോസ് എന്ന കീടനാശിനിയുടെ ടോക്സിക്കോളജി പഠനങ്ങളിലൂടെ കണ്ടെത്തിയ NOAEL 1 പി.പി.എം ആണെങ്കിൽ, അതിനെ 100 കൊണ്ട് ഹരിച്ചു കിട്ടുന്ന 0.01 പി.പി.എം ആണ് എ.ഡി.ഐ ആയി തിട്ടപ്പെടുത്തിയിരിക്കുന്നത്.







**2006ലെ ഭക്ഷ്യസുരക്ഷിതത്വ നിയമ പ്രകാരം, പരമാവധി അവശിഷ്ട പരിധി ഓരോ കീടനാശിനിക്കും ഓരോ ഭക്ഷ്യവസ്തുവിലും നിശ്ചയിച്ച് പരസ്യപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആ നിയമ പ്രകാരം പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷിതത്വ അതോറിറ്റിയുടെ കീഴിൽ ഭക്ഷ്യസുരക്ഷിതത്വ കമ്മീഷണറുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷിതത്വ ഓഫീസർമാർ പിടിച്ചെടുത്ത സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുകയും മായമോ മാലിന്യമോ കാണപ്പെടുന്നുവെങ്കിൽ നിയമലംഘകർക്കെതിരെ നടപടിയെടുക്കുന്നതുമാണ്.**



**പരമാവധി അവശിഷ്ട വിഷാംശ പരിധി (Maximum Residue limit)**

കീടനാശിനി പ്രയോഗം കഴിഞ്ഞ് ഒരു നിശ്ചിത ഇടവേളയ്ക്കു ശേഷം ചെടിയിലോ, ഫലവർഗ്ഗങ്ങളിലോ, മണ്ണിലോ തങ്ങിനിൽക്കുന്ന കീടനാശിനിയെയും അവ വിഘടിച്ചുണ്ടാകുന്ന രാസവസ്തുക്കളെയും അവശിഷ്ട വിഷാംശം എന്നു നമുക്ക് പറയാം. ഇതിന്റെ അളവ് കൂടുകയാണെങ്കിൽ ഒരു ഭക്ഷ്യവസ്തു വിഷലിപ്തമായി എന്നു പറയാം. ശരിയായ കൃഷിമുറയുടെ ഭാഗമായി ചെടികളിൽ പ്രയോഗിക്കുന്ന കീടനാശിനികളുടെ പരമാവധി അവശിഷ്ട വിഷാംശത്തിന്റെ തോതാണ് മാക്സിമം റെസിഡ്യൂ ലിമിറ്റ് (MRL).

2006ലെ ഭക്ഷ്യസുരക്ഷിതത്വ നിയമ പ്രകാരം, പരമാവധി അവശിഷ്ട പരിധി ഓരോ കീടനാശിനിക്കും ഓരോ ഭക്ഷ്യവസ്തുവിലും നിശ്ചയിച്ച് പരസ്യപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആ നിയമ പ്രകാരം പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷിതത്വ അതോറിറ്റിയുടെ കീഴിൽ ഭക്ഷ്യസുരക്ഷിതത്വ കമ്മീഷണറുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷിതത്വ ഓഫീസർമാർ പിടിച്ചെടുത്ത സാമ്പിളുകൾ പരിശോധനയ്ക്കയയ്ക്കുകയും മായമോ മാലിന്യമോ കാണപ്പെടുന്നുവെങ്കിൽ നിയമലംഘകർക്കെതിരെ നടപടിയെടുക്കുന്നതുമാണ്.

കേന്ദ്ര കീടനാശിനി ബോർഡ് & രജിസ്ട്രേഷൻ കമ്മിറ്റിയുടെ മെഡിക്കൽ ടോക്സിക്കോളജി യൂണിറ്റും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള ഭക്ഷ്യസുരക്ഷിതത്വ അതോറിറ്റിയും ചേർന്നാണ് പരമാവധി അവശിഷ്ട വിഷാംശ പരിധി ഓരോ കീടനാശിനിക്കും ഓരോ കാർഷികോല്പന്നത്തിനും തിട്ടപ്പെടുത്തുന്നത്. നാലു വ്യത്യസ്ത കാലാവസ്ഥ മേഖലകളിൽ നിന്നും ഒരു സീസണിൽ കിട്ടുന്ന വിവരങ്ങൾ കുമിൾ കീടനാശിനികൾക്കും രണ്ടു സീസണിൽ നിന്നുമുള്ള വിവരങ്ങൾ കളനാശിനിക്കും ശേഖരിക്കും. നിർദ്ദേശിക്കപ്പെട്ടതും ഇരട്ടഡോസിലേയും കീടനാശിനി പ്രയോഗങ്ങളിൽ നിന്നും ലഭിക്കുന്ന അവശിഷ്ട വിഷാംശത്തിന്റെ വിവരങ്ങളാണ് ഇതിന് ആവശ്യമാകുന്നത്. ഇങ്ങനെ കണക്കാക്കുന്ന പരമാവധി അവശിഷ്ട വിഷാംശ പരിധി ആഗോളതലത്തിലുള്ളതുമായി താരതമ്യ പഠനം നടത്താറുമുണ്ട്.

**ഭക്ഷ്യോത്പന്നങ്ങളിൽ അവശിഷ്ട വിഷത്തിന്റെ അളവ് അവശിഷ്ട പരിധിക്ക് താഴെയാണെന്ന് നിരീക്ഷിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യുന്ന കളങ്കമറ്റ ഒരു സംവിധാനം നിലവിൽ വന്നാൽ മാത്രമെ ഭക്ഷ്യമേഖലയിലെ സുരക്ഷിതത്വവും പൊതു ജനങ്ങളുടെ ആരോഗ്യവും ഉറപ്പുവരുത്താനാകൂ.**



ഇപ്രകാരം തിട്ടപ്പെടുത്തിയ പരമാവധി അവശിഷ്ട വിഷാംശ പരിധിക്കു താഴെയാണ് ഭക്ഷ്യവസ്തുക്കളിലെ അവശിഷ്ട വിഷാംശം എന്നുറപ്പു വരുത്തുന്നതിനായി കേന്ദ്ര ഭക്ഷ്യസഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ സെക്ടർ സ്കീം വെള്ളായണി കാർഷികകോളേജിലുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയുൾപ്പെടെ 22 ലബോറട്ടറികൾ ഇന്ത്യയിലാകെ പ്രവർത്തിക്കുന്നു. പല ജില്ലകളിൽ നിന്നും പച്ചക്കറി, പഴവർഗ്ഗങ്ങൾ, ധാന്യ-പയർ വർഗ്ഗങ്ങൾ, പാൽ, മത്സ്യമാംസാദികൾ എന്നിവ ശേഖരിച്ച് വിശദ പരിശോധന നടത്തി വരുന്നു. 2008-നും 2010-നുമിടയ്ക്ക് പരിശോധന നടത്തിയ സാമ്പിളുകളിൽ 1.6% മാത്രമേ പരമാവധി അവശിഷ്ട പരിധി ലംഘിച്ചതായി കണ്ടെത്തിയുള്ളൂ.

ഭക്ഷ്യോത്പന്നങ്ങളിൽ അവശിഷ്ട വിഷത്തിന്റെ അളവ് അവശിഷ്ടപരിധിക്ക് താഴെയാണെന്ന് നിരീക്ഷിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്ന കളങ്കമറ്റ ഒരു സംവിധാനം നിലവിൽ വന്നാൽ മാത്രമെ ഭക്ഷ്യമേഖലയിലെ സുരക്ഷിതത്വവും പൊതുജനങ്ങളുടെ ആരോഗ്യവും ഉറപ്പുവരുത്താനാകൂ. ■

*ലേഖകർ*
*വെള്ളായണി കാർഷിക കോളേജിൽ*
*ശാസ്ത്രജ്ഞരാണ്.*

# ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്ര നിർമ്മാണം മാർഗ്ഗനിർദ്ദേശങ്ങൾ

**ആമുഖം**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ബ്ലോക്ക് – ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 11–11 –2009ലെ എസ്.ഒ. 2877(ഇ) വിജ്ഞാപനപ്രകാരം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. സേവാകേന്ദ്രത്തിന്റെ സ്ട്രക്ച്ചറൽ, ഡിസൈൻ, പ്ലാൻ, എലിവേഷൻ തുടങ്ങിയ വിശദാംശങ്ങൾ അടങ്ങുന്ന ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രം നിർമ്മിക്കുന്നതിന് ഭാരതസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാന്വൽ www.nrega.nic.inguidelines.htm എന്ന വെബ്സൈറ്റിലോ www.nregs.kerala.in.index.plipguidelines എന്ന വെബ് സൈറ്റിലോ ലഭ്യമാണ്. പ്രസ്തുത മാന്വലിന് അധികമായിട്ട് സംസ്ഥാനത്ത് സേവാകേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ കൂടുതൽ നിർദ്ദേശങ്ങളാണ് ചുവടെ വിശദീകരിച്ചിട്ടുള്ളത്. (സ.ഉ. (ആർ.റ്റി.) നം. 291/2012/തസ്വഭവ, തീയതി 25.1.2012)

**സേവാ കേന്ദ്രത്തിന്റെ ലക്ഷ്യങ്ങൾ**

- ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കൽ.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ എല്ലാ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.
- മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിച്ച് അവയുടെ സമന്വയത്തിലൂടെ ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉത്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ.
- പൊതുജനങ്ങൾക്കും ഗ്രാമ – ബ്ലോക്ക് പഞ്ചായത്തുകൾക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഇന്ന് ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കൽ.

**സേവാ കേന്ദ്രത്തിൽ ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമീണ പ്രദേശത്തെ ഏതൊരു വ്യക്തിക്കും ഉറപ്പാക്കിയിട്ടുള്ള എല്ലാ അവകാശങ്ങളും പ്രത്യേകിച്ച് തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ,തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ,മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ മുതലായവ ഉറപ്പാക്കുന്നതിനുള്ള ഒരു വേദിയാണ് സേവാകേന്ദ്രം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ആഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**പൊതു നിർദ്ദേശങ്ങൾ**

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് |
|---|---|---|
| 1. | ഗ്രാമപഞ്ചായത്തുതലത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ചുരുങ്ങിയത് 50 പേരെ ഉൾക്കൊള്ളുന്ന മീറ്റിംഗ് ഹാൾ ഉണ്ടായിരിക്കേണ്ടതാണ്. | ബ്ലോക്ക് പഞ്ചായത്തുതലത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ചുരുങ്ങിയത് 80 മുതൽ 100 വരെ പേരെ ഉൾക്കൊള്ളുന്ന മീറ്റിംഗ് ഹാൾ ഉണ്ടായിരിക്കേണ്ടതാണ്. |
| 2. | എം.ജി.എൻ.ആർ.ഇ.ജി.എസിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായി വരുന്ന ഓഫീസ് റൂം സജ്ജമാക്കേണ്ടതാണ് | എം.ജി.എൻ.ആർ.ഇ.ജി.എസിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കും മറ്റ് ഉദ്യോഗസ്ഥർക്കും ആവശ്യമായ ഓഫീസ് റൂം സജ്ജമാക്കേണ്ടതാണ്. |
| 3. | പൊതുജനങ്ങൾക്ക് അപേക്ഷ നൽകുന്നതിനും ആശയ സംവാദനത്തിനുമായി ഒരു മുറി ഒരുക്കേണ്ടതാണ് | പൊതുജനങ്ങൾക്ക് അപേക്ഷ നൽകുന്നതിനും ആശയ സംവാദനത്തിനുമായി ഒരു മുറി ഒരുക്കേണ്ടതാണ്. |
| 4. | വിവര സാങ്കേതിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് മറ്റൊരു മുറി ഉണ്ടായിരിക്കേണ്ടതാണ് | വിവര സാങ്കേതിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് മറ്റൊരു മുറി ഉണ്ടായിരിക്കേണ്ടതാണ് |
| 5. | ഓഫീസിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യങ്ങൾ കെട്ടിടത്തിന് പുറത്ത് സജ്ജമാക്കേണ്ടതാണ്. | ഓഫീസിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ആവശ്യമായ ടോയ്‌ലൈറ്റ് സൗകര്യങ്ങൾ കെട്ടിടത്തിന് പുറത്ത് സജ്ജമാക്കേണ്ടതാണ്. |
| 6. | വലിയ മീറ്റിംഗുകൾ പൊതുപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് പടികളോടുകൂടിയതും ചെലവുകുറഞ്ഞ ഒരു ആംഫിതീയറ്റർ (Amphi Theatre) കെട്ടിടത്തിന് പുറത്ത് സജ്ജമാക്കേണ്ടതാണ്. | നിർമ്മാണ വേളയിൽ ഭാവിയിൽ മറ്റ് നിർമ്മിതികൾ കേന്ദ്രത്തിന്റെ മുകൾ നിലയിൽ ഏറ്റെടുക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കേണ്ടതാണ്. |
| 7. | ടോയ്‌ലറ്റ് അടക്കം കേന്ദ്രത്തിന്റെ വിസ്തൃതി ഏകദേശം 130 ചതുരശ്രമീറ്റർ ആകാവുന്നതാണ്. | ടോയ്‌ലറ്റ് അടക്കം കേന്ദ്രത്തിന്റെ വിസ്തൃതി ഏകദേശം 290 ചതുരശ്രമീറ്റർ ആകാവുന്നതാണ്. |
| 8. | പരമാവധി 10 ലക്ഷം രൂപ കേന്ദ്രം നിർമ്മിക്കുന്നതിന് ചെലവഴിക്കാവുന്നതാണ്. | പരമാവധി 25 ലക്ഷം രൂപ കേന്ദ്രം നിർമ്മിക്കുന്നതിന് ചെലവഴിക്കാവുന്നതാണ്. |
| 9. | കേന്ദ്രം പണിയുന്നതിന് എം.ജി.എൻ.ആർ.ഇ.ജി.എസിൽ വിഭാവന ചെയ്തിട്ടുള്ള നിർവ്വഹണ രീതി അവലംബിക്കേണ്ടതാണ് | കേന്ദ്രം പണിയുന്നതിന് എം.ജി.എൻ.ആർ.ഇ. ജി.എസിൽ വിഭാവന ചെയ്തിട്ടുള്ള നിർവ്വഹണ രീതി അവലംബിക്കേണ്ടതാണ്. |
| 10. | മസ്റ്റർ റോളുകൾ, മറ്റു റിക്കാർഡുകൾ എന്നിവ സൂക്ഷിക്കേണ്ടതും അത് പരിശോധനകൾക്കും സോഷ്യൽ ആഡിറ്റിനും വിധേയമാക്കേണ്ടതുമാണ്. | മസ്റ്റർ റോളുകൾ മറ്റു റിക്കാർഡുകൾ എന്നിവ സൂക്ഷിക്കേണ്ടതും അത് പരിശോധനകൾക്കും സോഷ്യൽ ആഡിറ്റിനും വിധേയമാക്കേണ്ടതുമാണ്. |
| 11. | കൂലി സാധനഘടക അനുപാതമായ 60:40 കേന്ദ്രത്തിന്റെ നിർമ്മാണത്തിന്റെ കാര്യത്തിൽ നിലവിലെ വാർഡ് തലത്തിൽ നിന്നും വ്യത്യസ്തമായി ജില്ലാതലത്തിൽ പാലിച്ചാൽ മതിയാകും. | കൂലി, സാധനഘടക അനുപാതമായ 60:40 കേന്ദ്രത്തിന്റെ നിർമ്മാണത്തിന്റെ കാര്യത്തിൽ നിലവിലെ വാർഡ് തലത്തിൽ നിന്നും വ്യത്യസ്തമായി ജില്ലാതലത്തിൽ പാലിച്ചാൽ മതിയാകും |
| 12. | സേവാകേന്ദ്രത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ ഉത്തരവാദിത്വമാണ്. | സേവാകേന്ദ്രത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് ജില്ലാ പ്രോഗാം കോർഡിനേറ്ററുടെ ഉത്തരവാദിത്വമാണ്. |
| 13. | സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ആവശ്യമുള്ളപക്ഷം ഈ ആവശ്യത്തിലേക്ക് സർക്കാർ എം.ജി.എൻ.ആർ.ഇ.ജി.എസിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ് | സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ആവശ്യമുള്ള പക്ഷം ഈ ആവശ്യത്തിലേക്ക് സർക്കാർ എം.ജി.എൻ. ആർ. ഇ.എസിന് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ്. |
| 14. | അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്നതിനായി തൊഴിൽ കാർഡ് ലഭിച്ചവരെ ഉപയോഗിക്കേണ്ടതാണ്. | അവിദഗ്ധ തൊഴിൽ ചെയ്യുന്നതിനായി തൊഴിൽ കാർഡ് ലഭിച്ചവരെ ഉപയോഗിക്കേണ്ടതാണ്. |
| 15. | മെഷിനറികളും കോൺട്രാക്ടറും പാടില്ല | മെഷിനറികളും കോൺട്രാക്ടറും പാടില്ല. |





**ധനസ്രോതസ്സ്**

- BRGF (Backward Region Grant Fund) നടപ്പാക്കുന്ന ജില്ലകളിൽ സാധന ഘടകം BRGFൽ നിന്നും വേതനഘടകം എംജിഎൻആർഇജിഎസിൽ നിന്നും കണ്ടെത്തേണ്ടതാണ്. BRGFൽ ലഭ്യമായ തുക സാധനഘടകത്തിന് ഉപയോഗിക്കുവാൻ മതിയാകാത്ത സാഹചര്യമുണ്ടെങ്കിൽ എം.ജി.എൻ. ആർ.ഇജി.എസിൽ നിന്നും 60:40 അനുപാതത്തിന് വിധേയമായി നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്.
- BRGF നടപ്പിലാക്കാത്ത ജില്ലകളിൽ എം.ജി.എൻ.ആർ.ഇ. ജി.എസ്. ഫണ്ടിനെ ആശ്രയിച്ച് കേന്ദ്രം നിർമ്മിക്കാവുന്നതും സാധനഘടകത്തിന്റെ ചെലവിനായി മറ്റ് ഫണ്ട് ലഭ്യമാണെങ്കിൽ അത് ഉപയോഗിക്കാവുന്നതാണ്.
- ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം നിശ്ചയിച്ചിട്ടുള്ള അനുവദനീയമായ തുകയും അധികരിച്ച് ഉണ്ടാകാവുന്ന എല്ലാ ചെലവുകളും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

**നിർവ്വഹണം**

*നിർവ്വഹണ ഉദ്യോഗസ്ഥൻ*

- കേന്ദ്രത്തിന്റെ നിർമ്മാണം ഗ്രാമപഞ്ചായത്തുതലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ബ്ലോക്കുതലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും നേരിട്ട് നിർവ്വഹണം നടത്തുന്ന രീതിയാണ് അവലംബിക്കേണ്ടത്.
- ഗ്രാമപഞ്ചായത്തുതലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറാണ് പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നതും അളവുകൾ രേഖപ്പെടുത്തുന്നതും.
- ഗ്രാമപഞ്ചായത്തുതലത്തിൽ പ്രവൃത്തി മാനേജ് ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ ആയിരിക്കും.
- ബ്ലോക്ക് പഞ്ചായത്തുതലത്തിൽ പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുന്നതും അളവുകൾ രേഖപ്പെടുത്തുന്നതും ബ്ലോക്ക് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ ചുമതലയുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയറാണ്.
- ബ്ലോക്ക് പഞ്ചായത്തുതലത്തിൽ പ്രവൃത്തി മാനേജ് ചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ബ്ലോക്കിൽ നിയമിച്ചിട്ടുള്ള അക്രഡിറ്റഡ് എഞ്ചിനീയർ ആയിരിക്കും.
- എൽ.എസ്.ജി.ഡി, പി.ഡബ്ല്യൂഡി, ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരിക്കും ഗ്രാമപഞ്ചായത്തുതലത്തിലെ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടത്. ഇപ്രകാരം ചെക്ക് മെഷർ ചെയ്യുന്ന എല്ലാ റിക്കാർ ഡുകളും ബ്ലോക്കുതലത്തിൽ ജനകീയാസൂത്രണത്തിനായി രൂപീകരിച്ചിട്ടുള്ള എ.എക്സ്.ഇ. കൺവീനർ ആയിട്ടുള്ള ടി.എ.ജി.യിൽ ബന്ധപ്പെട്ട എ.എക്സ്.ഇ. സമർപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും കമ്മിറ്റിയുടെ കൺവീനറുടെ ഒപ്പ് ലഭ്യമാക്കേണ്ടതുമാണ്.
- എൽ.എസ്.ജി.ഡി, പി.ഡബ്ലുഡി, ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായിരിക്കും ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ പ്രവൃത്തികളുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടത്. ഇപ്രകാരം ചെക്ക് മെഷർ ചെയ്യുന്ന എല്ലാ റിക്കാർഡുകളും ജില്ലാതലത്തിൽ ജനകീയാസൂത്രണത്തിനായി രൂപീകരിച്ചിട്ടുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിട്ടുള്ള ടി.എ.ജി.യിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും കമ്മിറ്റിയുടെ കൺവീനറുടെ ഒപ്പ് ലഭ്യമാക്കേണ്ടതുമാണ്.

*സേവാകേന്ദ്രം നിർമ്മിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കൽ*

- ഓരോ ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളിലെയും സേവാകേന്ദ്രങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പഞ്ചായത്ത്/ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങൾക്ക് അടുത്തായി ലഭ്യമായിട്ടുള്ള ഇടങ്ങളിലായിരിക്കും അഭികാമ്യം.
- ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കേണ്ട സേവാകേന്ദ്രത്തിന് 130 മീറ്ററും ബ്ലോക്ക് പഞ്ചായത്തിന് 290 മീറ്ററും വിസ്തൃതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതായത് സേവാകേന്ദ്രം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് 3.21 സെന്റ് ഭൂമിയും ബ്ലോക്ക് പഞ്ചായത്തിന് 7.16 സെന്റ് ഭൂമിയും ആവശ്യമാണ്.

- സ്വതന്ത്രമായി സേവാകേന്ദ്രം നിർമ്മിക്കുന്നതിന് സ്ഥലം തീരെ ലഭ്യമല്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലെ ഓഫീസിന്റെ മുകൾ നിലയിൽ കേന്ദ്രം നിർമ്മിക്കാവുന്നതാണ്. ഇതിനാവശ്യമായ വസ്തുനിഷ്ഠമായ തീരുമാനം ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ എടുക്കേണ്ടതാണ്. ഇപ്രകാരം മുകൾ നിലയിൽ കേന്ദ്രം നിർമ്മിക്കുന്നതിന് നിലവിലെ കെട്ടിടം ദൃഢമാണെന്നും സേവാകേന്ദ്രം മുകൾ നിലയിൽ നിർമ്മിക്കുന്നതിന് സാങ്കേതിക തടസ്സം ഇല്ല എന്ന് കാണിക്കുന്ന എൽഎസ്ജിഡി എഞ്ചിനീയറുടെ സേഫ്റ്റി സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരിക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ പ്രസ്തുത സേഫ്റ്റി സർട്ടിഫിക്കറ്റ് ബ്ലോക്ക് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്.

*വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വില നിർണ്ണയവും*

- ജില്ലാ കളക്ടറാണ് സേവാകേന്ദ്ര നിർമ്മാണത്തിന് ആവശ്യം വരുന്ന വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വിലയും നിർണ്ണയിക്കുന്നത്.
- വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വിലയും നിർണ്ണയിക്കുന്നതിന് ജില്ലാകളക്ടറെ സഹായിക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന ഒരു കമ്മറ്റിയെ ജില്ലാതലത്തിൽ രൂപീകരിക്കേണ്ടതാണ്.

    ജില്ലാകളക്ടർ (അധ്യക്ഷൻ)
    ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (കൺവീനർ)
    എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ)
    എക്സിക്യൂട്ടീവ് എഞ്ചിനീയർ (പി.ഡബ്ള്യൂഡി, ബിൽഡിംഗ്സ്)
    ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്
    ഡെപ്യൂട്ടി ഡയറക്ടർ (എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്ക്സ്)
    ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)

- വിദഗ്ദ്ധ /അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും സാധനസാമഗ്രികളുടെ വിലയും ഓരോ ബ്ലോക്കുതലത്തിലുമാണ് ജില്ലാ കളക്ടർ നിർണ്ണയിക്കേണ്ടത്.
- ഓരോ ബ്ലോക്കിലും അതിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലും നിർമ്മിക്കേണ്ട സേവാകേന്ദ്രത്തിന് ആവശ്യമായ എല്ലാത്തരം സാധനസാമഗ്രികളും (പാറ, സിമന്റ്, മണ്ണ്, ഇഷ്ടിക, ചല്ലി, കമ്പി, പൈപ്പ്, കട്ടിള, തടി ഉരുപ്പടികൾ, ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, പ്ലംബ്ലിംഗ് സാമഗ്രികൾ ഗ്ലാസ്സ് പെയിന്റ് തുടങ്ങിയവ) അവയുടെ യഥാർത്ഥ കമ്പോള വിലയും, വിദഗ്ദ്ധ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ പ്രാദേശിക കൂലിയും നിർണ്ണയിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത്തലത്തിൽ അദ്ധ്യക്ഷതയിൽ താഴെ സൂചിപ്പിക്കുന്ന തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

    ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് (അദ്ധ്യക്ഷൻ)
    ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (കൺവീനർ)
    അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ)
    ബ്ലോക്ക് തലത്തിൽ പ്രവൃത്തിക്കുന്ന രണ്ട് എൽ.എസ്.ജി.ഡി. എഞ്ചിനീയർമാർ
    ബ്ലോക്കിലെ അക്രഡിറ്റഡ് എഞ്ചിനീയർ

- ഓരോ ബ്ലോക്ക് പഞ്ചായത്തും സമർപ്പിക്കുന്ന സാധനസാമഗ്രികളുടെ തരവും നിരക്കും, വിദഗ്ദ്ധ അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ പ്രാദേശിക കൂലിയും നിർദ്ദേശങ്ങൾ മാത്രമാണ്. പ്രസ്തുത നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ജില്ലാകളക്ടർ അദ്ദേഹത്തിനെ സഹായിക്കുവാൻ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിലെ ചർച്ചകളുടെ അടിസ്ഥാനത്തിലായിരിക്കണം അന്തിമ നിരക്കുകളും കൂലിയും പ്രസിദ്ധീകരിക്കേണ്ടത്.

## അവിദഗ്ദ്ധ തൊഴിലാളികൾ

- സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ അവിദഗ്ദ്ധ തൊഴിലാളികളെ നിയോഗിക്കുന്നതും അവർക്ക് കൂലി നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കും.

*എസ്റ്റിമേറ്റ് തയ്യാറാക്കലും*
*ഭരണ സാങ്കേതിക അനുമതി നൽകലും*

- പി.ഡബ്ല്യൂ.ഡി. ഡാറ്റയിൽ മുകളിൽ പറഞ്ഞപ്രകാരം നിർണ്ണയിച്ച നിരക്കുകളുടെയും കൂലിയുടെയും അടിസ്ഥാനത്തിൽ എൽഎസ്ജിഡി എഞ്ചിനീയർ/ അക്രഡിറ്റഡ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തുകളിലെ സേവാ കേന്ദ്രത്തിന്റെ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മിക്കേണ്ട കേന്ദ്രത്തിന്റെ എസ്റ്റിമേറ്റ് മുകളിൽ സൂചിപ്പിച്ച രീതിയിൽ ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ബ്ലോക്ക്തല അക്രഡിറ്റഡ് എഞ്ചിനീയർ തയ്യാറാക്കിയാൽ മതിയാകും.
- എസ്റ്റിമേറ്റുകൾ സ്ക്രൂട്ടിനി ചെയ്ത് സാങ്കേതിക അംഗീകാരം നൽകേണ്ടത് എൽ.എസ്.ജി.ഡി/പി.ഡബ്ലു.ഡി./ ഇറിഗേഷൻ വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആയിരിക്കും.
- സാങ്കേതിക അപ്രൂവൽ ലഭിച്ചിട്ടുള്ള സേവാകേന്ദ്രങ്ങളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളാണ്.
- ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്ത് സേവാകേന്ദ്രങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടുള്ള ബ്ലോക്കുതല ടി.എ.ജി. ആയിരിക്കും.
- ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് സേവാകേന്ദ്രങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായിട്ടുള്ള ജില്ലാതല ടി.എ.ജി. ആയിരിക്കും.
- സേവാകേന്ദ്രത്തിന്റെ നിർമ്മാണം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ നേരിട്ട് നടപ്പാക്കുന്നതിനാൽ കരാർ ആവശ്യമില്ല.

*കൂലി വിതരണം*

- സേവാകേന്ദ്രങ്ങളുടെ നിർമ്മാണം എം.ജി. എൻ.ആർ.ഇ.ജി.എയിൽ വിഭാവനം ചെയ്തിട്ടുള്ള നിർവ്വഹണ രീതിയായതിനാൽ അവിദഗ്ദ്ധ കായിക തൊഴിലിനായി തൊഴിൽ കാർഡ് ഉടമകളെ ഉപയോഗിക്കേണ്ടതും അവരുടെ കൂലി മസ്റ്റർറോളിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ വഴി 7 മുതൽ 14 ദിവസത്തിനുള്ളിൽ നൽകേണ്ടതുമാണ്.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്ന വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്ക് വേതനം നൽകുന്ന രീതി സേവാകേന്ദ്രങ്ങളുടെ നിർമ്മാണത്തിലും അവലംബിക്കേണ്ടതാണ്. വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലി ബാങ്ക് മുഖാന്തരം നൽകേണ്ടതും അത്യാവശ്യഘട്ടങ്ങളിൽ ഓരോ ദിവസത്തെയും കൂലി ചെക്ക് പേയ്മെന്റിലൂടെ തൊഴിലാളികൾക്ക് നൽകാവുന്നതുമാണ്.






*സാധന സാമഗ്രികൾ വാങ്ങൽ*

- ജില്ലാകളക്ടർ ഓരോ ബ്ലോക്കിലേക്കും നിശ്ചയിച്ചിട്ടുള്ള സാധനസാമഗ്രികളുടെ ഇനത്തിന്റെയും വിലയുടെയും അടിസ്ഥാനത്തിൽ അവ ഓരോന്നും വാങ്ങുന്നതിന് താഴെപ്പറയുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

| നം. | രീതി | സാമ്പത്തിക പരിധി |
|---|---|---|
| 1 | നേരിട്ടുള്ള വാങ്ങൽ | 5000 രൂപ വരെ |
| 2 | ക്വട്ടേഷൻ | 20000 രൂപ വരെ |
| 3 | മത്സരാധിഷ്ഠിത ദർഘാസ് | 20000 രൂപയ്ക്ക് മുകളിൽ |

- സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ അളവിലും ഗുണത്തിനുമുള്ള സാധനങ്ങളാണ് വാങ്ങിക്കുന്നതെന്നും ഒരു കാരണവശാലും സാധനസാമഗ്രികൾ ഉപയോഗിച്ചതിനുശേഷം മിച്ചം വരുന്നില്ല എന്ന് ഉറപ്പാക്കേണ്ടത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്.

*മേറ്റുകളുടെ നിയോഗവും ഉത്തരവാദിത്വവും*

- സേവാകേന്ദ്ര നിർമ്മാണത്തിൽ സൈറ്റ് മാനേജരായ അക്രഡിറ്റഡ് എഞ്ചിനീയറിനെ സഹായിക്കുന്നതിനായി മേറ്റിനെ എം.ജി.എൻ.ആർ.ഇ.ജി.എസ്. നിർവ്വഹണത്തിൽ അനുശാസിക്കും പ്രകാരം നിയോഗിക്കാവുന്നതാണ്.

*സാധനസാമഗ്രികൾ സൈറ്റിൽ ഏറ്റു വാങ്ങൽ*
*സംഭരണ വിനിയോഗ മാനേജ്മെന്റ്*

- സാധന സാമഗ്രികൾ സൈറ്റിൽ ഏറ്റുവാങ്ങേണ്ടത് സൈറ്റ് മാനേജരായ അക്രഡിറ്റഡ് എഞ്ചിനീയറാണ്. സാധനസാമഗ്രികൾ സൈറ്റിൽ എത്തിക്കുന്ന വാഹനത്തിന്റെ നമ്പരും മോഡലും പ്രത്യേകം കുറിച്ചെടുത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം എഞ്ചിനീയർക്കാണ്. സ്ഥലത്ത് ഇറക്കുന്ന സാധനസാമഗ്രികൾ സെക്രട്ടറിയുടെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ, അളവ് എന്നിവ പാലിച്ചിട്ടുണ്ട് എന്ന് അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) പരിശോധിച്ചു ബോധ്യപ്പെടേണ്ടതും അല്ലാത്ത പക്ഷം സാധനസാമഗ്രികൾ രേഖാമൂലം നിരസിക്കേണ്ടതുമാണ്.
- അക്രഡിറ്റഡ്/എഞ്ചിനീയർ (സൈറ്റ് മാനേജർ) ഓരോ ഘട്ടത്തിലും സാധനസാമഗ്രികൾ ഏറ്റുവാങ്ങേണ്ടതാണ്. സൈറ്റിൽ എത്തിക്കുന്ന സാധനസാമഗ്രികൾ സുരക്ഷിതമായും കേടുകൂടാതെയുമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത് എന്നുള്ളതിന്റെ ഉത്തരവാദിത്വം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. സാധനസാമഗ്രികൾ ഏറ്റുവാങ്ങി അതിനുള്ള രസീതു അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) ഒപ്പിട്ട് ഗ്രാമ/ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ മേൽ ഒപ്പോടുകൂടി ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും സെക്രട്ടറിയുടെ ദൈനംദിന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
- കൈപ്പറ്റുന്ന സാധനസാമഗ്രികൾ കേടുകൂടാതെയും ഭദ്രമായും സൂക്ഷിക്കണമെന്ന് തോന്നുന്ന പക്ഷം അനുയോജ്യമായ റൂമുകൾ വാടകയ്ക്ക് എടുക്കാവുന്നതും ആയതിന്റെ വാടക പ്രവൃത്തിയുടെ സാധനഘടകത്തിൽ നിന്നും കണ്ടെത്താവുന്നതുമാണ്. ഇപ്രകാരം ആവശ്യമായി വരുന്ന വാടകകളുടെ നിരക്ക് സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം വിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തീരുമാനിക്കാവുന്നതാണ്.
- ഒരു പ്രവൃത്തിക്കായി സജ്ജമാക്കിയിട്ടുള്ള സാധനസാമഗ്രികൾ പ്രസ്തുത പ്രവൃത്തിയിലേക്ക് വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതിന്റെ ചുമതല പ്രവൃത്തിയിൽ നിശ്ചയിച്ചിട്ടുള്ള മെയ്റ്റിൽ നിക്ഷിപ്തമാണ്. സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ അനുശാസിച്ചിട്ടുള്ള രീതിയിലും തോതിലും പ്രവൃത്തിയിൽ വിനിയോഗിക്കുന്നുണ്ടെന്ന് അക്രഡിറ്റഡ് എഞ്ചിനീയർ (സൈറ്റ് മാനേജർ) ഉറപ്പാക്കേണ്ടതുമാണ്.

**സേവാകേന്ദ്ര നിർമ്മാണത്തിൽ സൈറ്റ് മാനേജരായ അക്രഡിറ്റഡ് എഞ്ചിനീയറിനെ സഹായിക്കുന്നതിനായി മേറ്റിനെ എം. ജി. എൻ. ആർ. ഇ. ജി. എസ്. നിർവ്വഹണത്തിൽ അനുശാസിക്കും പ്രകാരം നിയോഗിക്കാവുന്നതാണ്.**

- സാധന സാമഗ്രികൾ ഓരോഘട്ടത്തിലും ഏറ്റുവാങ്ങുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ മാതൃക സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ അനുബന്ധം 5ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഉപയോഗിക്കാവുന്നതാണ്.

*പ്രവൃത്തികളുടെ ഘട്ടങ്ങളും സൂപ്പർവിഷനും*

- ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിന് താഴെ സൂചിപ്പിക്കുന്ന ഘട്ടങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

    ബേയ്സ്മെന്റ്
    ലിന്റൽ ലെവൽ
    റൂഫ്/കോൺക്രീറ്റ്
    പ്ലാസ്റ്ററിംഗ്
    ഫ്ളോറിംഗ്
    ഫിറ്റിംഗുകളും പ്രവൃത്തി പൂർത്തികരണവും (വൈദ്യൂതീകരണം, പ്ലബിംഗ്, ഡോർഫിറ്റിംഗ്, പെയിന്റിംഗ് മുതലായവ)

- മുകൾ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ഓരോ സ്റ്റേജും പരിശോധിച്ച് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് പ്രവൃത്തി സൂപ്പർവൈസ് ചെയ്യുന്ന എൽ.എസ്.ജി.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണ്.

*പൂർത്തീകരണ സർട്ടിഫിക്കറ്റ്*

- സേവാകേന്ദ്രത്തിന്റെ നിർമ്മാണത്തിന്റെ പൂർത്തികരണ സർട്ടിഫിക്കറ്റ് (completion certificate) തയ്യാറാക്കേണ്ടത് പ്രവൃത്തി സൂപ്പർവൈസ് ചെയ്യുന്ന എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ ഉത്തവാദിത്വമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന സേവാകേന്ദ്രങ്ങളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ബ്ലോക്ക് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ ഉത്തരവാദിത്വമാണ്.
- പ്രവൃത്തി പൂർത്തീകരിച്ച സേവാകേന്ദ്രങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് മാത്രമായിരിക്കും ഉപയോഗിക്കുന്നതെന്നുള്ള തരത്തിൽ ഒരു സർട്ടിഫിക്കറ്റ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് നൽകേണ്ടതാണ്. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

# പഞ്ചായത്ത് അക്കൗണ്ട്

## സംശയങ്ങളും മറുപടികളും

*ചോദ്യം: ബിൽ തുകയിൽനിന്ന് റിക്കവറി നടത്തുന്ന ഇൻകം ടാക്സ്, വാറ്റ് എന്നിവയോടൊപ്പം റിക്കവറി നടത്തുന്ന 'എഡ്യൂക്കേഷൻ സെസ്' 'ഹയർ എഡ്യൂക്കേഷൻ സെസ്' എന്നിവയ്ക്ക് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് നൽകിയതായി കാണുന്നില്ല. അവ എങ്ങനെ ഉൾപ്പെടുത്തും?*

ഉത്തരം: ഇൻകം ടാക്സ്, വാറ്റ് എന്നിവയോടൊപ്പം റിക്കവറി ചെയ്യുന്ന എഡ്യൂക്കേഷൻ സെസ്, ഹയർ എഡ്യൂക്കേഷൻ സെസ് എന്നിവ ഉൾപ്പെട്ട തുകയാണ് '350 200 201 റിക്കവറീസ് പേയബ്ൾ–ഇൻകം ടാക്സ്'; '350 200 202 റിക്കവറീസ് പേയബ്ൾ – വാല്യൂ ആഡഡ് ടാക്സ്' എന്നീ ഹെഡ്ഡുകൾക്കു കീഴിൽ രേഖപ്പെടുത്തേണ്ടത്.

*ചോദ്യം: മരാമത്ത് പണികളുടെ നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആണല്ലോ. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയ്ക്ക് ഓരോ കരാറുകാരനുള്ള രസീത് അസിസ്റ്റന്റ് എഞ്ചിനീയർ നൽകുകയും, പിന്നീട് ഇവ ഒരു ലിസ്റ്റ് സഹിതം ഒറ്റത്തുകയായി പഞ്ചായത്ത് ഓഫീസിൽ നൽകുകയും ചെയ്യുന്ന രീതി നിലവിലുണ്ട്. ഈ തുകകൾ സ്വീകരിച്ച് ഒരു ദിവസം ലഭിക്കുന്ന മൊത്തം ഇഎംഡിക്കും, മൊത്തം സെക്യൂരിറ്റി ഡെപ്പോസിറ്റിനും സാംഖ്യയിൽ ഓരോ രസീത് നൽകിയാൽ മതിയാവുമോ?*

ഉത്തരം : വിജയിക്കാത്ത ടെൻഡറുകളുടെ കാര്യത്തിൽ നിരതദ്രവ്യവും (ഇഎംഡി), പണിപൂർത്തിയായി ഗ്യാരന്റി കാലാവധി തീർന്ന പ്രവൃത്തികളുടെ കാര്യത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റും ബന്ധപ്പെട്ട കരാറുകാരന് തിരിച്ചു നൽകേണ്ടത് പഞ്ചായത്താണ്. ഇതിനായി സാംഖ്യയിൽ സെർച്ച് ചെയ്യുമ്പോൾ ബന്ധപ്പെട്ട കരാറുകാരന് നൽകിയ രസീത് സാംഖ്യയിൽ കാണേണ്ടതുണ്ട്. കരാറുകാരനോടുള്ള ബാദ്ധ്യത ക്രെഡിറ്റ് ആയി സാംഖ്യയിൽ കണ്ടെങ്കിൽ മാത്രമേ ആ ബാദ്ധ്യത തീർക്കാനുള്ള ഡെബിറ്റ് സാംഖ്യയിൽ രേഖപ്പെടുത്താനാവൂ. അതിനാൽ ഓരോ കരാറുകാരന്റേയും ഇഎംഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഓഫീസിൽ നേരിട്ടു വാങ്ങി സാംഖ്യയിൽ രസീതു നൽകുന്നതാണ് ശരി.

*ചോദ്യം: ഗുണഭോക്തൃ വിഹിതം ഓരോ ഗുണഭോക്താവിൽനിന്നും സ്വീകരിച്ച് നിർവഹണ ഉദ്യോഗസ്ഥൻ രസീത് നൽകുന്നു. ഒറ്റത്തുകയായി പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുന്നു; ഈ രീതി ശരിയല്ലേ?*

ഉത്തരം : അതെ; കാരണം ഓരോ ഗുണഭോക്താവിനും ആനുകൂല്യം നൽകുന്നത്, പിരിച്ചെടുത്ത് ലിസ്റ്റ് സൂക്ഷിക്കുന്ന നിർവഹണ ഉദ്യോഗസ്ഥൻ തന്നെയാണ്. പഞ്ചായത്ത് അക്കൗണ്ടിൽ ഗുണഭോക്തൃ വിഹിതമായി ക്രെഡിറ്റ് ചെയ്ത മൊത്തം തുകയിൽ നിന്ന് ആവശ്യമായ തുക നിർവഹണ ഉദ്യോഗസ്ഥൻ നൽകിയാൽ മതി.

*ചോദ്യം : വർഷാരംഭത്തിൽ വസ്തു നികുതി, തൊഴിൽ നികുതി തുടങ്ങിയവയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ അക്രൂവൽ വരുമാനം രേഖപ്പെടുത്തുന്നു. തുടർന്ന്, പുതിയ നികുതി നിർണയം നടന്നെന്നും വരുമാനം വർദ്ധിച്ചെന്നും വരാം. അല്ലെങ്കിൽ, റിവിഷൻ/അപ്പീൽ എന്നിവയുടെ ഫലമായി നേരത്തേ നിർണയിച്ചതിൽനിന്ന് നികുതി കുറഞ്ഞെന്നും വരാം. ഇക്കാര്യങ്ങൾ എങ്ങനെ രേഖപ്പെടുത്തും?*

ഉത്തരം : നാല് ഉദാഹരണങ്ങൾ പരിശോധിക്കാം.

1. തന്നാണ്ടിൽ നിർമ്മാണം പൂർത്തിയായി നികുതി നിർണയം നടത്തിയ വീടുകളുടെ കാര്യത്തിൽ 50,000 രൂപ വസ്തു നികുതി ഡിമാന്റിൽ വർദ്ധനവുണ്ടായി.

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 431 10 01 01 Receivables for Property Tax on Residential Buildings (current) | 52,500 | |
| To 110 10 01 01 Property Tax on Residential Buildings | | 50, 000 |
| To 431 91 01 01 State Govt. Cesses/Levies on Property tax-Control Account (Being the increase in demand due to new assessments) | | 2,500 |





2. കഴിഞ്ഞവർഷം നിർമ്മാണം പൂർത്തിയായതിനാൽ കഴിഞ്ഞവർഷം തന്നെ നികുതി നിർണയം നടത്തേണ്ടതായിരുന്നെങ്കിലും വിട്ടുപോയതിനാൽ തന്നാണ്ടിൽ മാത്രമേ നികുതി നിർണയം നടത്തിയുള്ളൂ. കഴിഞ്ഞവർഷത്തെ നികുതി കുടിശ്ശിക 5,000 രൂപ.

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 431 10 01 02 Receivables for Property Tax on Residential Buildings (Arrears) | 5,250 | |
| To 280 10 01 01 Prior period Income-Property Tax on Residential Buildings | | 5,000 |
| To 431 91 01 01 State Govt. Cesses/Levies on Property tax-Control Account (Being the increase in demand which was omitted to be raised during the previous year) | | 250 |

(ഈ കെട്ടിടത്തിന്റെ തന്നാണ്ടിലെ നികുതി ഒന്നാമത്തെ ഉദാഹരണത്തിന്റെ രീതിയിൽ രേഖപ്പെടുത്തണം.)

3. റിവിഷൻ/അപ്പീലിൽ വസ്തുനികുതി ഡിമാൻഡ് 500 രൂപ കുറവു ചെയ്തു. അക്രൂവൽ രേഖപ്പെടുത്തിയിട്ടുണ്ട്; പിരിച്ചെടുത്തിട്ടില്ല.

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 110 90 01 01 Tax Remission and Refund-Property Tax on Residential Buildings | 500 | |
| 431 91 01 01 State Govt. Cesses/Levies Property Tax-Control Account | 25 | |
| To 431 10 01 01 Receivables for Property Tax on Residential Buildings (current) (Being the remission of Tax on revision/appeal) | | 525 |

4. റിവിഷൻ/അപ്പീലിൽ വസ്തു നികുതി ഡിമാൻഡ് 400 രൂപ കുറവു ചെയ്തു. അക്രൂവൽ രേഖപ്പെടുത്തുക മാത്രമല്ല, തുക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 110 90 01 01 Tax Remission and Refund-Property tax on Residential buildings | 400 | |
| 431 91 01 01 State Govt. cesses/ Levies on Property Tax-Central Account | 20 | |
| To 350 41 01 01 Advance collection of Revenues/ Property Tax on Residential Buildings (Being the amount that has become excess collection consequent on the remission of tax on revision/appeal) | | 420 |

**ഇൻകം ടാക്സ്, വാറ്റ് എന്നിവയോടൊപ്പം റിക്കവറി ചെയ്യുന്ന എഡ്യൂക്കേഷൻ സെസ്, ഹയർ എഡ്യൂക്കേഷൻ സെസ് എന്നിവ ഉൾപ്പെട്ട തുകയാണ് '350 200 201 റിക്കവറീസ് പേയബ്ൾ–ഇൻകം ടാക്സ്" '350 200 202 റിക്കവറീസ് പേയബ്ൾ– വാല്യൂ ആഡഡ് ടാക്സ്" എന്നീ ഹെഡ്ഡുകൾക്കു കീഴിൽ രേഖപ്പെടുത്തേണ്ടത്.**

*ചോദ്യം: പഞ്ചായത്ത്/നഗരസഭ വക കെട്ടിടങ്ങൾ വാടകയ്ക്കു നൽകുന്നതു സംബന്ധിച്ച ബൈലോ ഞങ്ങളുടെ പഞ്ചായത്തിൽ/നഗരസഭയിൽ നേരത്തേ തന്നെ നിലവിലുള്ളതാണ്. ഇതുപ്രകാരം പിഴപ്പലിശയുടെ നിരക്ക് പ്രതിമാസം 2 ശതമാനമാണ്. പഞ്ചായത്ത് രാജ് ആക്റ്റിലെ/മുനിസിപ്പാലിറ്റി ആക്ടിലെ പിഴപ്പലിശ സംബന്ധിച്ച വകുപ്പിൽ പിന്നീട് ഭേദഗതി വന്നിട്ടുണ്ടെന്ന കാരണത്താൽ ബൈലോ പ്രകാരമുള്ള പ്രതിമാസം 2 ശതമാനം പിഴപ്പലിശയെന്ന നിരക്കിൽ മാറ്റം വരുത്തേണ്ടതുണ്ടോ?*

ഉത്തരം: പിഴപ്പലിശയുടെ പ്രതിമാസ നിരക്ക് ഒരുശതമാനമെന്ന ഭേദഗതി കേരളപഞ്ചായത്ത് രാജ് നിയമത്തിന്റെ 209E വകുപ്പിൽ നിലവിൽ വന്നത്, 2009 ഒക്ടോബർ 7–ാം തീയതി മുതലാണ്. കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 538–ാം വകുപ്പിന്റെ (2) –ാം ഉപവകുപ്പിൽ ഇതേ ഭേദഗതി 2005 ഓഗസ്റ്റ് 24–ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. "ഈ നിയമത്തിൽ മറ്റെന്തു തന്നെ പറഞ്ഞിരുന്നാലും, ഈ നിയമത്തിന്റെ വകുപ്പുകൾ പ്രകാരമോ, ഈ നിയമത്തിന്റെ കീഴിൽ നിർമ്മിച്ച ചട്ടങ്ങളോ, ബൈലോകളോ പ്രകാരമോ, പഞ്ചായത്തിനു ലഭിക്കാനുള്ള തുകകൾ നിശ്ചിത തീയതിക്കകം നൽകിയിട്ടില്ലെങ്കിൽ ആ തുകകൾ, നിശ്ചിത തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴപ്പലിശ സഹിതം ഈടാക്കുന്നതാണ്" എന്നാണ് 209E വകുപ്പിന്റെ സാരം. നഗരസഭയെ സംബന്ധിച്ച് 538–ാം വകുപ്പിന്റെ (2)ാം ഉപവകുപ്പിന്റെ സാരവും ഇതുതന്നെ. ഇക്കാരണത്താൽ, ഏതുകാര്യം സംബന്ധിച്ചായാലും, പഞ്ചായത്തുകളും നഗരസഭകളും ഈടാക്കേണ്ട പ്രതിമാസ പിഴപ്പലിശ നിരക്ക് ഒരു ശതമാനമാണ്–നഗരസഭകളിൽ 2005 ഓഗസ്റ്റ് 24 മുതലും പഞ്ചായത്തുകളിൽ 2009 ഒക്ടോബർ 7 മുതലും ഇതാണ് നിയമവ്യവസ്ഥ.

*ചോദ്യം : 320 20 01 01 ഡവലപ്മെന്റ് ഫണ്ട്- ജനറൽ കാപിറ്റൽ" എന്ന ഹെഡ് ഓഫ് അക്കൗണ്ട് കാണുന്നുണ്ട്. '160 10 01 01 ഡവലപ്മെന്റ് ഫണ്ട് –ജനറൽ' എന്ന മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടും ഉണ്ട്. ഇപ്രകാരം, ഒരേ കാര്യത്തിന് രണ്ട് ഹെഡ് ഓഫ് അക്കൗണ്ടുകൾ എന്തിനാണ്?*

ഉത്തരം : സവിശേഷ ഉദ്ദേശ്യങ്ങൾക്കായുള്ള ഗ്രാന്റുകൾ ലഭിക്കുമ്പോൾ അവ ബാദ്ധ്യതയായിട്ടാണ് രേഖപ്പെടുത്തേണ്ടത്. റസീറ്റ് വൗച്ചർ ഉപയോഗിച്ച് ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിനു ഡെബിറ്റും ബാദ്ധ്യതാ അക്കൗണ്ടിനു ക്രെഡിറ്റും നൽകുന്നു. ചെലവു ചെയ്യുമ്പോൾ, ചെലവിന്റെ സ്വഭാവമനുസരിച്ച് ചെലവ് ഹെഡ് ഓഫ് അക്കൗണ്ടിനോ ആസ്തി ഹെഡ് ഓഫ് അക്കൗണ്ടിനോ പേയ്മെന്റ് ഓർഡർ/ പേയ്മെന്റ് വൗച്ചർ ഉപയോഗിച്ച് ഡെബിറ്റ് ചെയ്യുന്നു. ബന്ധപ്പെട്ട ബാങ്ക് ട്രഷറി അക്കൗണ്ടിന് ക്രെഡിറ്റും നൽകുന്നു. അതിനുശേഷം തത്തുല്യമായ തുകയ്ക്കുള്ള ഡെബിറ്റ് ഗ്രാന്റിന്റെ ബാദ്ധ്യതാ ഹെഡ് ഓഫ് അക്കൗണ്ടിനു നൽകുന്നു. ഗ്രാന്റിന്റെ റവന്യൂഹെഡ് ഓഫ് അക്കൗണ്ടിന്/ അല്ലെങ്കിൽ കാപിറ്റൽ കോൺട്രിബ്യൂഷൻ എന്ന ബാദ്ധ്യതാ ഹെഡ് ഓഫ് അക്കൗണ്ടിന് ക്രെഡിറ്റും നൽകുന്നു. ജേണൽ വൗച്ചർ വഴിയാണിതു ചെയ്യുന്നത്. താഴെ കൊടുക്കുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

**1. ലെറ്റർ ഓഫ് അതോറിറ്റി ലഭിക്കുമ്പോൾ** (റസീറ്റ് വൗച്ചർ)

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 450 65 01 01 V P F A - II | 9,00,000 | |
| To 320 20 01 01 Development Fund - General - Capital | | 5,00,000 |
| To 320 20 01 02 Development Fund - Special Component Plan-Capital | | 2,00,000 |
| To 320 20 01 03 Development Fund - Tribal Subplan-Capital | | 1,00,000 |
| (Being the receipt of Development Fund through Letter of Authority) | | |

**2. റവന്യൂ ചെലവ് ചെയ്യുമ്പോൾ** (പേയ്മെന്റ് ഓർഡർ/ പേയ്മെന്റ് വൗച്ചർ)

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 250 10 01 01 Agriculture and related sectors - Paddy - General | 15,000 | |
| To 450 65 01 01 V P F A - II (Being expenditure on Project) | | 15,000 |

3. തത്തുല്യമായ തുക ഗ്രാന്റിന്റെ ബാദ്ധ്യതാ ഹെഡിൽ നിന്ന് കുറവു ചെയ്ത് ഗ്രാന്റിന്റെ വരുമാന ഹെഡിലേക്ക് (Income) മാറ്റുന്നതിനുള്ള ജേണൽ വൗച്ചർ

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 320 20 01 01 Development Fund - General - Capital | 15,000 | |
| To 160 10 01 01 Development Fund General (Being the transfer of equivalent amount of revenue expenditure to revenue income) | | 15,000 |

കുറിപ്പ്: ഇപ്രകാരമുള്ള ജേണൽ എൻട്രി (ജേണൽ വൗച്ചർ ഉപയോഗിച്ച്) രേഖപ്പെടുത്തുന്നതിന് രണ്ട് ഉദ്ദേശ്യങ്ങൾ ഉണ്ട്:

*(i) ചെലവു ചെയ്യുന്നതിനാവശ്യമായ വരുമാനം കണക്കിൽ ഉൾപ്പെടുത്തുന്നതിന്:*

കൃഷി സംബന്ധിച്ച പ്രൊജക്ടിന്റെ ചെലവായ 15,000 രൂപ ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവായി പ്രത്യക്ഷപ്പെടുമല്ലോ. എന്നാൽ ഇതിനാവശ്യമായ വരുമാനം സ്റ്റേറ്റ്മെന്റിൽ വന്നിട്ടുമില്ല. തൽഫലമായി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് കമ്മികാണിക്കും. ഈ കമ്മി യഥാർത്ഥമല്ല. ഇപ്രകാരം തെറ്റായി സ്റ്റേറ്റ്മെന്റിൽ കമ്മി കാണിക്കാതിരിക്കാനാണ് ആവശ്യമായ റവന്യൂവരുമാനം രേഖപ്പെടുത്തുന്നത്.

*(ii) ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിലെ ബാലൻസ് മാത്രം ഗ്രാന്റ് സംബന്ധിച്ച ബാദ്ധ്യതയായി കാണിക്കുന്നതിന്:*

സവിശേഷ ഉദ്ദേശ്യ ഗ്രാന്റായി ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ ഡെബിറ്റ് ആയും ഗ്രാന്റ് സംബന്ധിച്ച ബാദ്ധ്യതാ അക്കൗണ്ടിൽ ക്രെഡിറ്റ് രസീറ്റ് വൗച്ചർ വഴി ആയും രേഖപ്പെടുത്തിയത് ഉദാഹരണം 1 ൽ കാണിച്ചിട്ടുണ്ട്. തുക ചെലവായപ്പോൾ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിന് പേയ്മെന്റ് വൗച്ചർ വഴി ക്രെഡിറ്റ് നൽകിയത് ഉദാഹരണം 2ൽ കണ്ടു. ഈ ബാങ്ക് ബുക്ക് ക്ലിക്ക് ചെയ്തു നോക്കൂ. 15,000 രൂപ കുറവു വന്നതായി കാണും. ഇനി '320 20 01 01' എന്ന ലെഡ്ജർ ക്ലിക്ക് ചെയ്യുക. ഒരു തുകയും കുറവു വന്നിട്ടില്ലെന്നു കാണാം. ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള തുകയും അതിനുള്ള ബാദ്ധ്യതാ അക്കൗണ്ടിലുള്ള തുകയും ഒന്നായിരിക്കേണ്ടതാണല്ലോ. മൂന്നാമത്തെ ഉദാഹരണത്തിലെ ജേണൽ എൻട്രി വഴി അതാണ് ചെയ്തിരിക്കുന്നത്.

**പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയങ്ങൾ താഴെപ്പറയുന്ന മേൽവിലാസത്തിൽ അറിയിക്കുക.**

**എഡിറ്റർ,**
പഞ്ചായത്ത് അക്കൗണ്ട്-സംശയങ്ങളും മറുപടികളും,
പഞ്ചായത്ത്രാജ് മാസിക, പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം – 695 033

**3. മൂലധനച്ചെലവ് ചെയ്യുമ്പോൾ** (പേയ്മെന്റ് ഓർഡർ/ പേയ്മെന്റ് വൗച്ചർ)

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 410 71 01 01 Movable Assets- Plant, Machinery & Tools | 1,00,000 | |
| To 450 65 01 01 V P F A - II (Being the cost of computers Purchased) | | 1,00,000 |

4.തത്തുല്യമായ തുക ഗ്രാന്റിന്റെ ബാദ്ധ്യതാ ഹെഡിൽ (Liability) നിന്ന് കുറവ് ചെയ്ത് കാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് (മറ്റൊരു liability head) മാറ്റുന്നതിനുള്ള ജേണൽ വൗച്ചർ

| Particulars | Debit Amount(Rs.) | Credit Amount(Rs.) |
|---|---|---|
| 320 20 01 01 Development Fund- General Capital | 1,00,000 | |
| To 312 10 01 01 Capital Contribution (Being the transfer of equivalent amount of capital expenditure to revenue income) | | 1,00,000 |

**കുറിപ്പ്**

ഈ ജേണൽ എൻട്രി വഴി ബാങ്ക്/ട്രഷറി അക്കൗണ്ടിലെ തുകയും ബന്ധപ്പെട്ട ബാദ്ധ്യതാ അക്കൗണ്ടിലെ തുകയും ഒന്നായിത്തീരുന്നു. ഗ്രാന്റ് മുഖേന സൃഷ്ടിക്കപ്പെട്ട ആസ്തികൾക്കു തുല്യമായ ബാദ്ധ്യത കാപിറ്റൽ കോൺട്രിബ്യൂഷൻ എന്ന ഹെഡിനു കീഴിൽ കാണാൻ കഴിയുന്നു.

**ശ്രദ്ധിക്കുക**

സവിശേഷ ഉദ്ദ്യേശ്യ ഗ്രാന്റുകൾക്ക് '3' എന്ന അക്കത്തിൽ ആരംഭിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടെങ്കിൽ ആ ബാദ്ധ്യതാ ഹെഡ് ഓഫ് അക്കൗണ്ടിനായിരിക്കണം ഗ്രാന്റ് ലഭിക്കുമ്പോൾ ക്രെഡിറ്റ് നൽകേണ്ടത്. ഇത്തരം ഗ്രാന്റുകൾക്കെല്ലാം മുകളിൽ നൽകിയ രീതിയിലുള്ള അക്കൗണ്ടിംഗ് രീതി ബാധകമാണ്. ■

*തയ്യാറാക്കിയത്:* ***ഉദയഭാനു കണ്ടേത്ത്***
*കൺസൾട്ടന്റ്*
*ഇൻഫർമേഷൻ കേരള മിഷൻ*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*





# ഗ്രാമലക്ഷ്മി മുദ്രാലയം

## കല്ലിയൂർ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു

ഗ്രാമലക്ഷ്മി മുദ്രാലയത്തിനെ ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രിന്റിംഗ് പ്രസ്സാക്കി മാറ്റുന്നതിന് കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫയർ സൊസൈറ്റിക്ക് (ക്രൂസ്) സർക്കാരിന്റെ എല്ലാവിധ പിന്തുണയും നൽകുമെന്ന് പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പ്രസ്താവിച്ചു. തിരുവനന്തപുരം ജില്ലയിലെ കല്ലിയൂരിൽ സ്ഥാപിച്ച ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ കല്ലിയൂർ യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ എല്ലാവിധ അച്ചടി ജോലികളും സമയബന്ധിതമായി നിർവഹിക്കുന്നതിന് കഴിയും. എന്നാൽ പഞ്ചായത്ത് രാജ് മാസിക ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളുടെയും മറ്റും അച്ചടിക്ക് ആധുനിക യന്ത്രസംവിധാനം ആവശ്യമാണ്. പ്രസിന്റെ അടിസ്ഥാന സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്ക്കരണത്തിനും ക്രൂസ് മുൻഗണന നൽകണം. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ക്രൂസിന്റെ പ്രഥമലക്ഷ്യം. അതിനുള്ള ശ്രമം തുടരണം. കാസർകോട് സീതാംഗോളിയിൽ സി.എഫ്.എൽ. ലാമ്പ് നിർമ്മാണ/വിതരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ക്രൂസിന്റെ തീരുമാനം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

ക്രൂസ് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 2012ലെ പഞ്ചായത്ത് ഗൈഡ് ഡിസംബർ 31നകം തന്നെ അച്ചടി പൂർത്തിയാക്കി ഗ്രാമപഞ്ചായത്തുകളിലെത്തിക്കാൻ കഴിഞ്ഞതും നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫോറങ്ങൾ സമയബന്ധിതമായി സർക്കാർ നിർദ്ദേശമനുസരിച്ചു വിതരണം ചെയ്യാൻ കഴിഞ്ഞതും ചരിത്രനേട്ടങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. പ്രസ്സിന്റെ ആധുനികവത്ക്കരണത്തിനും സീതാംഗോളിയിലെ സി.എഫ്.എൽ. ലാമ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിനും വേണ്ട സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ ഐ.എ.എസ് റിപ്പോർട്ട് അവതരിപ്പിച്ചു. കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ശൈലേശ് കുമാർ സ്വാഗതവും വാർഡ് മെമ്പർ പി.ബി. സുരേഷ്ബാബു നന്ദിയും പറഞ്ഞു. ക്രൂസ് ബോർഡ് അംഗങ്ങൾ, വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥപ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



*ഗ്രാമലക്ഷ്മി മുദ്രാലയം കല്ലിയൂർ യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള പ്രിന്റിംഗ് മെഷീന്റെ പ്രവർത്തനം പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ വീക്ഷിക്കുന്നു. ക്രൂസ് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി, പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ തുടങ്ങിയവർ സമീപം.*







പഞ്ചായത്ത് രാജ്



തൃശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂരിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ഭരണസമിതികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തുകൊണ്ട് പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ.മുനീർ സത്യപ്രതിജ്ഞാ ചടങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുന്നു.

# കുടുംബശ്രീ ഭരണസമിതികൾ ചുമതലയേറ്റു

## കുടുംബശ്രീക്ക് ആവശ്യമെങ്കിൽ കൂടുതൽ പണം അനുവദിക്കും: ഡോ. എം.കെ മുനീർ

സംസ്ഥാനമൊട്ടാകെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ഭരണസമിതികൾ ചുമതലയേറ്റു. 1057 സി.ഡി.എസ്സുകളിലെ ഭാരവാഹികളും ഭരണസമിതികളുമാണ് ചുമതലയേറ്റത്. തൃശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂരിൽ പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ സത്യപ്രതിജ്ഞാചടങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു.

കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഇക്കൊല്ലം ബജറ്റിൽ വകയിരുത്തിയ 45 കോടി രൂപയും സർക്കാർ ഇതിനകം അനുവദിച്ചു നൽകി. കൂടുതൽ പണം ആവശ്യമെങ്കിൽ അനുവദിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ എട്ടു മാസത്തിനകം ഒട്ടേറെ പുതിയ സംരംഭങ്ങൾക്കു തുടക്കം കുറിക്കാൻ കഴിഞ്ഞു. നിലവിലുള്ള പല പദ്ധതികളും വിപുലീകരിക്കുകയും ചെയ്തു.



പുതിയ കുടുംബശ്രീപദ്ധതികളായ ആടുഗ്രാമം 48 പുതിയ പഞ്ചായത്തുകളിലേക്കും ക്ഷീരസാഗരം 30 പുതിയ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ചു. 22 ബഡ്സ് സ്കൂളുകൾ പുതുതായി തുടങ്ങുകയും 20 ബഡ്സ് സ്കൂളുകൾക്കുകൂടി വാഹനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ചരിത്രത്തിലാദ്യമായാണ് കുടുംബശ്രീ ഭരണസമിതികളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കിയതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്ത് സി.ഡി.എസുകളിലേയും കൊടുങ്ങല്ലൂർ നഗരസഭയിലെ രണ്ടു സി.ഡി.എസുകളിലേയും ചെയർപേഴ്സൺമാർക്ക് ഡോ. മുനീറും വൈസ് ചെയർപേഴ്സൺമാർക്ക് ടി.എൻ. പ്രതാപൻ എം.എൽ.എ.യും സത്യവാചകം ചൊല്ലിക്കൊടുത്തു.

ടി.എൻ.പ്രതാപൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് ഭാരവാഹികളും ജനപ്രതിനിധികളും പങ്കെടുത്തു. കുടുംബശ്രീ ഡയറക്ടർ പി.കെ. തോമസ് സ്വാഗതവും ജില്ലാ മിഷൻ കോർഡിനേറ്റർ ജ്യോതിഷ്കുമാർ നന്ദിയും പറഞ്ഞു.

ഇതേസമയത്തുതന്നെ സംസ്ഥാനത്തെമ്പാടും അയൽക്കൂട്ടങ്ങളിലെയും എ ഡി എസ്സുകളിലെയും സി ഡിഎസ്സുകളിലെയും ഭരണസമിതികളും ഭാരവാഹികളും നേതൃത്വമേറ്റെടുത്തു. സി.ഡി.എസ് ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ/ മുനിസിപ്പൽ ചെയർപേഴ്സൺമാർ/കോർപ്പറേഷൻ മേയർ എന്നിവർ മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്തത്.

ഇക്കഴിഞ്ഞ ഡിസംബർ 20 മുതൽ 31 വരെ നടന്ന ഒന്നാംഘട്ട തിരഞ്ഞെടുപ്പിൽ 2.13 ലക്ഷം അയൽക്കൂട്ടങ്ങളിലും ജനുവരി 5 മുതൽ 10 വരെ നടന്ന എ.ഡി.എസ് തിരഞ്ഞെടുപ്പിൽ 18,669 എ.ഡി.എസുകളിലും ജനുവരി 25 വരെ നടന്ന തിരഞ്ഞെടുപ്പിൽ 1,058 സി.ഡി.എസുകളിലും അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭരണസമിതികളെ തിരഞ്ഞെടുത്തു. നിലവിലുള്ള സി.ഡി.എസ് ഭരണസമിതിയുടെയും നിയുക്ത ഭാരവാഹികളുടെയും സംയുക്ത യോഗത്തിലാണ് ചുമതലാ കൈമാറ്റം നടന്നത്. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

### 'കുടുംബശ്രീ'ക്ക് മന്ത്രിയുടെ പ്രശംസ

**കേരളത്തിലെ ഗ്രാമസഭകൾ സമ്പുഷ്ടവും സജീവവുമാക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്കിനെ പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ എം.കെ. മുനീർ പ്രശംസിച്ചു. എന്നാൽ കേവലം പങ്കാളിത്തം കൊണ്ട് അത് അവസാനിക്കാൻ പാടില്ല. ചർച്ചകളിലും തീരുമാന പ്രക്രിയയിലും നിർവ്വഹണത്തിലുമെല്ലാം സജീവമായി ഇടപെടണം. എങ്കിലേ പങ്കാളിത്ത ജനാധിപത്യം യാഥാർത്ഥ്യമാകൂ. കേരളത്തിലെ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനമായ കുടുംബശ്രീക്ക് അക്കാര്യത്തിൽ വലിയൊരു പങ്കു വഹിക്കാനാവും. തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ നടന്ന ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.**

**മുരളിധരൻ തഴക്കര**

പരമ്പര - 30

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

കാവുകൾ കേരളം ലോകത്തിനു നൽകിയ സംഭാവനയാണ്. ഒരാവാസ വ്യവസ്ഥയുടെ ചേതോഹരമായ സമഗ്രതയെ വിശ്വാസവുമായി കൂട്ടിയിണക്കി നാം നമുക്കായി ആവിഷ്ക്കരിച്ചു. പുത്തനായി ഒരു കാവെങ്കിലും നാം വച്ചുപിടിപ്പിച്ചിട്ടുണ്ടോ എന്നു സംശയം. അന്യഥാ വനസാമീപ്യമോ, അതിനുവേണ്ട ആനുകൂല്യങ്ങളോ ഇല്ലാത്ത സ്ഥലങ്ങളിലാണ് കാവുകൾ ഏറെയും കാണുക. അവ വൃക്ഷലതാദികൾകൊണ്ട്, അപൂർവ്വ സസ്യങ്ങൾകൊണ്ട് പക്ഷികളുടെ സാന്നിദ്ധ്യംകൊണ്ട് എല്ലാം അനുഗ്രഹീതമാണ്. അവയോടൊപ്പം വിശ്വാസത്തിന്റെ പ്രകാശ രശ്മികളും ചേരുന്നു. ജലസ്രോതസ്സിന്റെ സമീപ സാന്നിദ്ധ്യം കാവുകൾ നൽകുന്ന ചൂണ്ടുപലകയാണ്. കാവില്ലാതായാൽ അതും ഇല്ലാതെയാകും. അതുകൊണ്ടാണ് കാവു തീണ്ടിയാൽ കുളം വറ്റും എന്ന പഴഞ്ചൊല്ല് പ്രചാരത്തിൽ വന്നത്. നമ്മുടെ ആർജ്ജിത വിജ്ഞാനത്തേക്കാൾ സഹജജ്ഞാനത്തെ പ്രകൃതി സംബന്ധമായി വിപുലപ്പെടുത്തുന്നതിൽ കാവുകൾ വലിയ പങ്കു വഹിച്ചു. നമ്മുടെ കാലാവസ്ഥയുടെ സന്തുലിത സ്വഭാവം നിലനിർത്തുന്നതിലും കാവുകൾക്ക് ശരിയായ പങ്കുണ്ടായിരുന്നു.

ഇന്നിവിടെ കാവുകളുമായി ബന്ധപ്പെട്ട വാക്കുകൾ ചിലത് ഓർമ്മയിൽ നിന്നുമെടുക്കുകയാണ്. ഇതു വായനക്കാരുടെ കൂട്ടിച്ചേർക്കലോടെ മാത്രമേ പൂർണ്ണതയിലെത്തുകയുള്ളൂ എന്ന അറിവോടെ കാവുമായി ബന്ധമുള്ള പദങ്ങളിലേക്കു കടക്കാം.

**കാവ്**

*'നാല് മരമൊരു കാടാകില്ല*
*ഒരു കാവൊരു വനമാകില്ല'*

എന്നാണ് പഴവന്മാരുടെ പക്ഷം. കാവുകൾ പ്രകൃതിയുടെ എയർകണ്ടീഷണറുകളാണ്. ക്ഷേത്രങ്ങളോടും പഴയ തറവാടുകളോടും ചേർന്ന് നാനാജാതി മരങ്ങളും വള്ളിപ്പടർപ്പുകളും കുറ്റിച്ചെടികളുമെല്ലാം ഇടതൂർന്ന് വളർന്ന് നിൽക്കുന്ന കാവുകളുണ്ടായിരുന്നു. കാവുകൾക്ക് പാരിസ്ഥിതികമായും പ്രാധാന്യം ഏറെയുണ്ട്.

**വള്ളിത്തട്ട്**

കാവുകളിൽ പടർന്നുവളരുന്ന ചെടികൾ ധാരാളമുണ്ടാകും. അവ ക്രമേണ മരങ്ങളിലും മറ്റും ചുറ്റിപ്പടർന്ന് പരസ്പരം കെട്ടുപിണഞ്ഞ് വളരുന്നു. കുരങ്ങുകളും മലയണ്ണാനും മറ്റും ഈ വള്ളിത്തട്ടുകളിൽ ചാടി നടക്കും.

**ചൂരൽകാട്**

വലിയ വിശാലമായ കാവുകളിൽ ചൂരൽ പടർന്നു വളരുന്നുണ്ടാകും. നിറയെ മുള്ളുകളുള്ളതും പടർന്നു വളരുന്നതുമായ ചൂരൽ. കാവുകൾക്കൊരു കവചമാണ്. കാട്ടുചൂരൽ, മലഞ്ചൂരൽ, കരിഞ്ചൂരൽ, അരീച്ചൂരൽ എന്നിങ്ങനെ വിവിധതരം ചൂരലുകളുണ്ട്. വിളഞ്ഞ ചൂരൽ ചുവടോടെ മുറിച്ചെടുത്ത് മുള്ളുള്ള പുറം ഭാഗമെല്ലാം പൊളിച്ചുമാറ്റി വിവിധ ആവശ്യങ്ങൾക്കായി ഇവ ഉപയോഗിച്ചു പോന്നിരുന്നു. കാവുകളിൽ കയറി ചൂരൽ മുറിച്ചതും, നന്നായി പഴുത്ത ചൂരക്കായ് പറിച്ചു തിന്നതുമൊക്കെ പലർക്കും ഗൃഹാതുരമായ ഗ്രാമജീവിത ഓർമ്മകളാകും.

**സർപ്പകാവ്**

സാധാരണ കാവുകളിൽ എന്നും സർപ്പക്കാവുകൾ വേറിട്ടു നില്ക്കുന്നു. വിശ്വാസത്തിന്റെയും ആരാധനയുടെയും ഭാഗമായിട്ടുള്ള സർപ്പക്കാവുകളെ തെല്ലു ഭയപ്പാടോടെയാണ് കാണുന്നത്. നാനാജാതി സർപ്പങ്ങൾ ഇവിടെ അധിവസിക്കുന്നു എന്നാണ് വിശ്വാസം. ഇങ്ങനെയുള്ള കാവുകളിൽ കയറുന്നതിനും ഈ കാവിൽ നിന്ന് വൃക്ഷങ്ങളോ, ചെടികളോ മുറിക്കുന്നതിനും ജനങ്ങൾ ഭയക്കുന്നു. സർപ്പക്കാവുകളിൽ നാഗപ്രീതിക്കായി നൂറും പാലും, ആയില്യം പൂജ, സർപ്പബലി തുടങ്ങിയവയൊക്കെ ആചാരാനുഷ്ഠാനപ്രകാരം നടത്താറുണ്ട്. 'ഇരുമ്പുമായി സർപ്പക്കാവിൽ കയറരുതെന്ന്' കാരണവന്മാർ വിലക്കുമായിരുന്നു. അറിയാതെപോലും കൈയിലിരിക്കുന്ന ഇരുമ്പുകൊണ്ട് ഏതെങ്കിലും വൃക്ഷത്തലപ്പു മുറിച്ചാലോ എന്ന ആശങ്കകൊണ്ടാകാം ഇപ്രകാരം നിഷ്ക്കർഷിച്ചിരുന്നത്. മണ്ണാറശാല, വെട്ടിക്കോട് തുടങ്ങിയ ക്ഷേത്രങ്ങളോടു ചേർന്ന് വിശാലമായ സർപ്പക്കാവുകൾ ഇപ്പോഴുമുണ്ട്. വൃക്ഷാരാധനയുടെയും സർപ്പാരാധനയുടെയും ആചാരാനുഷ്ഠാന ചടങ്ങുകൾ ഇന്നും യഥാവിധി ഈ ക്ഷേത്രങ്ങളിൽ നടക്കുന്നുണ്ട്.

**കാവും കുളവും**

ഗ്രാമത്തിലെ പുരാതനമായ ഏതൊരു കാവിനോടും ചേർന്ന് ഒരു കുളം ഉണ്ടാകുക സർവ്വസാധാരണമായിരുന്നു. വളരെ വിശാലമായ കാവുകളുടെ ഉള്ളിലായി ഒന്നും രണ്ടും കുളങ്ങൾ ഉണ്ടാകും. ഈ കുളങ്ങളിലെ വെള്ളം ഒരിക്കലും വറ്റിയിരുന്നില്ല. ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഉൾപ്പെട്ടു കിടക്കുന്ന 'ഓണാട്ടുകര' പ്രദേശത്ത് മിക്കവാറും എല്ലാ വീടുകളോടു ചേർന്നും കാവുകളും കുളങ്ങളും ഉണ്ടായിരുന്നു. സവിശേഷതകളേറെയുള്ള ഈ ഭൂപ്രദേശത്തിന്റെ കാലാവസ്ഥയേയും ഭൂഗർഭജല സാന്നിദ്ധ്യത്തെയും സ്വാധീനിക്കുന്നതിൽ ഈ കാവുകളും കുളങ്ങളും വലിയ പങ്കുവഹിച്ചിരുന്നു.

**കളമെഴുത്തും പാട്ടും**

സർപ്പപ്രീതിക്കായി നടത്തുന്ന അനുഷ്ഠാന പ്രാധാന്യമുള്ള ചടങ്ങാണിത്. ഉമിക്കരി, മഞ്ഞൾപ്പൊടി, പച്ചിലപ്പൊടി എന്നിവകൊണ്ട് നാഗരാജാവ്, നാഗയക്ഷി, മറ്റു സർപ്പങ്ങൾ എന്നിവയുടെ കളം വരച്ച് സർപ്പബലി, സർപ്പം തുള്ളൽ തുടങ്ങിയവ നടത്തുന്നു. ആചാരവിധിപ്രകാരം നൊയമ്പുനോറ്റ് വ്രതമെടുത്ത ഭക്തർ നാഗരാജാവായും നാഗയക്ഷിയായുമുള്ള സങ്കല്പത്തിൽ ഈ കളത്തിൽ കമുകിൻ പൂക്കുലയുമായി കടന്ന് സർപ്പംപാട്ടിനും മേളത്തിനും അനുസൃതമായി ഉറഞ്ഞുതുള്ളി അനുഗ്രഹിക്കുന്നു. ഏറെ വിശിഷ്ടമായ ഒരു ചടങ്ങാണിത്.



**പുള്ളുവപ്പാട്ട്**

നാഗാരാധനയിലെ ഏറ്റവും പവിത്രമായ ഒന്നാണ് പുള്ളുവപാട്ട്. ഒരു പ്രത്യേകതരം വീണയാണ് ഇതിനായി ഉപയോഗിക്കുന്നത്. വയലിന്റെ ഏറ്റവും പ്രാചീനമായ ഒരു രൂപം എന്നു വേണമെങ്കിൽ പറയാം. പേരും നക്ഷത്രവും പറഞ്ഞ് പുള്ളുവനെക്കൊണ്ട് പാടിക്കുക എന്നത് ഏറെ പ്രധാനമാണ്. ഞായറാഴ്ചകളിൽ ക്ഷേത്രങ്ങളിൽ വിശേഷിച്ച് നാഗാരാധനയുള്ള ക്ഷേത്രങ്ങളിൽ വീണയും കുടവുമായി പുള്ളുവന്മാർ ഉണ്ടാകുക സാധാരണയാണ്. പുള്ളുവർ എന്ന വർഗ്ഗക്കാർ തനതായി പാരമ്പര്യമുറയ്ക്ക് പാടുന്ന പാട്ടായതുകൊണ്ടാകാം 'പുള്ളുവപ്പാട്ട്' എന്ന് പേരു വന്നത്. പുള്ളുവൻ വീണവായിക്കുകയും പാടുകയും ചെയ്യുമ്പോൾ പുള്ളുവത്തി കുടംകൊട്ടി പാട്ട് ഏറ്റുപാടും.

**മണ്ണാറശാല ആയില്യം**

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ഹരിപ്പാടിനടുത്തുള്ള പ്രസിദ്ധമായ നാഗരാജ ക്ഷേത്രമാണ് മണ്ണാറശാല. സർപ്പങ്ങളുടെ നാളായ കന്നിമാസത്തിലെ ആയില്യം ഇവിടെ ഏറ്റവും വിശേഷമാണ്. തുലാമാസത്തിലെ ആയില്യം നാളിലും ആഘോഷങ്ങളും പൂജകളും നടത്താറുണ്ട്. സ്ത്രീകൾ മുഖ്യ പൂജാരിണികളാണെന്നതാണ് ഈ ക്ഷേത്രത്തിലെ വലിയ സവിശേഷത. ബ്രഹ്മചാരിണിയായി വ്രതശുദ്ധിയോടെയിരിക്കുന്ന മണ്ണാറശാല ഇല്ലത്തെ 'വലിയമ്മ' അവിടുത്തെ 'വലിയ അറയിൽ' നിന്നും ക്ഷേത്രത്തിലേക്കും തിരിച്ചും നടത്തുന്ന മതാചാര പരമായ ഘോഷയാത്രയാണ് ആയില്യം നാളിലെ പ്രധാന ചടങ്ങ്.

**നാഗക്കളവും പാട്ടും**

നാഗപൂജയോടനുബന്ധിച്ചും സർപ്പബലി, സർപ്പം തുള്ളൽ എന്നീ ചടങ്ങുകളുടെ ഭാഗമായും കളമിടലും പാട്ടും നടത്താറുണ്ട്. സർപ്പപ്രീതിക്കും സർപ്പകോപത്തിന് പ്രതിവിധിയായുമാണ് പ്രധാനമായും നാഗക്കളവും പാട്ടും നടത്തുന്നത്. നാഗക്കളം ഇടുന്നതിന് ഒരാഴ്ചമുമ്പ് 'കളം കുറിക്കുക' എന്നൊരു ചടങ്ങുണ്ട്. കളത്തിനും പൂജാചടങ്ങുകൾക്കും ആവശ്യമായ സാധന സാമഗ്രികളുടെ ചാർത്തു കുറിക്കുന്നതും ആ ദിവസമാണ്. നാല്, എട്ട് തുടങ്ങി നൂറ്റിഒന്നു സർപ്പങ്ങളെ വരെ ഒരേ കളത്തിൽ വരയ്ക്കാറുണ്ട്. സർപ്പംതുള്ളൽ മറ്റൊരു അനുഷ്ഠാന ചടങ്ങാണ്. തറവാട്ടിലെ കന്യകമാരാണ് ഇതിൽ പ്രധാനമായും പങ്കെടുക്കുന്നത്. കമുകിൻ പൂക്കുലകൈയ്യിലേന്തി പാട്ടിന്റെ താളത്തിനൊത്ത് കന്യകമാർ സാവധാനത്തിൽ തുള്ളലാരംഭിക്കും. ക്രമേണ കമുകിൻ പൂക്കുല കുലുക്കിയുള്ള തുള്ളൽ ദ്രുതഗതിയിലാകുകയും ചെയ്യും." **ആടിയിളകി, മുടിയിളകി, പിടിച്ചൊരു പൂങ്കുലയുടെ തരിപൊഴിയുമാറ്, കന്നിയാകെ നീ പ്രവേശിച്ച് ആടിവായോ കരിനാഗമേ, നാഗരാജാവേ, അഞ്ജനമണി നാഗമേ- ഞാനിട്ടു കളം കൊള്ളൂ, പൂജകൊള്ളൂ" ഇപ്രകാരം പാടുമ്പോൾ കന്യകമാർ ഉറഞ്ഞുതുള്ളി തലമുടി ചുറ്റിയാടി നാഗങ്ങളായി ആടി കളം മായ്ക്കുന്നു.

**നൂറും പാലും കൊടുക്കുക**

സർപ്പക്കാവുകളിൽ വർഷംതോറും കന്നിമാസത്തിലെ ആയില്യം നാളിൽ നടത്തുന്ന ചടങ്ങാണിത്. മഞ്ഞൾപ്പൊടി, അരിപ്പൊടി, അവിൽ, മലർ, അപ്പം, ഇളനീര്, കൂവനൂറ് തുടങ്ങിയവ ഒരു ഇലക്കുമ്പിളിലോ, തൂശനിലയിലോ വച്ചു നടത്തുന്ന പൂജയാണിത്. നൂറും പാലും പൂജ നടത്തുന്നതിനായി സർപ്പക്കാവിലേക്കു കടക്കാനുള്ള വഴി ഒരു നടപ്പാതകണക്കാക്കി ചെത്തിയൊരുക്കും. 'വേടർ' സമുദായത്തിൽപ്പെട്ട കാടിന്റെ മക്കളായി വിശേഷിപ്പിക്കുന്നവരെയാണ് ഇതിനായി നിയോഗിക്കുന്നത്. ■

*(തുടരും)*

*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ*
*പ്രോഗ്രാം എക്സിക്യൂട്ടീവാണ്*





**വി.കെ. ശ്രീധരൻ**

# ജലസമൃദ്ധിയുടെ നാളുകളിൽ സംരക്ഷണം



കാറ്റുള്ളപ്പോൾ പാറ്റണം എന്നാണ് ചൊല്ല്. അതുകൊണ്ട് വറുതിയുടെ നാളുകളിലല്ല വെള്ളം സുലഭമാകുന്ന സമയത്താണ് സംരക്ഷണം തുടങ്ങേണ്ടത്. ഇടവപ്പാതിയുടെ സുഭിക്ഷതയിൽ ജലശേഖരങ്ങൾ സമ്പന്നമാക്കണം. അതുകഴിഞ്ഞ് ആറുമാസത്തോളം വരുന്ന സമയത്ത് ലഭിക്കുന്ന തുലാമഴയും ഇടമഴയും വളരെ പ്രധാനപ്പെട്ടതാണ്. കടുത്ത വേനലിനെ നേരിടാൻ കരുതൽ നടപടികൾ മുൻകൂട്ടിയെടുക്കണം. ഇത് അതിവർഷത്തിന്റെ കരിദിനങ്ങൾ. പ്രകൃതിയുടെ സംഹാരനൃത്തം. ആർത്തുപെയ്യുന്ന മഴയിൽ കരകവിഞ്ഞൊഴുകുന്ന തോടുകളും പുഴകളും. ഉരുൾപൊട്ടൽ. മലവെള്ള പാച്ചിലിൽ വൻനാശനഷ്ടങ്ങൾ. ഡാമുകൾ നിറഞ്ഞുകവിഞ്ഞതിനാൽ തുറന്നുവിട്ടിരിക്കുന്നു. ഇന്ത്യയിലുടനീളം പേമാരിയിൽ കൃഷിനാശവും മരണങ്ങളും. രാജ്യത്ത് ഇതുവരെ കാലവർഷം മൂന്നുശതമാനം അധികമായി ലഭിച്ചു. ഉത്തർ പ്രദേശിലും ഒറീസയിലേയും ഗ്രാമങ്ങൾ ഇപ്പോഴും പ്രളയകെടുതിയിൽ. മഴയായി പെയ്യുന്ന മൊത്തം 518000 ഘനമീറ്റർ ജലത്തിൽ 108000 ഘനമീറ്റർ മാത്രമാണ് കരയിൽ പതിക്കുന്നത്. അതിനാൽ ജലപരിരക്ഷ അതിപ്രധാനം. ഇത് ചിത്രത്തിന്റെ ഒരുവശം. ഇനി മാസങ്ങൾ കഴിഞ്ഞാൽ മതി സംസ്ഥാനത്തെ പുഴകളും തോടുകളും കിണറുകളുമെല്ലാം വറ്റി വരണ്ടു തുടങ്ങും. ഡാമുകളിൽ ജലനിരപ്പു താഴും. തുലാമഴ കിട്ടിയില്ലെങ്കിൽ അതിരൂക്ഷമായ ജലദൗർലഭ്യമായിരിക്കും ഫലം. അല്ലെങ്കിൽ ചില സ്ഥലങ്ങളിൽ ഇപ്പോൾതന്നെ ശുദ്ധ ജലക്ഷാമം. 44 നദികളാൽ സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. ശരാശരി വാർഷിക വർഷപാതം 300സെന്റീമീറ്ററും. ഇത് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയോളം വരും. എങ്കിലും വിരോധാഭാസമെന്നപോലെ മഴക്കാലത്ത് വെള്ളപ്പൊക്കവും വേനലിൽ വരൾച്ചയും ആവർത്തിക്കപ്പെടുന്നു. വ്യക്തമായ രണ്ടു മഴക്കാലവും കാലവർഷവും തുലാവർഷവും നൂറ്റി ഇരുപത്തിയഞ്ച് ദിവസത്തിലേറെ മഴയും ഇവിടെ ലഭിക്കുന്നുണ്ട്. ഇവിടെ പെയ്യുന്ന വെള്ളം മുഴുവൻ ഒലിച്ചോ, ആവിയായോ പോകാതിരുന്നാൽ ഈ സംസ്ഥാനം മുഴുവൻ പത്ത് അടി വെള്ളത്തിൽ മുങ്ങിപ്പോകും. ഉപരിതല ജലം ഏകദേശം അഞ്ചുശതമാനമെ നാം ഉപയോഗിക്കുന്നുള്ളൂ. പകുതിയോളം വെള്ളം ഒലിച്ചു പോകുകയും നാല്പതുശതമാനത്തോളം നീരാവിയായി പോകുകയും ചെയ്യുന്നു. പ്രതിവർഷം ഒലിച്ചുപോക്ക് ശരാശരി 7200 കോടി ക്യുബിക് മീറ്ററാണ്.

കേവലം നിരുപദ്രവകാരിയല്ല ഈ പെരുവെള്ള പ്രവാഹം. ആളപായങ്ങൾക്കും മറ്റു നാശനഷ്ടങ്ങൾക്കും പുറമെ, ഇത് മണ്ണൊലിപ്പുണ്ടാക്കുന്നു. മേൽമണ്ണ് ഒലിച്ചുപോകുന്നതിനാൽ ഭൂമി കൃഷിയോഗ്യമല്ലാതാകുന്നു. ചെളിയും മറ്റും ഒലിച്ചിറങ്ങി വയലുകൾ കൃഷിക്ക് ഉപയുക്തമല്ലാതാവും. ഡാമുകളിൽ മണ്ണിടിഞ്ഞ് അവയുടെ ജലസംരക്ഷണ ശേഷി കുറയുന്നതിനാൽ വൈദ്യുതോല്പാദനം താഴുന്നു. വെള്ളം മുഴുവൻ ഒലിച്ചുപോകുമ്പോൾ മണ്ണിനടിയിലേക്ക് ആഴ്ന്നിറങ്ങി ഭൂജലവിതാനം ഉയരുന്നതിനുള്ള സാധ്യതയും ഇല്ലാതെയാകുന്നു. ഇക്കാരണങ്ങളാൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടാകുന്നു. കെടുതികൾക്കിരയായവരുടെ പുനരധിവാസ ചെലവുകൾ വേറെയും. അതിലുപരി ജലം ആവശ്യത്തിലേറെ ലഭ്യമാക്കുന്ന അവസരത്തിൽ വേണ്ടവിധം അത് ശേഖരിക്കാത്തതിനാൽ വേനലിൽ രൂക്ഷമായ ജലദൗർലഭ്യമുണ്ടാകുന്നു. കൃഷിനാശവും കുടിനീർക്ഷാമവും പരിഹരിക്കാൻ വീണ്ടും കോടികൾ ചെലവഴിക്കേണ്ടിവരുന്നു.

കേരളത്തിലെ ജലവിഭവ ആസൂത്രണത്തിന്റെ അഭാവമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഇത്രയും അമൂല്യമായ വെള്ളം എന്തുകൊണ്ടാണ് ഇങ്ങനെ പാഴായിപ്പോകുന്നത്? അതിന്റെ പ്രധാനകാരണം വനശോഷണമാണ്. കേരളത്തിന്റെ മൊത്തം വിസ്തൃതിയുടെ 48 ശതമാനം മലനാടും 42 ശതമാനം ഇടനാടുമാണ്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയിൽ കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചെരിവുള്ളതിനാൽ, മഴ പെയ്യുമ്പോൾ വെള്ളം കുത്തിയൊലിച്ച് ഉടൻതന്നെ സമുദ്രത്തിലെത്തുന്നു. നമ്മുടെ കിഴക്കൻ മലനിരകളിലുണ്ടായിരുന്ന ഇടതൂർന്ന വനങ്ങൾ പെയ്തു വീഴുന്ന വെള്ളം ശേഖരിച്ച് മണ്ണിൽ സംഭരിക്കുന്നതിനാൽ സുപ്രധാന പങ്ക് വഹിച്ചിരുന്നു. ഇതായിരുന്നു വർഷം മുഴുവൻ നമുക്ക് ജലം തരുന്ന ഉറവകൾക്കാധാരവും. ഒരു ഹെക്ടർ വനത്തിന് 10000 ഘനമീറ്റർ വെള്ളം പിടിച്ചുനിറുത്തി ക്രമേണ വിട്ടുകൊടുക്കുന്നതിനുള്ള കഴിവുണ്ട്. ഒരു ഹെക്ടർ ഭൂമിയിലെ കൃഷിക്ക് 8000 ഘനമീറ്റർ ജലം മതിയാകും. കാടുകളുടെ നാശം ഈ സാധ്യതയാണ് നഷ്ടപ്പെടുത്തുന്നത്. ജൈവമായ മണ്ണാണ് പ്രധാനമായും ജലം ആഗിരണം ചെയ്യുന്നത്. കാടു നഷ്ടപ്പെടുന്നതോടെ മലമ്പ്രദേശങ്ങളിലെ ഹ്യൂമസ് രൂപീകരണം ഇല്ലാതാകുന്നു. തെറ്റായ കൃഷിരീതികൾ, അമിത രാസവള പ്രയോഗം കൂടുതൽ സൂര്യപ്രകാശം ഏല്ക്കൽ എന്നിവ വഴി മണ്ണിന്റെ ആഗിരണശേഷിയും ഫലഭൂയിഷ്ഠതയും നഷ്ടപ്പെടുന്നു.

കുളങ്ങളും കിണറുകളും ചിറകളും പാടങ്ങളും ചതുപ്പുകളും നികത്തുന്നതു മൂലം അവിടെയും ജലം സംഭരിക്കപ്പെടുന്നില്ല. കായലുകളും നദികളും തോടുകളും ശരിയായ വിധത്തിൽ സംരക്ഷിക്കപ്പെടാത്തതിനാൽ, മണ്ണടിഞ്ഞ് അവയുടെ സംഭരണശേഷി കുറയുന്നു. നഗരങ്ങളിലും ചെറു പട്ടണങ്ങളിലും ജലനിർഗമന സംവിധാനങ്ങൾ കുറവായതിനാൽ പ്രശ്നം രൂക്ഷമാകുന്നു.

ജലപരിപാലനത്തിനുള്ള മൂന്നുപാധി കാടുകൾ നിലനിറുത്തുക എന്നതാണ്. മരങ്ങളും പുല്ലും രാമച്ചവുമൊക്കെ വെച്ചുപിടിപ്പിക്കുന്നത് സഹായകരമാണ്. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുക. വെള്ളം സംഭരിക്കുവാനും കിനിഞ്ഞിറങ്ങാനുള്ള സാധ്യത ഉണ്ടാക്കുന്ന ജലാശയങ്ങൾ സംരക്ഷിക്കേണ്ടതാണ്. വയലുകൾ നികത്തപ്പെടാതിരിക്കണം. തടയണകളുടെ നിർമ്മാണമാണ് ഒരു മാർഗ്ഗം. വാട്ടർ ഷെഡ് മാനേജ്മെന്റിനുള്ള വിവിധ രീതികൾ സ്വീകരിക്കാം. കോണ്ടൂർ ട്രെഞ്ചിംഗ് (Contour trenching) മൾച്ചിംഗ് (Mulching), ടെറസ്സിംഗ് (Terracing) തുടങ്ങിയവയാകാം. ചരിഞ്ഞ പ്രദേശങ്ങളിൽ തട്ടുതിരിക്കലും തുണ്ടം തുണ്ടമായുള്ള കൃഷി രീതികളും അഭിലഷണീയമാണ്. കൂടുതൽ വെള്ളമൊഴുകുന്ന സ്ഥലങ്ങളിൽ കുഴികുഴിച്ച് വെള്ളം അതിൽ ശേഖരിക്കാം. വീടുകളുടെ ടെറസ്സിൽ നിന്നും വീഴുന്ന ജലവും കുഴികളിലേക്ക് തിരിച്ചുവിടാം.

ഒരു മഴക്കാലം കൂടി കടന്നുപോയിക്കൊണ്ടിരിക്കുന്നു. വറുതിയുടെ നാളുകളിൽ നിന്നും വിമുക്തി വേണമെങ്കിൽ ഇപ്പോഴെ മുൻകരുതലുകൾ എടുക്കുക. വെള്ളം പാഴായിപോകുന്നത് തടയുക വഴി, പ്രളയം ഒഴിവാക്കുന്നതോടൊപ്പം വേനലിലെ ജലക്ഷാമം പരിഹരിക്കുകയും കൂടി ചെയ്യുന്നു. പരിസ്ഥിതി സംരക്ഷണവും കൃഷി സംരക്ഷണവും ഒരുപോലെ നടക്കുന്നു. അതേ, ഇപ്പോൾ തന്നെ അണ കെട്ടുക. വെള്ളം മുഴുവൻ ഒലിച്ചുപോയിട്ട് അങ്ങിനെ ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ലല്ലോ. ■

*നാട്ടറിവു ഗവേഷകനും ഗ്രന്ഥകാരനുമായ ലേഖകൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. ഇപ്പോൾ കേരള സംഗീതനാടക അക്കാദമിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്.*

പോഷകാഹാരങ്ങൾ കോശങ്ങളിലെത്തിക്കാനും മാലിന്യങ്ങൾ പുറന്തള്ളാനും വെള്ളം ആവശ്യമാണ്.

Water is the elixir of life. ജലജീവനം 70 കി.ഗ്രാം ഭാരമുള്ള ഒരാളിൽ 40 കി.ഗ്രാം വെള്ളമായിരിക്കും – 57%

1983, 1987, 2004 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തു കടുത്ത വരൾച്ച ഉണ്ടായി. ഇനിയും ഇതാവർത്തിക്കാതിരിക്കാൻ നാം ശ്രമിക്കണം.

ഭൂമിയിൽ ആകെ 140 കോടി ക്യുബിക് മീറ്റർ വെള്ളമാണുള്ളത്. അതിൽ 97.21% ഉപ്പുവെള്ളമാണ്. 2.79% വരുന്ന ശുദ്ധജലത്തിന്റെ 75%വും ധ്രുവപ്രദേശങ്ങളിലും ഹിമ പാളികളിലുമാണ്. ജീവജാലങ്ങൾക്ക് ഉപയോഗിക്കുന്ന ശുദ്ധ ജലം 3% മാത്രമാണ്.

മേൽക്കൂര ജലസംഭരണം അനുകരണീയമാണ്. 100 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വീടിന്റെ മേൽക്കൂരയിൽ നിന്ന് 2500 ലിറ്റർ വെള്ളം ശേഖരിക്കാം.

ലോകത്തിലെ 800ലേറെ രാഷ്ട്രങ്ങളും ലോക ജനസംഖ്യയിൽ 40% ലേറെയും ശുദ്ധ ജലക്ഷാമമനുഭവിക്കുന്നു.

ഭൂമിയിൽ ഒരു വർഷം ശരാശരി 518000 ക്യുബിക്മീറ്റർ ജലം മഴയായി പെയ്യുന്നതിൽ 1,08,000 സെന്റീമീറ്റർ കരയിലാണ്. ഇത് വിവിധ മാർഗ്ഗങ്ങളിലൂടെ സംരക്ഷിക്കുന്നു.

# വാർത്തകളും വിശേഷങ്ങളും

## സിവിൽ രജിസ്ട്രേഷൻ – രേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് പുതുക്കിയ നിരക്കുകൾ

ജനന മരണ വിവാഹ രജിസ്ട്രേഷൻ മുൻകാല റിക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് റിക്കോർഡ് ഒന്നിന് 8 രൂപയും (എട്ട് രൂപ മാത്രം) പൊതു വിവാഹ രജിസ്ട്രേഷൻ മുൻ കാല റിക്കോർഡുകളുടെ കമ്പ്യൂട്ടർ വൽക്കരണത്തിന് റിക്കോർഡ് ഒന്നിന് 10 രൂപയും (പത്ത് രൂപ മാത്രം) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ(സാധാ)നമ്പർ 304/2012/തസ്വഭവ, തീയതി 30-1-2012)

## സി. യു. ജി. സംവിധാനത്തിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തി

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എന്നിവരെ കൂടി ബി.എസ്.എൻ.എൽ. മുഖേന ഏർപ്പെടുത്തിയിട്ടുള്ള സി.യു.ജി. സംവിധാനത്തിൽ നിബന്ധനകൾക്ക് വിധേയമായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായി. (സ.ഉ. (കൈ) നമ്പർ 16/2012/തസ്വഭവ, തീയതി 23-1-2012)

## ഭവന നിർമ്മാണത്തിനുള്ള ധനസഹാ യം വർദ്ധിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതത്തിൽ നിന്നു ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് പട്ടികജാതി വിഭാഗത്തിന് 2,00,000 (രണ്ട് ലക്ഷം) രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് 2,50,000 (രണ്ടുലക്ഷത്തി അൻപതിനായിരം) രൂപയായും വർദ്ധിപ്പിച്ച് 15-9-2011 മുതൽ പ്രാബല്യം നൽകി ഉത്തരവായി. (സ.ഉ.(എം.എസ്)നമ്പർ 15/2012/തസ്വഭവ, തീയതി 19-1-2012)

## ഹോസ്പിറ്റൽ കിയോസ്ക്ക് എക്സിക്യൂട്ടീവുമാരുടെ വേതനം വർദ്ധിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ കിയോസ്ക്കുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ (കിയോസ്ക്ക് എക്സിക്യൂട്ടീവ്)മാരായിജോലി ചെയ്യുന്ന കുടുംബശ്രീ ഐ.ടി. യൂണിറ്റ് അംഗങ്ങളുടെ പരമാവധി ദിവസവേതനം 1-1-2012 മുതൽ 350 (മുന്നൂറ്റി അമ്പത്) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായി. (സ.ഉ.(സാധാ)നമ്പർ 193/2012/തസ്വഭവ, തീയതി 18-1-2012)

## തദ്ദേശസ്ഥാപനങ്ങളുടെ വായ്പാ തിരിച്ചടവ് മോണിറ്റർ ചെയ്യുന്നതിന് സമിതി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിൽനിന്നും വിവിധ സ്ഥാപനങ്ങളിൽനിന്നും മറ്റും എടുക്കുന്ന വായ്പകളുടെയും മുൻകൂർ തുകകളുടെയും വിനിയോഗം, തിരിച്ചടവ് എന്നിവ മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ എന്നിവരടങ്ങുന്ന ഒരു സമിതിയെ രൂപീകരിച്ച് ഉത്തരവായി. (സ.ഉ.(ആർ.റ്റി)നമ്പർ 302/2012/തസ്വഭവ. തീയതി 28-1-2012)

## പദ്ധതി നിർവ്വഹണ അവലോകന സംവിധാനം പരിഷ്ക്കരിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണ അവലോകന സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗരേഖ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. (സ.ഉ.(എം.എസ്.)23/2012/തസ്വഭവ, തീയതി 4.02.12)

## എൻഡോസൾഫാൻ ദുരിതബാധിതരുടെ ഭവനനിർമ്മാണം

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ഭവന നിർമ്മാണ ഗുണഭോക്താക്കളുടെ എണ്ണം 44 ആയി ഉയർത്തുന്നതിനും ഇതുകൊണ്ടുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യതയായ 60 ലക്ഷം രൂപ 2012-13 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവായി.

(സ.ഉ.(സാധാ) നം. 422/2012/തസ്വഭവ, തീയതി 10.2.12)

## തൊഴിലുറപ്പ് പദ്ധതിയിൽ റോഡ് നിർമ്മാണ പ്രവൃത്തിയും ഏറ്റെടുക്കാം

ആകെ പ്രവൃത്തികളുടെ 10 ശതമാനം തുക മാത്രമേ റോഡ് നിർമ്മാണത്തിനായി ചെലവഴിക്കാൻ കഴിയുകയുള്ളു എന്ന സർക്കാർ ഉത്തരവിനും (16.12.2006ലെ സ.ഉ. (കൈ) നമ്പർ 287/2006/തസ്വഭവ) കേന്ദ്ര സർക്കാരിന്റെ 18.10.2011ലെ ജെ. 11060/1/2011 എം.ജി.എൻ.ആർ.ഇ.ജി.എ1. നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻകീഴിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവായി. (സ.ഉ.(സാധാ) നം. 334/2012/തസ്വഭവ, തീയതി 2.2.2012)

## ഗ്രാമപഞ്ചായത്തു റോഡുകൾ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

കേരള പഞ്ചായത്ത് രാജ് ആക്ട് 220 (b) വകുപ്പിന്റെ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തു റോഡുകൾ വിജ്ഞാപനം ചെയ്യുമ്പോൾ, 1996 ലെ കേരള പഞ്ചായത്ത് രാജ് (വിജ്ഞാപനമോ, നോട്ടീസോ പരസ്യപ്പെടുത്തേണ്ട രീതി) ചട്ടങ്ങൾ ചട്ടം 4ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാൽ മതിയാകും. കൂടാതെ വിജ്ഞാപനം സംബന്ധിച്ച നോട്ടീസ് പഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം.

സർക്കുലർ നമ്പർ 46689/ആർ.ഡി. 1/2011/തസ്വഭവ, തീയതി 10.1.2012

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.





ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033